

# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

MAY 2017

83 YEARS OF PUBLICATION 1934-2017

# ജൂബിലി ആഘോഷിക്കുന്ന വൈദികർ

## സുവർണ്ണ ജൂബിലി



ഫാ. ജോർജ്ജ് ചിറമ്മൽ



ഫാ. ജോസ് ചിറ്റിലപ്പിള്ളി (പാലക്കാട്)



ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ



ഫാ. ആന്റണി തേക്കാനത്ത്



ഫാ. ജോർജ്ജ് തേറാട്ടിൽ



ഫാ. ആന്റണി തോട്ടാൻ

## രജത ജൂബിലി



ഫാ. റാഫേൽ ആക്കാമറ്റത്തിൽ



ഫാ. സെബി ചിറ്റിലപ്പിള്ളി



ഫാ. ജോവി കുണ്ടുകുളങ്ങര



ഫാ. ജോയ് മൂക്കൻ



ഫാ. ഡേവിസ് പനംകുളം



ഫാ. ലാസർ താണിക്കൽ



ഫാ. പോൾസൺ തട്ടിൽ

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 84
മെയ് 2017
ലക്കം : 5

*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Nysson Alanthanath**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325,
2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## ഈ ലക്കത്തിൽ


- ❖ സർക്കുലർ 5
- ❖ കച്ചേരികാര്യം 19
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ -മെയ് 23
- ❖ സഹായമെത്രാന്റെ പരിപാടികൾ - മെയ് 25
- ❖ നാളാഗമം 27
- ❖ പാസ്റ്ററൽ കൗൺസിൽ 32
- ❖ നാമകരണ നടപടികൾ 36
- ❖ സാമ്പത്തിക കാര്യാലയം 39
- ❖ വൈദികർ 42
- ❖ സന്യസ്തർ 44
- ❖ സ്ഥാപനങ്ങൾ 48
- ❖ സാന്ത്വനം 67
- ❖ സംഘടനകൾ 74

835/2017 C- 5
19.04.2017

## സർക്കുലർ

യേശുവിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

മെയ് മാസത്തിൽ നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തെ പ്രത്യേകമായ വിധത്തിൽ വണങ്ങുന്നതിന് സഭാമാതാവ് നമ്മോട് ആഹ്വാനം ചെയ്യുന്നു. പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. പരിശുദ്ധ അമ്മയ്ക്കായി പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. അതിരൂപതയ്ക്ക് നിങ്ങൾ ചെയ്യുന്ന സേവനങ്ങൾക്ക് ഈയവസരത്തിൽ ഞാൻ പ്രത്യേകം നന്ദി പറയുന്നു. അതിരൂപതയിൽ അടുത്തു നടക്കുവാൻ പോകുന്ന ചില സുപ്രധാനമായ പരിപാടികൾ നിങ്ങളെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. പ്രസ്തുത പരിപാടികളുടെ വിജയത്തിന് നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു

**അതിരൂപതാദിനം**

നമ്മുടെ അതിരൂപത സ്ഥാപിതമായിട്ട് ഈ മെയ് 20ന് 130 വർഷം തികയുകയാണ്. അന്നേ ദിവസം അതിരൂപതയ്ക്കുവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കണം. ഈ വർഷത്തെ അതിരൂപതാദിനാഘോഷം പുതുക്കാട് ഫൊറോന പള്ളിയിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചക്ക് 2 മണിവരെ നടത്തപ്പെടുന്നു. അതിരൂപതാദിനാഘോഷ പരിപാടികളിലേക്ക് വൈദികർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സന്യാസഭവനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, പുതുക്കാട് ഫൊറോനയിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട വ്യക്തികൾ തുടങ്ങിയവരെ പ്രത്യേകം ക്ഷണിക്കുന്നു.

**മെഡ്ലിക്കോട്ട് പിതാവിന്റെ ചരമശതാബ്ദി**

നമ്മുടെ അതിരൂപതയുടെ പ്രഥമ സാരഥിയും ശില്പിയുമായ മാർ അഡോൾഫ് മെഡ്ലിക്കോട്ട് പിതാവിന്റെ ചരമശതാബ്ദി വർഷം അടുത്ത് വരുന്ന മെയ് 4ന് ആരംഭിക്കുകയാണ്. ദീർഘ വീക്ഷണത്തോടെ നമ്മുടെ അതിരൂപതയ്ക്ക് രൂപവും ഭാവവും നൽകിയ മെഡ്ലിക്കോട്ട് പിതാവിനെ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. ചരിത്രപണ്ഡിതനായ ഈ പിതാവിനെക്കുറിച്ചുള്ള ഒരു ചരിത്ര കോൺഫ്രൻസ് മെയ് 8ന് രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 12. 30 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നു. പ്രസ്തുത കോൺഫ്രൻസിലേക്ക് എല്ലാ വൈദികരെയും സന്യാസ്ത ഭവനങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഇടവക പ്രതിനിധികളേയും സ്വാഗതം ചെയ്യുന്നു.

**മെയ്ദിനം**

തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളായ മെയ് 1 സമുചിതമായി ആഘോഷിക്കാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു. മെയ്ദിന പരിപാടികൾ പുതുക്കാട് ഇടവ കാർത്തിയിലാണ് ആഘോഷിക്കുന്നത്. മെയ് 1നു തന്നെയാണ് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവും (1973) ഞാനും (2004) മെത്രാന്മാരായി അഭിഷിക്തരായത്. ഞങ്ങൾക്കുവേണ്ടിയും അന്നേ ദിവസം പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ജന്മ-ചരമദിനങ്ങൾ**

പാവങ്ങളുടെ പിതാവായ കുണ്ടുകുളം പിതാവ് ജനിച്ചിട്ട് 29.09.2017ന് നൂറ് വർഷം തികയുന്നു. ഏപ്രിൽ 26നാണ് പിതാവിന്റെ ചരമദിനം (1998). പിതാവിനെ ഓർക്കാനും പ്രാർത്ഥിക്കാനുമുള്ള അവസരമാണിത്. ജന്മശതാബ്ദിയെ കുറിച്ചുള്ള വിശദമായ പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.

**അതിരൂപതാ അസംബ്ലി**

അതിരൂപതാ അസംബ്ലിക്ക് ഒരുക്കമായ സർവ്വേ ഫോമുകൾ പൂരിപ്പിച്ചു അയയ്ച്ചു സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

സർവ്വേ ഫലങ്ങൾ കണക്കിലെടുത്ത് പ്രാദേശിക തലങ്ങളിൽ നവീകരണ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തുകെണ്ട് സഭയുടെ ശൈലിയും പ്രവർത്തനങ്ങളും കാലാനുസൃതമായ മാറ്റങ്ങൾക്ക് അനരൂപപ്പടുത്തുവാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

**എക്സെൽ**

മേരിമാത സെമിനാരിയിൽ പ്രവർത്തിക്കുന്ന പറോക് എന്ന ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ സർവ്വേ ഫല ങ്ങൾ സാമൂഹ്യതലത്തിലെ പ്രതിസന്ധികളെ കുറിച്ചുള്ള പല മുന്നറിയിപ്പുകളും നമുക്ക് തരുന്നുണ്ട്. കുട്ടികളുടെ (പ്രത്യേകിച്ച് പെൺകുട്ടികളുടെ) എണ്ണത്തിലുള്ള കുറവ്, ഉന്നതവിദ്യാഭ്യാസ രംഗത്തിലെ പിന്നോക്കാവസ്ഥ, സർക്കാർ ജോലിക്കാരുടെ എണ്ണ ത്തിലുള്ള കുറവ്, പൊതുസമൂഹത്തിൽ നിന്നും പിന്തള്ളപ്പെടുന്ന അവസ്ഥ, കുടുംബ തകർച്ച എന്നിവ നമ്മെ ഭയപ്പെടുത്തുന്നു. സമൂഹത്തിന്റെ നേതൃത്വനിരയിലേക്ക് കുട്ടികളെ വളർത്തുന്നതിന് ലക്ഷ്യം വച്ചുകൊണ്ടു ആരംഭിച്ചിരിക്കുന്ന എക്സെൽ പരിപാടി കുട്ടികളെ പങ്കെടുപ്പിക്കുവാൻ ബന്ധപ്പെട്ടവർ നേതൃത്വം കൊടു ക്കുമല്ലോ.

**ചർച്ച് ബിൽ - ക്രൈസ്തവർക്കെതിരെയുള്ള നീക്കങ്ങൾ**

ലോകത്തിൽ പല ഭാഗങ്ങളിലും ക്രൈസ്തവർ ഇന്ന് പീഡിപ്പി ക്കപ്പെടുന്ന സമൂഹമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നാം ഒറ്റ ക്കെട്ടായ് നില്ക്കുകയും പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവർക്കു വേണ്ടി പ്രാർത്ഥിക്കുകയും വേണം. കേരളത്തിൽ ക്രൈസ്തവ രുടെ പള്ളികൾ, സ്ഥാപനങ്ങൾ, മഠങ്ങൾ, ആശുപത്രികൾ, സെമി നാരികൾ തുടങ്ങിയവയുടെ സ്വത്തുകൾ സർക്കാർ നിശ്ചയിക്കുന്ന സമിതി നിയന്ത്രിക്കുന്നതിനുള്ള ചർച്ച് ബിൽ കൊണ്ടു വരുന്ന തിന് ചില നീക്കങ്ങൾ നടക്കുന്നതായി മനസ്സിലാക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്കും മതസ്വാതന്ത്ര്യത്തിനുമെതിരെ നടക്കുന്ന ഇത്തരത്തിലുള്ള നീക്കങ്ങൾക്കെതിരെ നാം ജാഗരൂകരായിരിക്കേ ണ്ടിയിരിക്കുന്നു. മാത്രമല്ല, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ

ചില പുതിയ നീക്കങ്ങളിൽ നാം ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും വിദ്യാഭ്യാസപ്രവേശനവുമായി ബന്ധപ്പെട്ട ചില നീക്കങ്ങളും നടപടികളും (ഉദാ. മെഡിക്കൽ പ്രവേശനം) ഭരണഘടന ഉറപ്പുവരുത്തിയ ന്യൂനപക്ഷ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതിനു കാരണമായിത്തീരുന്നതായി മനസ്സിലാക്കുന്നു.

**സാന്ത്വനം ഇൻഷുറൻസ് പദ്ധതി**

സാധാരണക്കാരും പാവപ്പെട്ടവരുമായിട്ടുള്ളവർക്കുവേണ്ടി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നു. 4 അംഗങ്ങളുള്ള കുടുംബത്തിനു 400+60 (ടാക്സ്) = 460 രൂപയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ജൂബിലി മിഷൻ ആശുപത്രിയിൽ ലഭിക്കുന്നതാണ്. ഇതിന്റെ ഫോമുകൾ സ്വാന്തനം ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നതാണ്. സാധിക്കുന്നത്ര പേരെ അംഗങ്ങളാക്കാൻ വികാരിമാരും സംഘടന-കുടുംബകൂട്ടായ്മ ഭാരവാഹികളും ശ്രമിക്കേണ്ടതാണ്.

ഏവർക്കും അതിരൂപതാദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2017 മെയ് 7ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

സർക്കുലർ

# കരുണട്രസ്റ്റ് - റൂബി ജൂബിലി

യേശുവിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ അതിരൂപതയിൽ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് 1977-ൽ, മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ കാലത്ത് ആരംഭിച്ചതാണ് കരുണട്രസ്റ്റ് എന്ന വിദ്യാഭ്യാസസഹായ പദ്ധതി. ഉദാരമതികളായ വ്യക്തികളിൽ നിന്നു ലഭിക്കുന്ന നിശ്ചിതസഹായസംഖ്യ സ്ഥിരനിക്ഷേപമായി ബാങ്കിൽ നിക്ഷേപിച്ച് അതിൽ നിന്ന് ലഭിക്കുന്ന പലിശകൊണ്ടാണ് സാമ്പത്തികസഹായങ്ങൾ നൽകി വരുന്നത്. ഇടവകവികാരിയുടെ ശിപാർശയോടെ വർഷം തോറും നൂറോളം വിദ്യാർത്ഥികളെയാണ് ഇപ്പോൾ സഹായിച്ചു വരുന്നത്. ഇനിയും ധാരാളം വിദ്യാർത്ഥികളെ സഹായിക്കേണ്ടതുണ്ട്.

കരുണട്രസ്റ്റ് രൂപീകൃതമായതിന്റെ റൂബി ജൂബിലി ഈ വർഷം ആഘോഷിക്കുകയാണ്. സമൂഹത്തിലെ പാവപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കരുണട്രസ്റ്റ് വഴി കൂടുതൽ വിദ്യാർത്ഥികളെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സഹായിക്കുവാനുള്ള അവസരമായി ഈ റൂബി ജൂബിലി മാറ്റണമെന്ന് ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിശ്ചിതസംഖ്യ സംഭാവനയായി നൽകി ഈ ട്രസ്റ്റിൽ അംഗമാകാനും അതുവഴി പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കാനും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. നിങ്ങളുടെ നല്ല മനസ്സിനെ ദൈവം അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB : ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങളെ അറിയിക്കേണ്ടതാണ്.

Ref: 3009/K-5/
KCBC/OL/DS
27.3.2017

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2017

മിശിഹായിൽ പ്രിയപ്പെട്ടവരേ,

1. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും, തൊഴിലാളി ദിനമായി ആചരിക്കുന്ന മെയ്ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

**എന്താണ് തൊഴിൽ?**

2. ലോകത്തെ പൂർണതയിലേക്കു നയിക്കാൻ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വിലമതിക്കാനാകാത്ത ദാനമാണ് അദ്ധ്വാനശേഷി. കായികശേഷിയും ചിന്താശേഷിയും സർഗശേഷിയും സമന്വയിപ്പിച്ച് മനുഷ്യൻ നടത്തുന്ന പ്രവൃത്തികളാണു മാനവസമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്നത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതി കൈവരുത്തുന്ന ഉപാധിയും തൊഴിൽ തന്നെയാണ്. തിരുസ്സഭയുടെ സംരക്ഷകൻ എന്ന വിശിഷ്ട സ്ഥാനം തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പിതാവിന് തിരുസ്സഭ നല്കി വണങ്ങുന്നത് (1870, ഒമ്പതാം പീയൂസ് പാപ്പ) ഈ പശ്ചാത്തല ത്തിലാണ്. തൊഴിലാളികുടുംബത്തിൽ ജനിച്ച് (മത്താ. 13:55), തൊഴിലാളിയായി ജീവിതംനയിച്ച് (മർക്കോ 6:3), പരസ്യ ജീവിതത്തിൽ തൊഴിലാളികളെ കൂട്ടുചേർത്ത് (മാർക്ക് 1:16-20) സമഗ്രവിമോചനത്തിന്റെ സദ്വാർത്ത ലോകംമുഴുവൻ എത്തിക്കാൻ യേശുവിന് സാധിച്ചു. അതിനാൽ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സംരക്ഷകൻ താൻതന്നെയാണെന്ന തിരിച്ചറിവും, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അദ്ധ്വാനിക്കുന്നവരോടൊപ്പംചേർന്ന് ക്രിസ്തുവിന്റെ വിമോചനദൗത്യം പൂർത്തിയാക്കുകയാണ് തന്റെ ദൗത്യമെന്ന അവബോധവുമാണ് ഓരോ തൊഴിലാളി ദിനാഘോഷത്തിൽ നിന്നും നാം സ്വന്തമാക്കേണ്ടത്.

**മെയ്ദിനം എന്ത്?**

3. മനുഷ്യർക്ക് തെല്ലും പ്രാധാന്യംനല്കാതെ അവരുടെ അധ്വാനശേഷിയെ പരമാവധി പ്രയോജനപ്പെടുത്തി ലാഭം വർദ്ധിപ്പിച്ച് ധനശേഷി കൂട്ടാൻ വ്യവസായ ഉടമകൾ പ്രകടമാക്കിയ ആർത്തിക്കെതിരേയാണ് 1886-ൽ ചിക്കാഗോയിൽ തൊഴിലാളികൾ സംഘടിച്ചത്. തൊഴിലാളികൾക്ക് മനുഷ്യരായി ജീവിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടമായിരുന്നു അത്. ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും കുരുക്കുകൾ പൊട്ടിക്കാൻ തൊഴിലാളികൾ നടത്തിയ ചിക്കാഗോ സമരത്തിന്റെ സ്മരണയായിട്ടാണു മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിച്ചു വരുന്നത്.

**തൊഴിലും സഭാപ്രബോധനങ്ങളും**

4. വ്യവസായ വിപ്ലവത്തിന്റെ ഫലമായി രൂപംകൊണ്ട അതികഠിനമായ സാമൂഹിക സാഹചര്യങ്ങളെ അതിജീവിക്കാൻവേണ്ടി തൊഴിലാളി സമൂഹത്തെ ശക്തിപ്പെടുത്താനായിരുന്നു ഭാഗ്യസ്മരണാർഹനായ ലിയോ പതിമൂന്നാമൻ പാപ്പ 1891-ൽ 'റേരും നൊവാരും' എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചത്. തിരുസ്സഭ എന്നും തൊഴിലാളികൾക്കൊപ്പമാണ് എന്ന ഒരു പ്രഖ്യാപനവുമായിരുന്നു അത്. അന്താരാഷ്ട്ര തൊഴിൽസംഘടന (ഐ.എൽ.ഒ.) ഉൾപ്പെടെ ദേശീയവും അന്തർദേശീയവും ആയ മിക്കവാറും എല്ലാ സംഘടനകളുടെയും, തൊഴിലാളിക്ഷേമത്തിനും അവകാശ സംരക്ഷണത്തിനായി ലോകമെങ്ങും പിന്നീട് രൂപംകൊണ്ടിട്ടുള്ള നിയമങ്ങളുടെയുമെല്ലാം പിന്നിലുള്ള മുഖ്യചാലകശക്തി 'റേരും നൊവാരും' തന്നെയാണ്. ലിയോ പതിമൂന്നാമൻ പാപ്പായ്ക്കുശേഷം തിരുസ്സഭയെ നയിച്ചിട്ടുള്ള എല്ലാ പരിശുദ്ധ പിതാക്കന്മാരും തങ്ങളുടെ പ്രബോധനങ്ങൾവഴിയും ഇടപെടലുകൾവഴിയും തൊഴിലാളികൾക്കു വേണ്ടി ശക്തമായി നിലകൊണ്ടവരാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പായാകട്ടെ, നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങൾക്കുമൊപ്പം തന്റെ പ്രബോധനങ്ങൾവഴിയും അതിലേറെ തന്റെ ജീവിതവും സ്വാധീനവുംവഴിയും അനിതരസാധാരണമായ ചൈതന്യത്തോടെ നിലകൊള്ളുന്നു.

## അസംഘടിത തൊഴിലാളികൾ: ഒരു അവലോകനം

5. നമ്മുടെ രാജ്യത്തിലെ മൊത്തം തൊഴിൽ ശക്തി നാല്പത്തൊമ്പത് കോടിയോളം വരും. ഇതിൽ 94 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമല്ലാത്ത അസംഘടിത തൊഴിലാളികളാണ്. കേരളത്തിൽ വിവിധകാലങ്ങളിലെ സർക്കാരുകൾ അസംഘടിത തൊഴിലാളികൾക്കായി രൂപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷനുകളും ക്ഷേമനിധിഫണ്ടുകളും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ആശാവഹമായ സുരക്ഷാബോധം നല്കുന്നുണ്ട്. ഏറെ കാലമായി ട്രെയ്ഡ് യൂണിയനുകളും കെ.എൽ.എം. ഉം നിരന്തരമായി ആവശ്യപ്പെട്ടുവരുന്ന പല കാര്യങ്ങളിൽ ഒന്നായ ക്ഷേമപെൻഷനുകൾ ചുരുങ്ങിയത് 1000 രൂപയാക്കിയതും, വർഷം തോറും 100 രൂപയുടെ വർദ്ധനവ് നടത്താമെന്ന വാഗ്ദാനം പാലിച്ച് ബഡ്ജറ്റിൽ ഈ വർഷം തന്നെ ഉൾപ്പെടുത്തിയതും കേരള സർക്കാരിന്റെ ശ്ലാഘനീയവും ആശാവഹവുമായ പ്രവൃത്തിയാണ്. വിലക്കയറ്റം, അഴിമതി, രാഷ്ട്രീയ വർഗീയ വിവേചനം, കോർപ്പറേറ്റ് മേഖലകളുടെ അഭൂതപൂർവ്വമായ വളർച്ച മുതലായവയിലൂടെ ഇന്നത്തെ തൊഴിലാളികൾ പ്രത്യേകിച്ച്, അസംഘടിത തൊഴിൽമേഖലയിലുള്ളവർ ഏറെ കഷ്ടതകൾ നേരിടുന്നു. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം തൊഴിലാളികളെ തളർത്തിയിരിക്കുന്നു. ഈ അവസരത്തിൽ ഇരുട്ടടിയായിട്ടാണ് പുതിയ റേഷൻ സമ്പ്രദായം നിലവിൽ വരുന്നത്. അസംഘടിത മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളും ഗാർഹികത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമെല്ലാം ഇതിലൂടെ റേഷൻസമ്പ്രദായത്തിനു പുറത്തായിരിക്കുന്നു. നോട്ടു നിരോധനത്തിലൂടെ തകർന്നടിഞ്ഞ തൊഴിൽമേഖല വറചട്ടിയിൽനിന്നും എരിതീയിലേക്ക് എന്ന അവസ്ഥയിൽ എത്തപ്പെട്ടിരിക്കുന്നു. രാജ്യത്തെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 60 ശതമാനം അസംഘടിത മേഖലയുടെ സംഭാവനയാണ്. എന്നിട്ടും മനുഷ്യോചിതമായി കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിഫലം, ഗ്രാന്റുകൾ, അലവൻസുകൾ, പെൻഷൻ, വിശ്രമം, ചികിത്സാനുകൂല്യം, ആരോഗ്യപരമായ തൊഴിൽ സാഹചര്യം തുടങ്ങിയവയെല്ലാം നിഷേധിക്കപ്പെട്ട് ആ മേഖലയിലുള്ളവർ പാർശ്വവത്ക്കരിക്കപ്പെട്ടവരും ദരിദ്രരുമായി മാറിയിരിക്കുന്നു. രാജ്യത്തെ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ അസംഘടിത തൊഴിലാളികൾക്ക്

ജനസംഖ്യാനുപാതികമായി വേണ്ടത്ര വകയിരുത്തലുകൾ ഉണ്ടാകുന്നില്ല.

6. രാഷ്ട്രം വേഗത്തിൽ വളരുന്നുണ്ടെങ്കിലും വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വിതരണം ചെയ്യപ്പെടുന്നില്ല എന്നാണു സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കുന്നത്. സ്വത്തിന്റെ വലിയ തോതിലുള്ള കേന്ദ്രീകരണം ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നർ രാജ്യത്തെ മുഴുവൻസ്വത്തിന്റെയും 58.4 ശതമാനവും കയടക്കിയിരിക്കുന്നു *(ഓക്സ്ഫാം റിപ്പോർട്ട് 2016).* പൊതുസ്വത്ത് തട്ടിയെടുത്ത് രാജ്യം വിടുന്നവരും ലക്ഷം കോടികളുടെ നികുതിയിളവ് നേടിയെടുക്കുന്ന കോർപ്പറേറ്റുകളും പണത്തിന്റെ ബലത്തിൽ നിയമത്തെയും അധികാരികളെയും കൂടെനിർത്തുന്ന സമ്പന്നരും സ്വത്ത് വാരികൂട്ടി നിറയ്ക്കുമ്പോൾ അതിൽനിന്നും വീഴുന്നവ കൊണ്ടുമാത്രം വിശപ്പടക്കേണ്ട ഗതികേടിലേക്ക് ഈ രാജ്യത്തെ അടിസ്ഥാന തൊഴിലാളി സമൂഹം നിപതിച്ചിരിക്കുന്നു. ആയിരക്കണക്കിനു കോടിരൂപയുടെ വായ്പയെടുത്ത് മനഃപൂർവം തിരിച്ചടക്കാത്ത വൻകിടക്കാരുടെ പേരുവിവരങ്ങൾ സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുപോലും ലഭ്യമാക്കാത്ത അധികാരികൾ പതിനായിരങ്ങൾ കടമെടുത്തിട്ട് പരാധീനതകൾമൂലം തിരിച്ചടക്കാനാകാത്ത സാധാരണക്കാരെ ജപ്തിയും സർഫാസി നിയമവും കുടിയിറക്കലും പ്രയോഗിച്ച് കഷ്ടത്തിലാക്കുന്നത് യാതൊരു തരത്തിലും ന്യായീകരിക്കാനാകില്ല. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ ആജ്ഞാനുവർത്തികളാക്കി തൊഴിലാളി യൂണിയനുകളെ മാറ്റിയതിനാൽ പ്രതിരോധത്തിന്റെ പ്രതീക്ഷയും നഷ്ടമായിരിക്കുന്നു. കേന്ദ്ര ട്രെയ്ഡ് യൂണിയനുകൾ കൂടുതൽ ഉത്തരവാദിത്വത്തോടെ ചുമതലകൾ നിർവഹിക്കാൻ തയ്യാറാകാൻ ഇത്തരുണത്തിൽ ആഹ്വാനംചെയ്യുന്നു. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്കുവേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരണം.

**അസംഘടിതതൊഴിലാളികളും സഭയും**

7. അസംഘടിത തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിതത്വത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറേണ്ടതുണ്ട്.

കെ.സി.ബി.സി. തൊഴിൽ കാര്യ കമ്മീഷന്റെ കീഴിലുള്ള കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം ഇതിനായി എല്ലാ രൂപതകളിലും ഊർജ്ജിതമാക്കണം. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ തൊഴിലാളി സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ അംഗസംഘടനയാണു കെ.എൽ.എം. എല്ലാ ഇടവകകളിലും കെ.എൽ.എം. യൂണിറ്റുകൾ സമയബന്ധിതമായി രൂപീകരിക്കണം. തൊഴിലാളി ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കാനായി പ്രേഷിത ചൈതന്യവും സമർപ്പണബുദ്ധിയും നേതൃത്വപാടവവുമുള്ള അല്മായരെ കണ്ടെത്തി പരിശീലനം നല്കണം. വൈദികരും സന്ന്യസ്തരും തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണം. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. നിർമ്മാണത്തൊഴിലാളി, തയ്യൽതൊഴിലാളി, ഗാർഹികത്തൊഴിലാളി, മത്സ്യത്തൊഴിലാളി, മോട്ടോർ വാഹന തൊഴിലാളി, കർഷകത്തൊഴിലാളി, ചെറുകിടതോട്ടം തൊഴിലാളി, പീടികത്തൊഴിലാളി എന്നീ ഫോറങ്ങളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഇവയിലൂടെ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പരിശീലനങ്ങളും സഹായങ്ങളും കെ.എൽ.എം. നല്കിവരുന്നു. അസംഘടിതതൊഴിലാളികൾക്ക് സർക്കാർ നല്കുന്ന സാമൂഹിക സുരക്ഷാ അംഗത്വം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാക്കുവാനായി വിവിധ തൊഴിലാളി ഫോറങ്ങൾ വഴി സാധിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച തൊഴിൽ വിഭാഗങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും ഇടവകകളും ഏറ്റെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

8. സഭയുടെ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും തൊഴിൽ ചെയ്യുന്നവർക്ക് നിലവിലെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങളെ അതിജീവിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ അനുകമ്പാപൂർണമായ മനോഭാവത്തോടെ സൃഷ്ടിച്ചുനല്കാൻ കഴിയണം. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് അനുസൃതമായാണു സഭയിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കണം.

ഇക്കാര്യവുമായി ബന്ധപ്പെട്ടാണു കെ.സി.ബി.സി. പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷനും സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച ഒരു മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. സഭാസ്ഥാപങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്ന തിനുമുള്ള ഒത്താശകൾ നല്കാൻ കെ.എൽ.എം.നെയാണു കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത്. എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും ഇക്കാര്യത്തിൽ വേണ്ട നടപടികൾ താമസം വിനാ സ്വീകരിക്കുന്നത് നീതിയെ സംബന്ധിച്ച് സാരാംശപരമാണ്. നമ്മുടെ നാടിന്റെ സാമ്പത്തിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്ന ഒരു വിഭാഗമാണ് സ്വകാര്യമേഖലയിലെ സംരംഭകരും വിവിധ തൊഴിൽ ദാതാക്കളും. അവരുടെകൂടെ ജോലി ചെയ്യുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും പരിഗണിക്കുന്നതും, ജീവിതകാലംമുഴുവൻ സ്ഥാപനത്തിന്റെ ഭൗതികവളർച്ചയ്ക്കായി അധ്വാനി ക്കുകയും ജീവിതം നഷ്ടപ്പെടുത്തുകയുംചെയ്യുന്ന തൊഴിലാളികളുടെ വാർദ്ധക്യകാല സാഹചര്യങ്ങളിലും സുരക്ഷയേകുന്ന രീതിയിൽ വേതനവും മറ്റ് തുടർആനുകൂല്യങ്ങളും നിശ്ചയിച്ചു നല്കണം.

**ഇതരസംസ്ഥാനത്തൊഴിലാളികൾ**

9. കേരളത്തിൽ ഏകദേശം മുപ്പതുലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ജോലിയെടുക്കുന്നു എന്നാണ് കണക്ക്. ഇവരോട് കുറച്ചുകൂടി അനുകമ്പാപരമായ സമീപനം കേരള സമൂഹം സ്വീകരിക്കേണ്ടതുണ്ട്. ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വിഭാഗം തൊഴിലാളികളുടെ അവകാശസംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ട് രജിസ്ട്രേഷൻ നടത്തുന്നതിനായി വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെയും കെ.എൽ.എം.ന്റെയും ആഭിമുഖ്യത്തിൽ ഒരു വെബ് പോർട്ടൽ (www.wifmdm.com) ദേശീയ തലത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എല്ലാ രൂപതകളിലും വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുകയും ഈ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**സമഗ്രവീക്ഷണം**

10. വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവുകയില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തിക വളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്: വരുമാനത്തിന്റെ കൂടുതൽ നല്ല വിതരണം, തൊഴിലിനുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ഒരു ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കു വേണ്ടിയുള്ളതുമായ ഒരു സമഗ്ര വളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ് *(ഫ്രാൻസിസ് പാപ്പ, സുവിശേഷ ത്തിന്റെ സന്തോഷം, 204).* ഇന്ന് വളർന്നുവന്നിരിക്കുന്ന അസമത്വം ദുരീകരിച്ചാൽമാത്രമേ നീതിയും സമാധാനവും സാധ്യമാകൂ. ഇതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിനായി രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി എന്നിവ സൗജന്യമായോ പങ്കാളിത്തത്തോടെയോ നടപ്പിലാക്കണം. ഈ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ കൂടുതൽ ലളിതവും ആകർഷകവുമാക്കേണ്ടതുണ്ട്. എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കാനുള്ള പദ്ധതിക്ക് രൂപംനല്കാൻ സർക്കാർ മുൻകൈ എടുക്കണം. പണമുള്ളവർമാത്രം ഉന്നത വിദ്യാഭ്യാസം നേടുന്ന നിലവിലെ സാഹചര്യം അസംഘടിത തൊഴിലാളിയുടെ കുട്ടികളുടെ ഉപരി പഠനം അസാധ്യമാക്കുന്നു. ഇതിനെ അതിജീവിക്കാൻ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സംവരണവും സ്കോളർഷിപ്പും നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം. ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നതിനുപകരം പ്രതിസന്ധികളെ അതിജീവിക്കാൻ തക്കവിധം സഹായങ്ങൾ വർദ്ധിപ്പിക്കണം. മുഖ്യധാര ട്രേഡ് യൂണിയനുകൾ അമിത രാഷ്ട്രീയ അടിമത്വം വെടിഞ്ഞ് തൊഴിലാളിപക്ഷത്തുനിന്ന് നിലപാടുകൾ സ്വീകരിക്കണം.

11. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരമായിമാത്രം തൊഴിലാളിദിനത്തെ പരിമിതപ്പെടുത്തരുതെന്നാണ് തൊഴിലാളികളോട് അഭ്യർത്ഥിക്കാനുള്ളത്. ഓരോ തൊഴിലാളിയും തങ്ങളുടെ തൊഴിൽ

സത്യസന്ധതയോടെ നിർവഹിക്കേണ്ടതുണ്ടെന്നു മറക്കരുത്. കർഷകൻ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഏവരും ഏതു സാഹചര്യങ്ങളിലും ജീവിതാവസ്ഥയിലും അവർ ചെയ്യുന്ന തൊഴിലുകളെ അഭിമാനത്തോടെ ഏറ്റുപറയാൻ സന്നദ്ധരുമാകണം. വിഭവങ്ങളുടെ മിതമായ വിനിയോഗം, സ്ഥാപനത്തിന്റെ സുസ്ഥിതി, തൊഴിൽദാതാവിനോടുള്ള ആദരം, ഏറ്റെടുത്ത തൊഴിലിന്റെ ഗുണപരവും സമയ ബന്ധിതവുമായ പൂർത്തീകരണം എന്നിവയും തൊഴിലാളിയുടെ കടമയാണെന്ന കാര്യം മറക്കരുത്. കൂടാതെ പ്രതിസന്ധിനിറഞ്ഞ സാഹചര്യങ്ങളെ അതിജീവിക്കാൻ സ്വയം കരുത്താർജ്ജിക്കുകയും ലഭ്യമാകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. വിളക്കിൽ എണ്ണകരുതാതിരുന്ന സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടാതെ പോയതായ ഉപമ സുവിശേഷത്തിൽ നാം വായിക്കുന്നു (മത്താ 25: 112). സാഹചര്യങ്ങൾ മുന്നിൽകണ്ട് കരുതൽ എടുക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതിലൂടെ നാം മനസ്സിലാക്കേണ്ടത്. ക്ഷേമനിധികൾ, പെൻഷൻ സ്കീമുകൾ, ഇൻഷുറൻസ് പദ്ധതികൾ, സ്വയം സഹായ സംഘങ്ങളിലൂടെയുള്ള ശക്തീകരണപ്രവർത്തനങ്ങൾ തുടങ്ങിയവയിലുള്ള പങ്കാളിത്തത്തിലൂടെ കരുതലെടുക്കേണ്ടതും, തന്റെ തൊഴിൽമേഖലയിൽ പ്രാവീണ്യവും വൈദഗ്ദ്യവും വർദ്ധിപ്പിക്കാൻ പരിശീലനങ്ങൾ നേടേണ്ടതും ഓരോ തൊഴിലാളിയുടെയും കടമയാണ്. ഐ.ടി. മേഖല പോലുള്ള ആധുനിക തൊഴിൽസാഹചര്യങ്ങളിൽ വ്യക്തിജീവിതവും കുടുംബംപോലും അവഗണിച്ചുള്ള അധ്വാനരീതികളും അപകടവും ശ്രദ്ധാപൂർവ്വം പരിഹരിക്കപ്പെടേണ്ടതുമാണ്.

12. തൊഴിലാളിയും തൊഴിൽദാതാവും തങ്ങളുടെ അവകാശങ്ങളെയും കടമകളെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായിക്കണ്ട് പരസ്പര സഹകരണത്തിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കണം. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വയ്ക്കാൻ സർക്കാരും ഭരണാധികാരികളും സ്ഥാപന ഉടമകളും തയ്യാറാകണം. പണത്തെക്കാളും ലാഭത്തെക്കാളും മൂല്യവും മഹത്ത്വവും തൊഴിലിനും തൊഴിലിന്റെ ഉടമയായ മനുഷ്യനും നല്കണം. കാരണം, തൊഴിലിലല്ല മഹത്വം അടങ്ങിയിരിക്കുന്നത്; അതു ചെയ്യുന്ന മനുഷ്യനിലാണ്.

13. തൊഴിലാളിദിനത്തിന്റെ ആശംസകളും വിശുദ്ധ യൗസേഫിന്റെ മാധ്യസ്ഥ്യവും പ്രാർത്ഥനകളും ഒരിക്കൽ കൂടി നേരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈക ദൈവത്തിന്റെ അനുഗ്രഹവും കൃപയും നിങ്ങൾ ഏവരോടുംകൂടെ ഉണ്ടാകട്ടെ.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)
**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)
**ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2017 ഏപ്രിൽ 23-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

പ്രിയരെ,

ഈ വർഷത്തെ (2017) അന്താരാഷ്ട്ര തൊഴിലാളി ദിനാഘോഷ പരിപാടികൾ മെയ് 1 ന് തിങ്കളാഴ്ച രാവിലെ 9ന് പുതുക്കാട് ഇടവകയിൽ ശ്രീ. പി. ജി. പോൾസന്റെ ഉടമസ്ഥതയിലുള്ള പി. ജി. ഗോൾഡ് കവറിംഗ് കമ്പനിയിൽ വെച്ച് സംഘടിപ്പിക്കുന്നു. രാവിലെ 9 മണിക്ക് മെയ്ദിന റാലി, 9.30 ന് വി. കുർബാന, 11 മണിക്ക് പൊതുസമ്മേളനം എന്നിങ്ങനെ വിവിധ പരിപാടികളാണ് നടത്തപ്പെടുന്നത്. ഇത് നമ്മുടെ അതിരൂപതയിലെ അസംഘടിതരായ തൊഴിലാളികളുടെ സംഗമം കൂടിയായാണ് ഇത് ആചരിക്കുന്നത്. ആയതിനാൽ എല്ലാ തൊഴിലാളികളേയും മെയ്ദിനാഘോഷ പരിപാടികളിലേക്ക് എത്തിക്കുന്നതിന് ബഹുമാനപ്പെട്ട വികാരി അച്ചൻമാർ നേതൃത്വം നല്കണമെന്നും എല്ലാ തൊഴിലാളികളും തദവസരത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേരണമെന്നും സ്നേഹപൂർവം ഓർമപ്പെടുത്തുന്നു.




**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| മെയ് | 1 : | തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് |
| | 2 : | വി. അത്തനേഷ്യസ് |
| | 3 : | വി. പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ |
| | 5 : | ആദ്യവെള്ളി |
| | 6 : | വി. ഡൊമിനിക് സാവിയോ |
| | 7 : | **ഉയിർപ്പ് നാലാം ഞായർ** |
| | 13 : | വി. മത്തിയാസ് ശ്ലീഹാ |
| | 14 : | **ഉയിർപ്പ് അഞ്ചാം ഞായർ** |
| | 21 : | **ഉയിർപ്പ് ആറാം ഞായർ** |
| | 25 : | കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| | 28 : | **ഉയിർപ്പ് ഏഴാം ഞായർ** |
| | 31 : | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

**2. മെയ് മാസത്തെ പരിപാടികൾ**

| | | | | |
|---|---|---|---|---|
| മെയ് | 02 | : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 08 | : | | മാർ മെഡിലിക്കോട്ട് അനുസ്മരണ ദിനം |
| | 10 | | | മേജർ സെമിനാരിക്കാരുടെ കോൺഫ്രൻസ് |
| | 13 | : | 02:00 pm | വൈദികവസ്ത്രസ്വീകരണം |
| | 20 | : | | അതിരൂപതാദിനം |
| | 25 | : | 10:00 am | ആലോചനസമിതി യോഗം |

**3. മെത്രാഭിഷേക വാർഷികം:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേ ദിനം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി വി. കുർബാന മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാക്കന്മാർക്ക് അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു.

**4. വൈദികവസ്ത്ര സ്വീകരണം**

അതിരൂപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 13ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

**5. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

നമ്മുടെ അതിരൂപതയിൽ നിന്നും ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ, ഫാ. ആന്റണി തേക്കാനത്ത്, ഫാ. ജോർജ്ജ് തേറാട്ടിൽ, ഫാ. ആന്റണി തോട്ടാൻ, ഫാ. ജോർജ്ജ് ചിറമ്മൽ, ഫാ. ജോസ് ചിറ്റിലപ്പിള്ളി (പാലക്കാട്) എന്നിവർക്കും രജത ജൂബിലി ആഘോഷിക്കുന്ന ഫാ. റാഫേൽ ആക്കാമറ്റത്തിൽ, ഫാ. ഡേവിസ് പനംകുളം, ഫാ. സെബി ചിറ്റിലപ്പിള്ളി, ഫാ. പോൾസൺ തട്ടിൽ, ഫാ. ജോവി കുണ്ടുകുളങ്ങര, ഫാ. ലാസർ താണിക്കൽ, ഫാ. ജോയ് മൂക്കൻ എന്നിവർക്കും ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**5. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് പുതുക്കാട് ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**6. പാലയൂർ മഹാതീർത്ഥാടനം :**

ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി. ജനറൽ കൺവീനർ ഫാ. ജോയ്സൻ കോരേത്ത്, പാലയൂർ തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോസ് പുന്നോലിപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാവർക്കും വിവിധ കമ്മറ്റിയംഗങ്ങൾക്കും മറ്റു സഹായസഹകരണങ്ങൾ നൽകിയവർക്കും പ്രത്യേകിച്ച് എല്ലാ ബഹു. വൈദികർക്കും തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാ വിശ്വാസികൾക്കും പ്രത്യേകം നന്ദി.

**7. ഏഞ്ചലോസ് 2017 :**

അതിരൂപതയിൽ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കുള്ള സ്വീകരണം മെയ് 21 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മുതൽ 4:30 വരെ കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

**8. അഭിവന്ദ്യ അഡോൾഫ് മെഡിലിക്കോട്ട് പിതാവിന്റെ ചരമശതാബ്ദതി:**

അഭിവന്ദ്യ അഡോൾഫ് മെഡിലിക്കോട്ട് പിതാവിന്റെ ചരമശതാബ്ദതി അതിരൂപതാതല ആഘോഷം മെയ് 8 തിങ്കളാഴ്ച്ച രാവിലെ 9.30 മുതൽ 12.30

വരെ ഡി. ബി. സി. എൽ. സി. ൽ വെച്ച് നടത്തുന്നു. അതിരൂപതയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ വൈദികകരും അതിരൂപതയിലെ എല്ലാ സന്യസ്ത ഭവനങ്ങളിൽ നിന്നുള്ള സുപ്പീരിയർ/ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ/ കൈക്കാരന്മാരുടെ ഒരു പ്രതിനിധി, എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങ ൾ എന്നിവരാണ് പ്രത്യേകം പങ്കെടുക്കേണ്ടത്.

**9. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ജോൺ മുളക്കൽ | - ആക്ടിംഗ് വികാരി കാഞ്ഞാണി, ആക്ടിംഗ് വികാരി അരണാട്ടുകര ഒഴിവായി; സാധുത 2017 മാർച്ച് 15 മുതൽ. |
| 2. ഫാ. ലിറിൽ തളിയപറമ്പിൽ | - വികാരി കാഞ്ഞാണി ഒഴിവായി; സാധുത 2017 മാർച്ച് 15 മുതൽ. |
| 3. ഫാ. മാത്യു ചാക്കേരി | - സെന്റ് തോമസ് കോളേജിലെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവായി; സാധുത 2017 ഏപ്രിൽ 1 മുതൽ. |
| 4. വിൻസെന്റ് ആലപ്പാട്ട് | - റസിഡന്റ് പ്രൊഫസർ മേരിമാത മേജർ സെമിനാരി; സാധുത 2017 ജൂൺ 1 മുതൽ. |
| 5. ഫാ. സിജോ പുത്തൂർ | - പാസ്റ്ററൽ കെയർ അംഗം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി; സാധുത 2017 ഏപ്രിൽ 1 മുതൽ. |
| 4. ഡീ. ജബനേഷ് ലാസർ | - ഡീക്കൻ മിനിസ്ട്രി വേലൂർ; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 4. ഡീ. റിജോ മുണ്ടാണിശ്ശേരിൽ | - ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 5. ഡീ. അനീഷ് എടനാട് | - ഡീക്കൻ മിനിസ്ട്രി പുത്തൂർ; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 6. ഡീ. അനീഷ് തേലക്കാട്ട് | - ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 7. ഡീ. മനു അറക്കപറമ്പിൽ | - ഡീക്കൻ മിനിസ്ട്രി ചെവ്വൂർ; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 8. ഡീ. ജോസഫ് കൈതക്കുളത്ത് | - ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 9. ഡീ. സന്തോഷ് ഒറവന്തറ | - ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 10. ഡീ. മനു കൊന്തനാനിക്കൽ | - ഡീക്കൻ മിനിസ്ട്രി പേരാമംഗലം; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |

| | |
|---|---|
| 11. ഡീ. ലിയോ എടയാടിയിൽ | – ഡീക്കൻ മിനിസ്ട്രി പീച്ചി; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 12. ഡീ. ടോണി തെക്കുംപുറത്ത് | – ഡീക്കൻ മിനിസ്ട്രി പറവട്ടാനി; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 13. ഡീ. റെനാൾഡ് പുലിക്കോടൻ | – ഡീക്കൻ മിനിസ്ട്രി പാലക്കൽ; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 14. ഡീ. സിജോ കോട്ടക്കൽ | – ഡീക്കൻ മിനിസ്ട്രി പടവരാട്; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 15. ഡീ. വിനോയ് വാഴപ്പിള്ളി | – ഡീക്കൻ മിനിസ്ട്രി നെല്ലിക്കുന്ന്; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 16. ഡീ. ജസേബ് ഇഞ്ചക്കാട്ടുമനയിൽ | – ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 17. ഡീ. അരുൺ ചീരമറ്റത്തിൽ | – ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയമാത; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 18. ഡീ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | – ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |
| 19. ഡീ. സിജു പുളിക്കൻ | – ഡീക്കൻ മിനിസ്ട്രി അമലനഗർ; സാധുത 2017 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ. |

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# MAY




## മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Mon | Morning | K.L.M. diocesan meeting & Holy Mass at Puthukkad Parish |
| | | Evening | 10th anniversary celebration of Thangalur North parish church |
| 02 | Tue | Morning | Renewed Chapel Blessing at Nenmanikara |
| | | Evening | St. Martha sister's vestion at Mannampetta |
| 03- 05 | | C.B.C.I meeting at St. John"s Medical College Bangalore | |
| 06 | Sat | | Pro- Life meet Inauguration at Lourdes Cathedral. |
| | | Evening | St. Thomas College OSA Annual meet |
| 07 | Sun | Morning | Blessing of renewed St. Mary's ALP school at Pallissery |
| 08 | Mon | | Holy Mass at Lourdes Cathedral. |
| | | Morning | Bishop Medlycott Jubilee Seminar Inauguration |
| | | Evening | Blessing of the Doctors quarters at Choondal Hospital |
| 09 | Tue | | Engaged |
| 10 | Wed | Morning | Holy Mass at Pazhuvil St. Antony's church |
| 11 | Thu | Morning | Holy Mass at St. Mary's Minor Seminary |
| | | Afternoon | Major Seminary Conference Meet, All Seminarians meet |

| | | | |
|---|---|---|---|
| | | Evening | Seminary Formator's Meet |
| 12 | Fri | Morning | Holy Mass at Baslica. |
| 13 | Sat | Morning | Vestition and first profession at Thalore |
| | | Afternoon | Vestition at Minor Seminary |
| | | Evening | Convention at Vellatanjur |
| 14 | Sun | | Pastoral Visit |
| 15 | Mon | | Engaged |
| 16 | Tue | | Engaged |
| 17 | Wed | Evening | CSC Vestition at Kuriyachira |
| 18 | Thu | Evening | Ordination at Vadanappilly parish church |
| 19 | Fri | | Engaged |
| 20 | Sat | | *ATHIRUPATHA DHINAM* |
| 21 | Sun | Morning | Holy Mass at Ammadam |
| | | Evening | Angelos 2017 |
| 22 | Mon | Morning | Jubilee Holy Mass at Kizpullikara |
| 23 | Tue | | Engaged |
| 24 | Wed | Morning | Hostel Blessing at Olari |
| 25 | Thu | Morning | Holy Mass at FCC Assisi Provincial House |
| 26 | Fri | Morning | Holy Mass at Alagappa Marriage Preparation Center |
| 27 | Sat | Morning | Holy Mass at *Pavanathma* Provincial House, Kalletinkara |
| | | Evening | Final Profession at Mulayam Parish Church |
| 28 | Sun | | Pastoral Visit |
| 29 | Mon | | Engaged |
| 30 | Tue | | Engaged |
| 31 | Wed | Morning | Ordination at Snehapuram Parish |




| Date | Day | Time | Description |
|---|---|---|---|
| 01 | Mon | | MST Retreat, Mandya |
| 02 | Tue | | MST Retreat, Mandya |
| 03 | Wed | | MST Retreat, Mandya |
| 04 | Thu | | MST Retreat, Mandya |
| 05 | Fri | | MST Retreat, Mandya |
| 06 | Sat | Morning | Amalanagar & Athani – Solemn Holy Communion |
| | | Evening | Pavaratty |
| 07 | Sun | Morning | Eranellur |
| | | Evening | Chettikkad Shrine- Holy Mass, Lourd Cathedral-Parish day |
| 08 | Mon | Morning | Mount st. Thomas- Meeting |
| | | Evening | Pullur Hospital Jubilee , Kuriachira |
| 09 | Tue | | Mount St. Thomas- Meeting |
| 10 | Wed | Morning | Pallikkunnu- Priestly Ordination |
| 11 | Thu | Morning | Holy Mass at Lourd Cathedral |
| | | Noon | Major Seminary Conference: All Seminarians Day SDV Final Profession- Mulayam |
| 12 | Fri | Morning | Holy Mass at Minor Seminary |
| 13 | Sat | Morning | Holy Mass, Velur |
| | | Evening | Holy Mass at Konikara |
| 14 | Sun | Moring | Holy Mass at Pudussery; Pazhunana, Mannuthi - CHF Final Profession |

| | | | |
|---|---|---|---|
| | | Evening | Holy Mass at Panamukku |
| 15 | Mon | Morning | Holy Mass at Chirackal |
| | | Evening | Engaged |
| 16 | Tue | | |
| 17 | Wed | | |
| 18 | Thu | | |
| 19 | Fri | Morning | Holy Mass Alagappanagar - Marriage preparation course, Dolours Basilica-adoration ending day. |
| | | Evening | Migrant Youth Convention |
| 20 | Sat | | Archdiocesan Day |
| | | | Migrant Youth Convention |
| 21 | Sun | | Migrant Youth Convention |
| | | Evening | Angelos Prize Distribution, Holy Mass at Ammadam |
| 22 | Mon | | |
| 23 | Tue | | Convention at Kottayam |
| 24 | Wed | | |
| 25 | Thu | | |
| 26 | Fri | Morning | Holy Mass at Assisi Synaxis |
| 27 | Sat | | |
| 28 | Sun | Evening | Dolours Basilica |
| 29 | Mon | | |
| 30 | Tue | | |
| 31 | Wed | | |

# നാളാഗമം

മാർച്ച് 2017

01. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചിറളയം ഹോളിചൈൽഡ് കോൺവെന്റ് യു. പി. സ്കൂളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

അഭിവന്ദ്യതട്ടിൽ പിതാവ് വൈകീട്ട് 5.00 മണിക്ക് കാലടിയിലുള്ള ദിവ്യകാരുണ്യാശ്രമത്തിൽ വി.കുർബ്ബാനയും കരുണയുടെ സന്ദേശവും നൽകി.

02. അഭിവന്ദ്യ താഴത്ത് പിതാവ് ഡൽഹിയിൽ സീറോ മലബാർ സഭയുടെ ഡെലഗേഷനായി മീറ്റിംഗിൽ പങ്കെടുത്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് 2.30ന് കുരിയച്ചിറ സെന്റ് പോൾസ് കോൺവെന്റിൽ സി. ബ്രൂണോ സി.എം.സി.യുടെ മൃതസംസ്ക്കാരത്തിൽ കാർമ്മികത്വം വഹിച്ചു.

03. അഭിവന്ദ്യ താഴത്ത് പിതാവ് പോപ് പോൾ മേഴ്സി ഹോമിലെ ഹോം ഡേയിൽ പങ്കെടുത്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് 6.30ന് കുറ്റിക്കാട് സെന്റ് ഫ്രാൻസീസ് സേവ്യർ ആരാധനയ്ക്ക് ആരംഭം കുറിച്ചു. 10.30ന് അഞ്ഞൂർ പള്ളിയിൽ തിരുനാൾ കുർബ്ബാനയും സന്ദേശവും നൽകി. വൈകീട്ട് 7 മണിക്ക് ലൂർദ്ദ് കത്തീഡ്രലിൽ കൺവെൻഷൻ ഉദ്ഘാടനവും രാത്രി 9 മണിക്ക് പാലയൂർ ജാഗരണ പദയാത്രക്ക് ഫ്ളാഗ് ഓഫ് നടത്തി.

04. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വരന്തരപ്പിള്ളി കിഴക്ക് ഇടവകയിൽ കപ്പേളയുടെ ആശീർവാദകർമ്മം നടത്തി.

അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് 2 മുതൽ 4 മണി വരെ മൈനർ സെമിനാരിയിൽ ഡിഗ്രി സ്റ്റുഡന്റ്യുമായി കൂടിക്കാഴ്ചയും ക്ലാസ്സും നടത്തി.

05. അഭിവന്ദ്യ താഴത്ത് പിതാവ് അമ്മാടം ഇടവക ദൈവാലയത്തിൽ ദർശനസമൂഹത്തിന്റെ കൂട്ടായ്മയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പുല്ലഴി സെന്റ് ജോസഫ്സ് മെന്റൽ ഹെൽത്ത് കെയർ ഹോമിലെ ഉപകാരികളുടെ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് മുണ്ടൂർ ഇടവകയിൽ അതിരൂപത കെ. സി. വൈ. എം. ന്റെ നേതൃത്വത്തിലുള്ള വനിതാദിനം ഉദ്ഘാ

ടനം ചെയ്തു. വൈകിട്ട് എറണാകുളം അതിരൂപതയിൽ മൂക്കന്നൂർ ഇടവ കപള്ളിയിൽ എറണാകുളം അതിരൂപത കെ. സി. വൈ. എം. പ്രവർത്ത നോത്സവം ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് 6.15 രാവിലെ മരിയാപുരം പള്ളിയിൽ മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട സന്ദർശനവും , പ്രഭാഷണവും വി.കുർബ്ബാ നയും അർപ്പിച്ചു. 11 മണിക്ക് മുണ്ടൂർ പള്ളിയിൽ വെച്ച് കെ.സി.വൈ.എം. വനിതാ ദിനം ഉദ്ഘാടനം നടത്തി സന്ദേശം പകർന്നു. 2.30ന് ഉച്ചതിരിഞ്ഞ് അമ്മാടം പള്ളിയിൽ വച്ച് അതിരൂപത ദർശന സമൂഹസംഗമത്തിൽ പങ്കെ ടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. 6.30ന് വൈകീട്ട് മണ്ണംപേട്ട പള്ളി യിൽ Ignate യൂത്ത് മീറ്റിന് തുടക്കം കുറിച്ച് സന്ദേശം നൽകി.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 11 മണിക്ക് ആബാ ധ്യാനകേന്ദ്രത്തിൽ പ്രഭാഷണം നടത്തി. 3.00 വൈകീട്ട് മൈനർ സെമിനാരി എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

07. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരി യിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ലൂർദ്ദ് കത്തീഡ്രൽ കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 6.30ന് മേരിമാത മേജർ സെമിനാരിയിൽ ബലിയർപ്പിച്ചു. 9.30ന് സെന്റ് തോമസ് കോളേജിൽ വച്ച് സെമിനാർ (Pontifical Excellence) ഉദ്ഘാടനം ചെയ്തു.

08. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ അതി രൂപത വനിതാദിനം ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സെന്റ് മേരീസ് കോളേജിൽ വി. ബലി യർപ്പണവും വൈകീട്ട് 3.30ന് സെന്റ് തോമസ് കോളേജിൽസെമിനാർ മീറ്റിം ഗിലും പങ്കെടുത്തു.

09. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

അഭിവന്ദ്യ തട്ടിൽ പിതാവ് മിഷൻ യാത്രക്ക് തുടക്കമായി.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ ഒരുക്ക കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. വൈകിട്ട് പാലയൂർ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് സ്തനാ സെമിനാരി സന്ദർശിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ കെ. സി. വൈ. എം. അഖിലകേരള മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് ഉജ്ജ്വയ്ൻ ബിഷപ് ഹൗസ് സന്ദർശിച്ചു. വൈകീട്ട് 6 മണിക്ക് Ruhalaya Seminary യും സന്ദർശിച്ചു.

12. അഭിവന്ദ്യ താഴത്ത് പിതാവ് ചൂണ്ടൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 6.30ന് Ruhalaya Seminary ൽ ബലിയർപ്പിച്ച് ഇൻഡോർ ബിഷപ്പ് ഹൗസ് സന്ദർശിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കി പണിത മഞ്ഞക്കുന്ന് ഉർസുലൈൻ കോൺവെന്റിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

13 അഭിവന്ദ്യ തട്ടിൽ പിതാവ് ബാലപൂർ പള്ളിയും വിശ്വാസികളേയും സന്ദർശിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നന്തിക്കര ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

അഭിവന്ദ്യ തട്ടിൽ പിതാവ് അദിലാബ് പാസ്റ്ററൽ സെന്ററിൽ മിഷ്യൻ പ്രവർത്തനങ്ങളെപ്പറ്റി ചർച്ചയിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും റെക്ടറച്ചന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് അദിലാബ് പാസ്റ്ററൽ സെന്ററിൽ മിഷ്യൻ പ്രവർത്തനങ്ങളെപ്പറ്റി ചർച്ചയിൽ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ എം. ഒ. യു. കമ്പൈനിംഗ് പ്രോഗ്രാമിൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

16,17 അഭിവന്ദ്യ തട്ടിൽ പിതാവ് അദിലാബ് പാസ്റ്ററൽ സെന്ററിൽ മിഷ്യൻ പ്രവർത്തനങ്ങളെപ്പറ്റി ചർച്ചയിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പീസ് ഹോമിൽ വി. ബലിയർപ്പിച്ചു. തുടർന്ന് തൃശ്ശൂർ ബസിലിക്ക ഇടവകയിൽ നടത്തിയ ഇൻകം ടാക്സ് സെമിനാറിന്റെ ഉദ്ഘാടനം നിർവഹിച്ചു. വൈകിട്ട് വിമല കോളേജിലെ യാത്രയ

യപ്പു സമ്മേളനത്തിലും കോളേജ് ഡേ ആഘോഷങ്ങളിലും പങ്കെടുത്തു. തുടർന്ന് പാറന്നൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും പാരിഷ് ഹാൾ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. അതിനുശേഷം പ്രൊഫ ഷണൽ സി. എൽ. സി. ക്യാമ്പ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ഉദ്ഘാ ടനം ചെയ്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് പുത്തൻപള്ളിയിൽ വച്ചു നടന്ന സെമിനാർ ഓൺ ഇംകം ടാക്സ്-ൽ പങ്കെടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ആമ്പക്കാട് സെന്റ് മേരീസ് ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 6.00 മണി മുതൽ പുത്തൻപള്ളിയിൽ മിഷ്യൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് സന്ദേശവും, സന്ദർശനവും വി. ബലി യർപ്പണവും നിർവ്വഹിച്ചു.

20-22. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് ജോൺസ് മെഡിക്കൽ കോളേജിലെ ഡയ റക്ടർ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 6.15ന് സെന്റ് മേരീസ് കോൺവെന്റിലെ ബലിയർപ്പണത്തിനുശേഷം രാവിലെ മുതൽ ഉച്ചവരെയും വൈകീട്ട് 5.30 മുതലും ആബാ ധ്യാനകേന്ദ്രത്തിൽധ്യാന പ്രസംഗം നടത്തി.

21. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 6.30ന് ചിയ്യാരം, സേവനാലയത്തിലെ ബലിയർപ്പണത്തിന് ശേഷം രാവിലെ മുതൽ മുതൽ ആബാ ധ്യാനകേന്ദ്രത്തിൽ പ്രഭാഷണവും പ്രാർത്ഥനയും നടത്തി. വൈകീട്ട് 5.30ന് ഒല്ലൂർ, പനംകുറ്റി ച്ചിറ പള്ളിയിൽ വി. ബലിയും അർപ്പിച്ചു.

22. അഭിവന്ദ്യ തട്ടിൽ പിതാവ് ദിവസം രാവിലെ മുതൽ വൈകുന്നേരം വരെ ആബാ ധ്യാനകേന്ദ്രത്തിലെ പ്രാർത്ഥനക്കും ധ്യാനത്തിനും നേതൃത്വം കൊടു ത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങളും ഡീക്കൻ പട്ട ങ്ങളും നൽകി.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 6 മണിക്ക് ലൂർദ്ദ് പള്ളയിലെ ബലിയർപ്പ ണത്തിന് ശേഷം വൈകീട്ട് 3 മണിക്ക് മാർ ജോർജ്ജ് ആലഞ്ചേരിയുമായി കൂടിക്കാഴ്ച നടത്തി. 6 മണിക്ക് കോതമംഗലം ബിഷപ്സ് ഹൗസിൽ

സന്ദർശവും 7 മണിമുതൽ 9 മണി വരെ നോമ്പുകാല പ്രാർത്ഥനായ്ജ്ഞത്തിലും പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പോപ്പ് പോൾ മേഴ്സി ഹോമിലെ അഖില കേരള കലോത്സവം ഉദ്ഘാടനം ചെയ്തു. തുടർന്ന് മണ്ണുത്തി ഇടവക ദൈവാലയത്തിലെ പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപനസന്ദേശം നൽകി.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 7.45ന് എൽത്തുരുത്ത് പള്ളിയിൽ 40 മണിക്കൂർ ആരാധന ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി ആരംഭം കുറിച്ചു. 12 മണിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നൂറ് ടീച്ചേഴ്സിന് യാത്രയപ്പ് നൽകി ആദരിക്കുന്ന ചടങ്ങിൽ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് അദ്ധ്യക്ഷത വഹിച്ചു.

25-31. അഭിവന്ദ്യ താഴത്ത് പിതാവ് സീറോ മലബാർ സഭയുടെ ഡെലഗേറ്റ് എന്ന നിലയിലുള്ള മീറ്റിംഗിൽ പങ്കെടുക്കുന്നതിന് റോമിലേക്കു പോയി.

അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് 4.30ന് ചേരുംകുഴി എസ്. എൻ.ഡി. കോൺവെന്റ് ഉദ്ഘാടനം ചെയ്തു

26 അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 5.45 മുതൽ മിഷൻ പ്രവർത്തനങ്ങൾക്കുമായി ബന്ധപ്പെട്ട ചിറ്റാട്ടുകര പള്ളി സന്ദർശനവും സന്ദേശവും വി. ബലിയർപ്പണവും നടത്തി. 12 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റ്-ൽ വച്ച് നവദമ്പതി സംഗമത്തിൽ സന്ദേശം നൽകി. 12.30ന് പൂങ്കുന്നം പള്ളിയിൽ സി. എൽ. സി. ദിനാഘോഷത്തിൽ പങ്കെടുത്തു. 2.30ന് കത്തോലിക്കാ സഭാ മാധ്യമ പ്രമോട്ടേഴ്സ് മീറ്റിൽ അനുഗ്രഹ പ്രഭാഷണം പാലോക്കരാൻ ഹാളിൽ നടത്തി. 4.30ന് പുത്തൻപീടിക പള്ളിയിൽ വി. കുർബ്ബാനയർപ്പണത്തോടുകൂടെ ആരാധന സമാപനം കുറിച്ചും.

28. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 10 മണിക്ക് സെന്റ് തോമസ് കോളേജിൽ ഗവേണിംഗ് കൗൺസിൽ മീറ്റിങ്ങിന് ശേഷം ഉച്ചക്ക് 12 മണിക്ക് ഫാമിലി അപ്പോസ്റ്റൊലേറ്റ് മാതൃസംഘത്തിന് സന്ദേശം നൽകി. വൈകീട്ട് 6 മണിക്ക് മൂക്കന്നൂർ കൺവെൻഷൻ പ്രഭാഷണത്തിലൂടെ ഉദ്ഘാടനം നടത്തി.

29. അഭിവന്ദ്യ തട്ടിൽ പിതാവ് 11 മണിക്ക് കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ സന്ദർശനവും ഗ്രോട്ടോ വെഞ്ചിരിപ്പും നടത്തി.

31. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ നിവേദിത സെന്ററിൽ ധ്യാന പ്രഭാഷണവും വി. ബലിയർപ്പണവും നടത്തി. വൈകീട്ട് 6 മണിക്ക് കുണ്ടന്നൂർ പള്ളിയിൽ വി. ബലിയർപ്പണത്തോടെ നോമ്പുകാല ധ്യാനത്തിന് തുടക്കം കുറിച്ചു.

# പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ പതിനൊന്നാം യോഗറിപ്പോർട്ട്

തൃശ്ശൂർ അതിരൂപതയുടെ 16-ാം പാസ്റ്ററൽ കൗൺസിലിന്റെ പതിനൊന്നാം യോഗം 2016 സെപ്തംബർ 10ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിന്റെ ഓഡിറ്റോറിയത്തിൽ കൂടി. ബഹു. സി. റോസ് അനിത എഫ്. സി. സി. നയിച്ച പ്രാർത്ഥനയോടെ രാവിലെ 10 മണിക്ക് യോഗം ആരംഭിച്ചു. പെ. ബഹു. മോൺ. തോമസ് കാക്കശ്ശേരി സ്വാഗതം ആശംസിക്കുകയും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് ജന്മദിനാശംസകൾ നേരുകയും ചെയ്തു.

പരി. പിതാവ് ഫ്രാൻസിസ് പാപ്പയുടെ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലികപ്രബോധനത്തെ ആസ്പദമാക്കിയുള്ള അവതരണങ്ങളും ചർച്ചകളും ബഹു. സി. മേഴ്സി പോൾ സി. എച്ച്. എഫ്. നിയന്ത്രിച്ചു. 'അമോറിസ് ലത്തീഷ്യ' യുടെ ചരിത്ര പശ്ചാത്തലവും അതിൽ പ്രതിപാദിക്കുന്ന പ്രധാന വിഷയങ്ങളും ലളിതമായ ഭാഷയിൽ പ്രൊഫ. കെ. എം. ഫ്രാൻസിസ് അവതരിപ്പിച്ചു. കുടുംബത്തിലെ സ്നേഹത്തിന്റെ സവിശേഷതകൾ പരി. പിതാവ് എപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത് എന്ന് പ്രൊഫ. എലിസബത്ത് മാത്യുവും 'അമോറിസ് ലത്തീഷ്യ' യിലെ അജപാലദർശനം ബഹു. മാത്യു കുറ്റിക്കോട്ടയിലച്ചനും വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ കുടുംബങ്ങളിലെ ദൈവകൃപ, ലാളിത്യം, ജീവനോടുള്ള തുറവി, മക്കളുടെ വളർച്ചയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സഭാകോടതിയിലെ സമീപനം എന്നീ വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു. ചർച്ചയിൽ പങ്കെടുത്തവർക്കും അവതാരകർക്കും മോഡറേറ്റർ നന്ദി പറഞ്ഞു.

പെ. ബഹു. മോൺ. ജോർജ്ജ് കോമ്പാറ പ്രധാന അറിയിപ്പുകൾ നൽകി. നവംബർ 12ന് നടക്കാനിരിക്കുന്ന അതിരൂപത അവാർഡ് ദിനം, ഡിസംബർ 13ന് ആഘോഷിക്കുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ പൗരോഹിത്യസ്വീകരണ രജത ജൂബിലിയാഘോഷം, തൂങ്കുഴി പിതാവിന്റെയും താഴത്തു പിതാവിന്റെ ജന്മദിനാഘോഷങ്ങൾ, പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ സമാപനയോഗം എന്നിവയെ കുറിച്ച് ബഹു. അച്ചൻ യോഗത്തിന് അറിയിപ്പുകൾ നൽകി.

ശൂന്യവേളയിൽ സ്വകാര്യസ്ഥാപനങ്ങളുടെ നടത്തിപ്പ്, മദ്യം, വെടിക്കെട്ട് എന്നീ വിഷയങ്ങളിലെ സഭാനയം സുതാര്യതയോടെ നടപ്പാക്കണം എന്ന ആവശ്യം ഉയർന്നു. മദർ തെരേസയെ അവഹേളിച്ചുകൊണ്ട് ടൈംസ് ഓഫ് ഇന്ത്യയിൽ വന്ന വാർത്ത ശ്രീ. പി. ഐ. ലാസർ മാസ്റ്റർ യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് അധ്യക്ഷപ്രസംഗത്തിൽ 'അമോറിസ് ലത്തീഷ്യ' യുടെ വെളിച്ചത്തിൽ കുടുംബത്തിലെ സ്നേഹത്തെയും സന്തോഷത്തെയും അവതരിപ്പിച്ചു. കുടുംബം എന്നത് പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമല്ല മറിച്ച് സാക്ഷാത്കരിക്കപ്പെടേണ്ട സാധ്യതയാണ്. ചർച്ചകളിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദിയും ഓണാശംസകളും അഭിവന്ദ്യപിതാവ് നേർന്നു. സമാപനപ്രാർത്ഥനയോടെ ഉച്ചക്ക് 1:30ന് യോഗം സമാപിച്ചു.




**അഡ്വ. ബിജു കുണ്ടുകുളം**
സെക്രട്ടറി

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ & ജനറൽ സെക്രട്ടറി

## പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ
# സമാപന യോഗറിപ്പോർട്ട്

തൃശ്ശൂർ അതിരൂപതയുടെ 16-ാം പാസ്റ്ററൽ കൗൺസിലിന്റെ സമാപനയോഗം 2017 ഫെബ്രുവരി 24ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡി. ബി. സി. എൽ. സി. ഹാളിൽ കൂടി. ബഹു. സി. റോസ് അനിത എഫ്. സി. സി. പ്രാർത്ഥന നയിക്കുകയും പെ. ബഹു. മോൺ. ജോർജ്ജ് കോമ്പാറ സ്വാഗതം ആശംസിക്കുകയും ചെയ്തു. സമാപനയോഗത്തിന്റെ നടപടിക്രമങ്ങൾ ജനറൽ സെക്രട്ടറി പെ. ബഹു. ഫാ. മാത്യു കുറ്റിക്കോട്ടയിൽ വിശദീകരിച്ചു. മുൻയോഗറിപ്പോർട്ട് ജോ. സെക്രട്ടറി ഡോ. മേരി റെജീന അവതരിപ്പിക്കുകയും യോഗാം പാസ്സാക്കുകയും ചെയ്തു.

പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ അവലോകനം സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം പവർപോയിന്റ് പ്രസന്റേഷനായി അവതരിപ്പിച്ചു. 11 യോഗങ്ങളിലും ചർച്ച ചെയ്ത വിഷയങ്ങൾ, അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങൾ, അവാർഡ് ദിനങ്ങൾ, ഡയാലിസിസ് ഫണ്ട്, ഓരോ യോഗത്തിന്റെയും ഹാജർ നില എന്നിവയിലൂടെ കടന്നുപോയി. ഈ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ ഭാവിയിലേക്കുള്ള നിർദ്ദേശങ്ങളും അദ്ദേഹം മുന്നോട്ടു വച്ചു.

ഫൊറോനകൗൺസിലുകളുടെയും സബ്ജക്ട് കമ്മറ്റികളുടെയും പ്രവർത്തനം പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതകളിലേക്ക് അദ്ദേഹം വിരൽചൂണ്ടി. പാസ്റ്ററൽ കൗൺസിൽ യോഗങ്ങളിൽ മുടക്കം കൂടാതെ സംബന്ധിക്കേണ്ടത് അംഗങ്ങളുടെ ചുമതലയാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ഇടവകയിലും സന്യാസസ്ഥാപനങ്ങളിലും രൂപതയുടെ സ്ഥാപനങ്ങളിലും അംഗീകാരം ഉണ്ടാകുന്ന സാഹചര്യം വേണമെന്ന ആവശ്യവും അഡ്വ. ബിജു മുന്നോട്ടുവച്ചു.

തുടർന്നു നടന്ന പൊതുചർച്ചയിൽ പാസ്റ്ററൽ കൗൺസിലിന്റെ പ്രാതിനിധ്യത്തെ കുറിച്ചും നടത്തിപ്പിനെകുറിച്ചും ഇരുപതോളം അംഗങ്ങൾ അഭിപ്രായം പ്രകടിപ്പിച്ചു. ഓരോ ഇടവകയിൽ നിന്നും പ്രതിനിധികൾ വേണം എന്നായിരുന്നു പൊതു അഭിപ്രായം. യുവാക്കളെ സഭയിലേക്ക് അടുപ്പിക്കുന്നതിനുള്ള കർമ്മപരിപാടികൾക്ക് അംഗങ്ങൾ നേതൃത്വം നൽകണമെന്ന അഭിപ്രായവുമുണ്ടായി.

അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പാസ്റ്ററൽ കൗൺസിൽ യോഗങ്ങൾ സജീവവും ഫലപ്രദവുമാക്കി മാറ്റാൻ സഹായിച്ച എല്ലാ അംഗങ്ങളെയും അനുമോദിക്കുകയും നന്ദി പറയുകയും ചെയ്തു. നേതൃത്വം നൽകിയ അജണ്ട കമ്മിറ്റിക്കും അഭിവന്ദ്യപിതാവ് നന്ദി പറഞ്ഞു. എല്ലാ ഇടവകകളിൽ നിന്നും പ്രാതിനിധ്യമുള്ള പാസ്റ്ററൽ കൗൺസിലാണ് പൊതുവികാരമെന്നതുകൊണ്ട് അതുതന്നെ തുടരും. എന്നാൽ അവകാശബോധങ്ങൾക്കൊപ്പം അംഗങ്ങൾ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കണം. പാസ്റ്ററൽ കൗൺസിലും സഭയും സജീവമാക്കാനുള്ള നിർദ്ദേശങ്ങൾ അംഗങ്ങളുടെ ഭാഗത്തുനിന്ന് എപ്പോഴും ഉണ്ടാകണം. ഇടവകകളിലും സ്ഥാപനങ്ങളിലും പൊതുപരിപാടികൾക്ക് അത്മായനേതാക്കളെ ഉൾപ്പെടുത്തണം എന്നു തന്നെയാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് അഭിവന്ദ്യപിതാവ് അറിയിച്ചു.

പരി. പിതാവ് ഫ്രാൻസിസ് പാപ്പയുടെ ഭാരതസന്ദർശനത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ തുടരുന്നുണ്ടെന്നും ബഹു. ടോം ഉഴുന്നാലിലച്ചന്റെ മോചനത്തിനായുള്ള ശ്രമങ്ങളും പരി. പിതാവിന്റെ ആശീർവാദത്തോടെ നടക്കുന്നുണ്ടെന്നും അഭിവന്ദ്യപിതാവ് അറിയിച്ചു. കണക്കുകൾ പൂർണ്ണമല്ലെങ്കിലും, കരുണയുടെ ജൂബിലിവർഷത്തിൽ അതിരൂപതയുടെ വിവിധ തലങ്ങളിലായി കാരുണ്യപ്രവർത്തനങ്ങൾക്ക് 91 കോടി രൂപയോളം ചെലവഴിച്ചു. ബൊൻനത്താലെ - 2016 ന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരെയും അഭിവന്ദ്യപിതാവ് അനുമോദിച്ചു. ഏപ്രിൽ 2ന് നടക്കുന്ന 20-ാം പാലയൂർ തീർത്ഥാടനത്തിന് എല്ലാവരുടെ സഹകരണം അഭ്യർത്ഥിച്ചു. അതിരൂപതയുടെ

'എക്സെൽ' പദ്ധതി വിജയിപ്പിക്കാൻ എല്ലാ അംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിച്ചു.

അഖിലേന്ത്യ കാത്തലിക് യൂണിയൻ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. തൊമ്മി പിടിയത്തിനെ പെ. ബഹു. മോൺ. തോമസ് കാക്കശ്ശേരി അനുമോദിച്ചു. പ്രധാന അറിയിപ്പുകളും ബഹു. തോമസച്ചൻ നൽകി. 17-ാം പാസ്റ്ററൽ കൗൺസിലിലേക്ക് ഇടവകപ്രതിനിധികളായ അംഗങ്ങളുടെ പേരുവിവരം നൽകാത്ത ഇടവകകൾ ഉടൻത്തന്നെ അതു നൽകണമെന്ന് ബഹു. അച്ചൻ അറിയിച്ചു. 2017 ഫെബ്രുവരി 24ന് വൈകിട്ട് കോർപ്പറേഷന്റെ മുന്നിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ബഹു. ടോം ഉഴുന്നാലിലച്ചന്റെ മോചനത്തിനായി നടത്തുന്ന പ്രാർത്ഥനായോഗത്തിലും ഏപ്രിൽ 2ലെ പാലയൂർ തീർത്ഥാടനത്തിലും മെയ് 8ന് ആചരിക്കുന്ന മെഡ്ലിക്കോട്ട് പിതാവിന്റെ ജന്മശതാബ്ദിയിലും എല്ലാവരും പങ്കെടുക്കാൻ ബഹു. അച്ചൻ ആഹ്വാനം ചെയ്തു. 'കുടുംബവും വിശ്വാസകൈമാറ്റവും' എന്ന വിഷയത്തെ ആസ്പദമാക്കി നടക്കുന്ന അതിരൂപതാ അസംബ്ലിക്കുള്ള ഒരുക്കങ്ങളിൽ എല്ലാ അംഗങ്ങളും സഹകരിക്കണമെന്നും ബഹു. അച്ചൻ യോഗത്തെ ഓർമ്മപ്പെടുത്തി.

പതിനാറാം പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് അഭിവന്ദ്യപിതാവ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും അംഗങ്ങളോടൊപ്പം ഫോട്ടോയെടുക്കുകയും ചെയ്തു. ജോ. സെക്രട്ടറി ഡോ. മേരി റെജീന യോഗത്തിന് നന്ദി പറഞ്ഞു. വൈകിട്ട് 4:30ന് യോഗം സമാപിച്ചു.

**അഡ്വ. ബിജു കുണ്ടുകുളം**
സെക്രട്ടറി

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ & ജനറൽ സെക്രട്ടറി

# അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം

പാസ്റ്ററൽ കൗൺസിലിന്റെ സാധാരണയോഗം **2017 ജൂൺ 10 ശനിയാഴ്ച, ഡി.ബി.സി. എൽ.സി. ഓഡിറ്റോറിയത്തിൽ വച്ച്** നടത്തപ്പെടുന്നു. അംഗങ്ങളെല്ലാം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

***വിഷയം : ചർച്ച് ബിൽ***

*2009ൽ വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ സമർപ്പിച്ച 'ദ കേരള ക്രിസ്റ്റ്യൻ ചർച്ച് പ്രോപ്പർട്ടീസ് & ഇൻസ്റ്റിറ്റ്യൂഷൻ ട്രസ്റ്റ് ബിൽ – 2009' ഇപ്പോൾ നിയമസഭയിൽ പാസ്സാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഇതെപറ്റിയുള്ള വിശദമായ ലേഖനം മെയ്മാസത്തിലെ കത്തോലിക്കാസഭ പത്രത്തിൽ കൊടുത്തിട്ടുള്ളത് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുമല്ലോ. ഈ ബില്ലിന്റെ പൂർണ്ണരൂപം ഇന്റർനെറ്റിൽ ലഭ്യമാണ്. സാധിക്കുന്നവർ അത് ഡൗൺലോഡ് ചെയ്ത് പഠിക്കുമല്ലോ.*

**ചർച്ചക്കുള്ള ചോദ്യങ്ങൾ**

1. ഈ ബില്ലിലെ നിർദ്ദേശങ്ങൾ നിയമമായാൽ അത് സഭയുടെ ഭരണ സംവിധാനത്തെയും പ്രവർത്തനമേഖലകളെയും എപ്രകാരമാണ് ബാധിക്കുക?
2. സർക്കാർ സംവിധാനങ്ങൾപോലെ സഭയിലെ ഭരണാധികാരികളെ ഇലക്ഷനിലൂടെ തെരഞ്ഞെടുക്കുന്നത് സഭയുടെ കെട്ടുറപ്പിനെ എപ്രകാരം ബാധിക്കും?
3. ക്രിസ്തുവിൽ വിശ്വസിക്കുന്ന 18 വയസ്സായ എല്ലാവർക്കും വോട്ടവകാശവും ഭരണാധികാരികളായി തെരഞ്ഞെടുക്കാനുള്ള അവകാശവും ലഭിച്ചാൽ അത് സഭാസംവിധാനത്തെ എപ്രകാരം ബാധിക്കും?
4. സർക്കാർ സംവിധാനത്തിലേതുപോലെ ത്രിതല ഭരണസംവിധാനം സഭയിൽ ഏർപ്പെടുത്തുമ്പോൾ അത് സഭയുടെ പാരമ്പര്യങ്ങൾക്കും സംവിധാനങ്ങൾക്കും ചേർന്ന വിധത്തിൽ ആയിരിക്കുമോ?
5. എല്ലാ ഇടവകകളും സഭാസ്ഥാപനങ്ങളും കേരള പബ്ലിക് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1866 പ്രകാരം രജിസ്റ്റർ ചെയ്യുകയും സർക്കാർ നിയമിക്കുന്ന കമ്മീഷണർ സഭയുടെ സാമ്പത്തിക ഭരണസംവിധാന

ത്തിന്റെ പരമോന്നത അധികാരിയാകുകയും ചെയ്യുമ്പോൾ അതിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയായിരിക്കും? ബിൽ നിർദ്ദേശിക്കുന്ന സംവിധാനം നിലവിൽ വന്നാൽ രാഷ്ട്രീയപാർട്ടികൾക്കും സംഘടി തഗ്രൂപ്പുകൾക്കും തങ്ങളുടെ താത്പര്യങ്ങൾ സഭയിലൂടെ നടപ്പിലാ ക്കാൻ അവസരം ഒരുക്കപ്പെടുകയില്ലേ?

6. നിലവിലുള്ള സഭാഭരണസംവിധാനം വേണ്ടത്ര ജനാധിപത്യപരമോ കാര്യക്ഷമമോ നീതിപൂർവ്വകമോ അല്ല എന്ന മുൻവിധിയോടെയാണ് ഈ ബിൽ രൂപപ്പെടുത്തിയിരിക്കുന്നത്. ഇതെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എന്താണ്?

7. ഈ ബിൽ നിയമമായാൽ സഭയുടെ സ്വത്തിന്റെ ഭരണസംബന്ധമായ കാര്യങ്ങളെ ചൊല്ലിയും ഭരണാധികാരികളുടെ തെരഞ്ഞെടുപ്പിനെ ചൊല്ലിയും വളരെയേറെ നിയമപ്രശ്നങ്ങൾ രൂപപ്പെടുന്നതിനും അതു വഴിയുണ്ടാകുന്ന സിവിൽ കേസുകൾ സഭയുടെ സമാധാനാന്തരീ ക്ഷത്തെ തകർക്കുന്നതിനും ഇടയാകുമോ?

8. സഭയുടെ സ്വത്തിന്റെ ഭരണത്തിലുള്ള നിയന്ത്രണം സഭയുടെ മറ്റു പ്രവർത്തനമേഖലകളെ പ്രത്യക്ഷമായോ പരോക്ഷമായോ സ്വാധീനി ക്കുമോ?

9. ഈ ബിൽ നിയമമായാൽ ഇതിലെ വ്യവസ്ഥകൾക്കു വിരുദ്ധമായ നില വിലുള്ള സഭാനിയമങ്ങളൊന്നും നിലനില്ക്കുകയില്ല എന്ന ബില്ലിലെ നിർദ്ദേശത്തെ കുറിച്ച് നിങ്ങളെന്തു പറയുന്നു?

10. മെത്രാന്മാരുടെയും വൈദികരുടെയും അധികാരം സഭായോഗങ്ങളിൽ അധ്യക്ഷത വഹിക്കുക എന്ന തലത്തിലേക്ക് മാത്രമായി പരിമിതപ്പെ ടുത്തിയാൽ അത് സഭയുടെ പ്രവർത്തനങ്ങളെയും പുരോഗതിയെയും എപ്രകാരം ബാധിക്കും?

# നാമകരണ നടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

മാസാദ്യ വെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് ചേലക്കര അസി. വികാരി ഫാ. അജീഷ് പെരിഞ്ചേരിയാണ്. വചന സന്ദേശം നൽകിയത് എം. ആർ. ജോർജ്ജ് (ഒല്ലൂർ) ആയിരുന്നു പീഢാനുഭവ രംഗത്തെ സപ്ത വചസ്സുകളെക്കുറിച്ചായിരുന്നു വിചിന്തനങ്ങൾ. കുരിശോളം എത്തുന്ന സ്നേഹവും തന്നെ ക്രൂശിച്ചവരോട് ക്ഷമിക്കുന്ന ദൈവിക ഭാവവും തന്റെ അമ്മയെ നമുക്കായി വിട്ടുതരുന്ന അവിടുത്തെ കരുതലും കുരിശിൽ തെളിഞ്ഞു കാണാം. അനുതപിക്കുന്ന പാപിയെ സ്വർഗ്ഗത്തോളം ഉയർത്തുന്ന സ്നേഹമാണത്. ബ. അന്തോണിയച്ചൻ നിരന്തരം ഈ സപ്തവചനങ്ങൾ ധ്യാനവിഷയമാക്കി. മറ്റുള്ളവരോട് ക്ഷമിക്കുന്ന സ്നേഹത്തിന്റെയും അവർക്കായി കാത്തിരിക്കുന്ന കരുതലിന്റെയും അടയാളമായി മാറാൻ ബ. അന്തോണിയച്ചന്റെ മദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ

**രണ്ടാം ശനി ആചരണം :** സി.എസ്.സി. ഡിപോൾ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. 10.30ന് അനുസ്മരണ ബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. ലിന്റോ തട്ടിൽ ആയിരുന്നു. സ്നാപക യോഹന്നാന്റെ ദൗത്യത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ബ. അച്ചൻ സന്ദേശം ആരംഭിച്ചു. ക്രിസ്തുവിനെ ലോകത്തിന് വെളിപ്പെടുത്തി എന്നതാണ് സ്നാപക യോഹന്നാന്റെ സമ്പത്ത് ആത്മ സംതൃപ്തിയോടെ തമ്പുരാന് കൊടുക്കുക, ക്രിസ്തുവിനുവേണ്ടി ചെറുതാകുക എന്നതാണ് നമ്മുടെ ഓരോരുത്തരുടെയും കടമ. തന്റെ ജീവിതം ക്രിസ്തുവിലേക്കുള്ള ചൂണ്ടുപലകയാണ് എന്ന് സ്നാപക യോഹന്നാൻ തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തി. അദ്ധ്വാനിക്കുമ്പോഴും തമ്പുരാനിൽ ആശ്രയിച്ച് ജീവിതം മുമ്പോട്ട് കൊണ്ടുപോകുമ്പോഴും ഒരു നാളും തമ്പുരാൻ കൈവിടില്ല എന്ന മനോഭാവം ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ വ്യക്തിത്വത്തെ മഹത്തമമാക്കി എന്ന് വ്യക്തമാക്കികൊണ്ട് ബ. അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചു.

**ഫാ. പോൾ പുളിക്കൻ,**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

**സി.എ. ഓഡിറ്റ്**

2017 ഏപ്രിൽ മുതൽ പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നു. 2016 –2017 വർഷത്തെ കണക്കുകൾ മെയ് 15–ാം തിയതി മുതൽ ആർച്ച്ബിഷപ്സ് ഹൗസിൽവെച്ച് സി.എ. ഓഡിറ്റ് നടത്തുന്നു. താഴെ കൊടുത്തിരിക്കുന്ന സമയക്രമം ഏവരും പാലിക്കുമല്ലോ. ഇനിയും ഏതെങ്കിലും ഇടവകകൾ ബിഷപ്സ് ഹൗസിൽവെച്ച് സി.എ. ഓഡിറ്റ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ മെയ് 15 തിയതിക്ക് മുമ്പ് ഫിനാൻസ് ഓഫീസിൽ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

| | | |
|---|---|---|
| 1. പുതുരുത്തി | മെയ് 15 | 9.30 |
| 2. ആറംപിള്ളി | മെയ് 15 | 9.30 |
| 3. പഴയന്നൂർ | മെയ് 15 | 10.30 |
| 4. പാലക്കൽ | മെയ് 15 | 2.00 |
| 5. പെരുവല്ലൂർ | മെയ് 15 | 2.00 |
| 6. പഴുവിൽ | മെയ് 16 | 9.30 |
| 7. തൃപ്രയാർ | മെയ് 16 | 10.30 |
| 8. അന്തിക്കാട് | മെയ് 16 | 10.30 |
| 9. വീണ്ടശ്ശേരി | മെയ് 16 | 2.00 |
| 10. കുറ്റൂർ | മെയ് 16 | 2.30 |
| 11. ചെമ്മണ്ണൂർ | മെയ് 16 | 2.30 |
| 12. ചിറ്റാട്ടുകര | മെയ് 17 | 9.30 |
| 13. പേരകം | മെയ് 17 | 10.30 |
| 14. നെഹ്രു നഗർ | മെയ് 17 | 10.30 |
| 15. വാക | മെയ് 17 | 2.00 |
| 16. കണ്ടാണിശ്ശേരി | മെയ് 17 | 2.30 |
| 17. പുതുക്കാട് (വടക്കൻ) | മെയ് 17 | 2.30 |
| 18. എളവള്ളി | മെയ് 18 | 9.30 |
| 19. കുണ്ടുകാട് | മെയ് 18 | 10.30 |
| 20. ആറ്റുപുറം | മെയ് 18 | 10.30 |
| 21. പുത്തൻപീടിക | മെയ് 18 | 2.00 |
| 22. മുറ്റിച്ചൂർ | മെയ് 18 | 2.30 |
| 23. പുല്ലഴി | മെയ് 18 | 2.30 |

| | | |
|---|---|---|
| 24. തൊയ്യക്കാവ് | മെയ് 19 | 9.30 |
| 25. കോനിക്കര | മെയ് 19 | 10.30 |
| 26. ചിറളയം | മെയ് 19 | 10.30 |
| 27. ഏങ്ങണ്ടിയൂർ | മെയ് 19 | 02.00 |
| 28. മനക്കൊടി | മെയ് 19 | 02.00 |
| 29. തലക്കോട്ടുകര | മെയ് 22 | 09.30 |
| 30. മഡോണ നഗർ | മെയ് 22 | 10.30 |
| 31. പങ്ങാരപ്പിള്ളി | മെയ് 22 | 10.30 |
| 32. വരവൂർ | മെയ് 22 | 02.30 |
| 33. പെരിഞ്ചേരി | മെയ് 22 | 02.30 |
| 34. മുക്കാട്ടുകര | മെയ് 23 | 09.30 |
| 35. തൈക്കാട്ടുശ്ശേരി | മെയ് 23 | 10.30 |
| 36. ചൂണ്ടൽ | മെയ് 23 | 10.30 |
| 37. മുല്ലക്കര | മെയ് 23 | 02.00 |
| 38. പറക്കാട് | മെയ് 23 | 02.00 |

## II. 12 A Registration

Income Tax നിയമം അനുസരിച്ച് 12 A Registration എടുക്കാത്ത ഇടവകകൾ ഇനിയും ഉണ്ടെങ്കിൽ ദയവായി 12 A Registration എടുക്കുവാൻ അടിയന്തിരമായി ശ്രമിക്കേണ്ടതാണ്. ഈ കാര്യത്തിൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിലും കൂടുതൽ ഉപദേശങ്ങൾക്കും വേണ്ടി ഫിനാൻസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**III. താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

1. അരമനയിൽ നൽകുന്ന തെരട്ട് കണക്ക് Income Tax Return നും മായി ബന്ധപ്പെടുത്തേണ്ടതില്ല. Income Tax Return സെപ്തംബർ 30ന് നകം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. ഇല്ലെങ്കിൽ മുഴുവൻ വരുമാനവും പൂർണ്ണമായി നികുതി വിധേയമാകും.

2. തെരട്ട് കൊടുക്കാൻ വൈകുന്നത് Income Tax Return File ചെയ്യുന്നതിന് തടസ്സമായി വരരുത്.

3. പള്ളിയുടെ PAN Number ഉപയോഗിച്ചിട്ടുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും നിർബന്ധമായും Income Tax ൽ File ചെയ്യുന്ന Balance Sheet ൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**IV. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. മണ്ണുത്തി – 5000
2. വെള്ളാനിക്കോട് – 5000
3. ലൂർദ്ദ് – 5000

**ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം – 15000 2. ചികിത്സ –10000

**അതിരൂപത സഹായ ഫണ്ട്**

1. വിദ്യാഭ്യാസം – 4000
2. വിവാഹം – 25250
3. ചികിത്സ – 34500

**സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

തലോർ – 37695

**ദുഃഖവെള്ളി, പെസഹാവ്യാഴം, മിഷൻ ഞായർ, സഭാദിനം, ഞായർ പിരിവ്, പ്രത്യേക പിരിവ്**

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|---|---|
| 1. | എളവള്ളി | | | 20000 | | | |
| 2. | കുന്ദംകുളം | | | 32295 | | | |
| 3. | മനക്കൊടി | | | 12875 | | | |
| 4. | നന്തിപുലം | | | 19505 | | | |
| 5. | പഴയന്നൂർ | | | 7730 | | | |
| 6. | പഴുവിൽ | | | 49850 | | | |
| 7. | പൂച്ചിന്നിപാടം | | | 24320 | | | |
| 8. | പുത്തൂർ | | | 25088 | | | |
| 9 | തലോർ | 4550 | 7890 | 8500 | 12000 | 11946 | 21720 |
| 10. | തൃപ്രയാർ | | | 20762 | | | |
| 11. | ലൂർദ്ദ് കത്തീഡ്രൽ | | | 197049 | | | |
| 12. | സെ. ആൻസ് വെസ്റ്റ് ഫോർട്ട് | | | 52120 | | | |
| 13. | അസ്സീസി മഠം, തൃശ്ശൂർ | | | | | | 500 |
| 14. | സെ. സേവ്യർസ് മഠം, ചേറൂർ | | | | | | 1000 |
| 15. | ലിസ്യൂ മഠം, ഗുരുവായൂർ | | | | | | 600 |
| 16. | പുഷ്പാലയം, ഗുരുവായൂർ | | | | | | 1200 |
| 17. | സെ. മേരീസ് തൃശ്ശൂർ | | | | | | 3791 |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 01 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 07 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. ലൂവീസ് ചാലക്കൽ | 13 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 15 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ജോൺ ചെമ്മണ്ണൂർ | 27 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. പോൾ മാറോക്കി | 28 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജെൽസ് ചേറ്റുപുഴക്കാരൻ | 01 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജേക്കബ് ചെറയത്ത് | 03 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. സാവിയോ (ടിന്റോ) തലോണിക്കര | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. എരിഞ്ഞേരി മാർസെലിനിയോസ് | 12 - 05 - 1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09 - 05 - 1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07 - 05 - 1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10 - 05 - 1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07 - 05 - 1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20 - 05 - 1947 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16 - 05 - 1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25 - 05 - 1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27 - 05 - 1958 |
| ഫാ. അക്കര ജോൺ | 09 - 05 - 1963 |
| ഫാ. അറക്കൽ ജേക്കബ് | 13 - 05 - 1965 |
| ഫാ. പാറനിലം ജോസഫ് | 29 - 05 - 1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19 - 05 - 1971 |
| ഫാ. താണിക്കൽ മാത്യു | 13 - 05 - 1972 |
| ഫാ. തെക്കിനിയത്ത് ആന്റണി (സീനിയർ) | 05 - 05 - 1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10 - 05 - 1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20 - 05 - 1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10 - 05 - 1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15 - 05 - 1989 |
| ഫാ. മഞ്ഞളി പോൾ (സീനിയർ) | 11 - 05 - 1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31 - 05 - 1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23 - 05 - 1999 |
| ഫാ. ആളൂർ ജെയിംസ് | 17 - 05 - 2009 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 13 - 05 - 2010 |
| ഫാ. പോൾ പുതുശ്ശേരി | 18 - 05 - 2011 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.03.2017 സി.എം.സി. പുതുക്കി പണിത ചെറളയം സ്കൂളിന്റെ ആശീർവ്വാദ കർമ്മം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും സിസ്റേഴ്സും ഈ മംഗളകർമ്മത്തിന് സാക്ഷ്യം വഹിച്ചു.

സി.എസ്.എസ്. സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ സ്ഥാപകൻ മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ 36-ാം ചരമവാർഷികത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് പുല്ലൂർ ആശുപത്രി ചാപ്പലിൽ അനുസ്മരണാബലി അർപ്പിക്കുകയും കബറിടത്തിൽ ഒപ്പീസ് പ്രാർത്ഥിക്കുകയും ചെയ്തു.

05.03.2017 സി.എസ്.എസ്. സ്ഥാപകപിതാവിന്റെ അനുസ്മരണാർത്ഥം പുല്ലൂർ സേക്രഡ് ഹാർട്ട് കോൺവെന്റിൽവച്ച് നടത്തിയ പ്രാർത്ഥനാദിനത്തിന് പൂല്ലൂർ വികാരി റവ.ഫാ.ആന്റണി വേലത്തിപറമ്പിൽ സി.എം.ഐ. നേതൃത്വം വഹിച്ചു.

09.03.2017 സി.എച്ച്.എഫ്. വസായ് ഈസ്റ്റ്, വെസ്റ്റ്, ഹോളി ഫാമിലി കോൺവെന്റുകളിൽ പ്രൊവിൻഷ്യൽ റവ. സി. മേഴ്സി പോൾ കാനോനിക സന്ദർശനം നടത്തി.

എസ്.എ.ബി.എസ്. ജനറലേറ്റ് സെനക്കിളിൽ നടന്ന യൂക്കരിസ്റ്റിക്ക് കൺവെൻഷനിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ലീ ജോസ് കൈപ്രമ്പട്ട്, സി. മേരി പെരേപ്പാടൻ, സി. ബ്ലസ്സി റോസ് ചിരിയങ്കണ്ടത്ത് എന്നിവർ പങ്കെടുത്തു.

12.03.2017 എസ്.എ.ബി.എസ്. ജറുസലേം ധ്യാനകേന്ദ്രത്തിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായി നടത്തിയ തിരുക്കർമ്മങ്ങളിൽ സി. സിറില്ല, സി. ലിൻസ മരിയ പാറേക്കാടൻ എന്നിവർ സംബന്ധിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് യുക്കരിസ്റ്റിക്ക് മീറ്റിംഗ് നടത്തി.

സി.എം.സി. വിമല കോളേജിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ അദ്ധ്യക്ഷപദം വഹിച്ചു.

എഫ്. സി. സി. തൃശൂർ ബിഷപ്സ് ഹൗസിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിത സംബന്ധിച്ചു.

എഫ്. സി. സി. ജനറൽതലത്തിൽ നിന്നും തിരൂർ സിയോനിൽ സംഘടിപ്പിച്ച ദിവ്യകാരുണ്യധ്യാനത്തിൽ ഇരിങ്ങാലക്കുട, പാലക്കാട്, തൃശൂർ പ്രോവിൻസുകളിൽ നിന്ന് 90 സിസ്റ്റേഴ്സ് സംബന്ധിച്ചു. ജനറൽ ആനിമേറ്റേഴ്സ് ധ്യാനത്തിന് നേതൃത്വം നൽകി.

സി.എസ്.എസ്. മണ്ണുത്തിയിലെ പ്രൊവിൻഷ്യൽ ഹൗസിൽ സ്ഥാപകപിതാവിന്റെ ചരമദിനാചരണത്തിന് അർപ്പിച്ച റാസ കുർബ്ബാനയ്ക്ക് മുളയം മേജർ സെമിനാരി റെക്ടർ റവ.ഫാ. ബാബു പാണാട്ടുപറമ്പിൽ, റവ.ഫാ. ജിഫി മേക്കാട്ടുകുളം, റവ.ഫാ. ബിൽജു വാഴപ്പിള്ളി എന്നിവർ കാർമ്മികത്വം വഹിച്ചു. അന്നേദിനത്തിലെ പ്രാർത്ഥനാ ശുശ്രൂഷകളിലും കലാപരിപാടികളിലും എല്ലാ ശാഖാഭവനങ്ങളിൽനിന്നും സഹോദരിമാർ പങ്കെടുത്തു. ലൂർദ്ദ് ആശുപത്രിയുടെ നേതൃത്വത്തിൽ മുളയം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിലെ രോഗികൾക്ക് പതിവുപോലെ സമ്മാനങ്ങൾ വിതരണം ചെയ്തു.

14.03.2017 എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര പങ്ങാരപ്പിള്ളി മഠത്തിൽ കാനോനിക സന്ദർശനം നടത്തി.

18.03.2017 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിനോടനുബന്ധിച്ച് ആരംഭിച്ച സാന്തോം വില്ല (പകൽ വീട്)-യുടെ വെഞ്ചിരിപ്പും ഔദ്യോഗിക ഉദ്ഘാടനവും പ്രൊവിൻഷ്യൽ ഹൗസ് ചാപ്ലയിൻ റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് O.Carm.നിർവഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തൃശൂർ കോർപ്പറേഷൻ കൗൺസിൽ പ്രതിപക്ഷ നേതാവ് അഡ്വ. എം. മുകുന്ദൻ അദ്ധ്യക്ഷപദം അലങ്കരിച്ച ചടങ്ങിൽ ജനറൽ കൗസിലർ സി. മേഴ്സിറ്റ കണ്ണമ്പുഴ ആശംസയർപ്പിച്ചു.

സി.എച്ച്.എഫ്. ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 1982 മുതൽ 1992 വരെയുള്ള വർഷങ്ങൾ ആദ്യവ്രതം സ്വീകരിച്ച സിസ്റ്റേഴ്സിന് ബാച്ച് ഗാതറിംഗ് നടത്തി. റവ.ഫാ.ബിജു പാണേങ്ങാടനും പ്രൊവിൻഷ്യൽ റവ. സി. മേഴ്സി പോളും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

19.03.2017 എഫ്. സി. സി.മാർച്ച് 16,19 തീയതികളിലായി തൃശൂർ അസ്സീസി പ്രോവിൻസിലെ വിവിധ ഭവനങ്ങളിൽ ആശ്രമശുശ്രൂഷികളായിരുന്ന ത്രേസ്യ വടക്കുഞ്ചേരി, മറിയാമ്മ അവപ്പാടൻ എന്നിവർ നിത്യസൗഭാഗ്യത്തിലേക്ക് വിളിക്കപ്പെട്ടു.

22.03.2017 സി.എച്ച്.എഫ്. ചേലക്കര ലിസ്യൂ ഭവനിൽ പ്രൊവിൻഷ്യൽ റവ. സി. മേഴ്സി പോൾ കാനോനിക സന്ദർശനം നടത്തി.

24.03.2017 എഫ്. സി. സി. ലോക്കൽ സുപ്പീരിയേഴ്സിന്റെ കോൺഫറൻസ് മാർച്ച് 24-ാം തീയതി വെള്ളിയാഴ്ച മുതൽ 26-ാം തീയതി വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.'കാൻസർ നിർമ്മാർജ്ജനം പ്രകൃതിക്കിണങ്ങിയ ജീവിതത്തിലൂടെ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി മാർച്ച് 25-ാം തീയതി അസ്സീസിയിൽ വെച്ച് നടന്ന ബോധവൽക്കരണ ക്ലാസ്സിൽ ലോക്കൽ സുപ്പീരിയേഴസിനു പുറമെ ഹെഡ്മിസ്ട്രസ്സുമാർ, ലോക്കൽ സോഷ്യൽ പ്രമോട്ടേഴ്സ്, ആശുപത്രി അഡ്മിനിസ്ട്രേറ്റേഴ്സ് എന്നിവർ സംബന്ധിക്കുകയുണ്ടായി.

26.03.2017 സി.എം.സി . പറപ്പൂർ ഇടവകയിൽ 50 സിസ്റ്റേഴ്സ് ഒരു ദിവസത്തെ ഹോം മിഷൻ നടത്തി.

എഫ്. സി. സി. മാർച്ച് 26 മുതൽ 31 വരെ റവ. ഫാ. ഇമ്മാനുവൽ വള്ളിപ്പാലത്തിന്റെ നേതൃത്വത്തിൽ തിരൂർ സിയോനിൽ വാർഷിക ധ്യാനം നടന്നു.

27.03.2017 എഫ്. സി. സി. 2017 ഏപ്രിൽ 27, 28 തീയതികളിലായി ആലുവ പോർസ്യുങ്കുള ജനറലേറ്റിൽ വെച്ച് നടന്ന ജനറൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിതയും സി. സ്റ്റാർലെറ്റ് സ്കറിയയും സംബന്ധിച്ചു.

28.03.2017 സി.എസ്.എം. മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ നിന്നും ഫോർമേറ്റേഴ്സ് കോഴ്സ് പൂർത്തിയാക്കിയ സി. ആൽഫിക്കും സി. മരിയറ്റക്കും അഭിനന്ദനങ്ങൾ.

എസ്.എ.ബി.എസ്. Egoism to Apotheosis: A study of the Homiletics in Fulton J. Sheen F വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. സി. സുമ തെരേസ് പെരേപ്പാടന് പ്രോവിൻസിന്റെ അഭിനന്ദനങ്ങൾ!

30.03.2017 സി.എം.സി . പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ പാവറട്ടി മേരി റാണി, നടത്തറ, കോട്ടപ്പടി, തൃശ്ശൂർ സേക്രഡ് ഹാർട്ട്, തൃശ്ശൂർ ജൂബിലി മിഷൻ, തൃശ്ശൂർ സെന്റ് ആൻസ്,ഒല്ലൂർ സെന്റ് മേരീസ്, കൊട്ടേക്കാട് എന്നീ മഠങ്ങളിൽ കാനോനിക സന്ദർനം നടത്തി.

**ആദരാഞ്ജലികൾ**



01.03.2017 സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് മഠാംഗമായ സി.ബെർണോ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



13.03.2017 സി.എം.സി. ചൂണ്ടൽ മരീനാഹോം മഠാംഗമായ സി.ഓസ്കർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മോ.ജോർജ്ജ് കോമ്പാറയുടെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



13.03.2017 സി.എം.സി. ചൂണ്ടൽ സാൻതോം മഠാംഗമായ സി. റോസ് മേരി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മോ.തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



31.03.2017 എഫ്. സി. സി. മരത്താക്കര 'ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായിരുന്ന ബ. സി. സിറിൽ നിത്യസൗഭാഗ്യത്തിലേക്ക് വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഏപ്രിൽ 1-ാം തീയതി രാവിലെ 11.30 ന് മരത്താക്കര മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്ക്കരിച്ചു.

**സി. ജോസഫൈൻ പാലത്തിങ്കൽ SABS**

സി. ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

## മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

പ്രിയപ്പെട്ട കുട്ടികളെ,

നിങ്ങൾക്ക് സുഖമാണല്ലോ? അവധിക്കാലം നിങ്ങൾ എങ്ങനെയാണ് ചെലവഴിക്കുന്നത്? എല്ലാവർക്കും സന്തോഷപ്രദമായ അവധിക്കാലം ആശംസിക്കുന്നു. നിങ്ങളുടെ ഇടവകയിലെ ദൈവദർശൻ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ടെന്ന് വിശ്വസിക്കട്ടെ. നിങ്ങളിൽ പലരും മുടങ്ങാതെ പള്ളിയിൽ പോകുന്നുണ്ടെന്ന് എന്നറിയുന്നതിൽ സന്തോഷിക്കുന്നു.

മെയ്മാസം കുട്ടികൾക്ക് വളരെ ഇഷ്ടപ്പെടുന്നതിന്റെ കാരണം അവധിക്കാലമാണെന്നു മാത്രമല്ല, മാതാവിന് പ്രതിഷ്ഠിക്കപ്പെട്ട മാസമാണെന്നു കൂടിയാണ്. വണക്കമാസ പ്രാർത്ഥനയിൽ നിങ്ങൾ നന്നായി പങ്കുചേരണം. വീട്ടിലെ രൂപക്കൂടും മാതാവിന്റെ രൂപവും നന്നായി അലങ്കരിക്കാൻ നിങ്ങൾ പരിശ്രമിക്കണം. നല്ല മാതാവേ, മരിയേ... എന്ന പഴയകാലപാട്ട് ഇന്നും പാടാൻ ശ്രമിക്കുന്നത് നല്ലതാണ്. മാതാവിനോടുള്ള ഭക്തി വളരെ അനുഗ്രഹദായകമാണ്. ജപമാല നിങ്ങൾ മുടങ്ങാതെ ചൊല്ലുന്നുണ്ടല്ലോ? ഈശോ ആദ്യത്തെ അത്ഭുതം പ്രവർത്തിക്കുന്നത് മാതാവിന്റെ മധ്യസ്ഥത വഴിയാണ്. നമുക്കും അനുഗ്രഹം ലഭിക്കാൻ മാതാവ് ഒരു നിബന്ധന മാത്രമേ പറയുന്നുള്ളൂ. “അവൻ പറയുന്നതുപോലെ ചെയ്യുക” (യോഹ. 2:6)

ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെക്കൂടി ഓർക്കണേ.

മിശിഹായിൽ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

വാർഷിക പരീക്ഷയിൽ വിജയിച്ചവർക്കും ഉന്നതവിജയം കരസ്ഥമാക്കിയവർക്കും റാങ്ക് ജേതാക്കൾക്കും അഭിനന്ദനങ്ങൾ. മെയ്മാസറാണിയായ പരി. അമ്മയോടുള്ള ഭക്തിയിൽ വളരാൻ ഈ മാസം കൂടുതൽ ശ്രദ്ധിക്കാം. ഈശോയെ കാത്തുപരിപാലിച്ചുവന്ന മാതാവ് നമ്മെയും കാത്തു പരിപാലിക്കുന്നു. അവധിക്കാല ആഘോഷങ്ങളോടൊപ്പം ഏറ്റവും വലിയ ആഘോഷമായ ദിവ്യബലിയിൽ അനുദിനം പങ്കുചേരാം. കൂട്ടുകാരെ സ്നേഹിച്ചും മാതാപിതാക്കളെ അനുസരിച്ചും നന്മചെയ്ത് മുന്നേറാം. അടുത്ത അധ്യയനവർഷത്തേക്ക് ഒരുങ്ങുകയും ചെയ്യാം.

**1. പുതിയ അധ്യയന വർഷം 2017 - 2018**

പുതിയ അധ്യയനവർഷം ജൂൺ 4-ന് ആരംഭിക്കുന്നു. അധ്യയന വർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

**2. പുതിയ ഹെഡ്മാസ്റ്റർമാർ**

ഏതെങ്കിലും യൂണിറ്റിൽ **ഹെഡ്മാസ്റ്റർ** മാറിയിട്ടുണ്ടെങ്കിൽ 2017 മെയ് 20-ന് മുമ്പ് പുതിയ **ഹെഡ്മാസ്റ്ററുടെ പേരും അഡ്രസും ഫോൺനമ്പറുമടക്കം** മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കണം.

ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ പുതിയ ഹെഡ്മാസ്റ്റർമാരും പങ്കെടുക്കേണ്ടതാണ്.

**3. ഹെഡ്മാസ്റ്റർമാരുടെ സെമിനാറും കോൺഫ്രൻസും - 2017 മെയ്** 21 **ഞായർ**

രാവിലെ 9.30 ന് ആരംഭിക്കും. ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. അടുത്ത അധ്യയനവർഷത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഈ കോൺഫ്രൻസിൽ നല്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായി പങ്കെടുക്കേണ്ടതാണ്.

**4. യൂണിറ്റുകളിലെ സ്റ്റാഫ് മീറ്റിംഗ്**

2017 മെയ് 28 ന് എല്ലാ യൂണിറ്റുകളിലും രാവിലെ തന്നെ **സ്റ്റാഫ് മീറ്റിംഗ്** നടത്തുകയും പുതിയ വർഷത്തിലേക്കുള്ള പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും, അന്നേ ദിവസംതന്നെ ഉച്ചകഴിഞ്ഞ് ഫൊറോനാടിസ്ഥാനത്തിൽ നടക്കുന്ന അർദ്ധദിന സെമിനാറിൽ അധ്യാപകർ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

**5. അധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ**

ഞായറാഴ്ച മതബോധന അധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ ഫൊറോനാതലത്തിൽ മെയ് 28-ന് ഉച്ചകഴിഞ്ഞ് നടത്തുന്നതാണ്. എല്ലാ മതാധ്യാപകരും സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഹെഡ്മാസ്റ്റർമാരിൽനിന്നും ഫൊറോനാ പ്രമോട്ടറിൽ നിന്നും ലഭിക്കും.

## 6. ACC Re-Examination: May 13 Saturday 01.30 PM

2017ഫെബ്രുവരിയിലെ **ACC** വാർഷികപരീക്ഷയിൽ തോറ്റവർക്കും, പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷയ്ക്ക് മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാനതിയതി 2017 മെയ് 8. രജിസ്റ്റർ ചെയ്യുമ്പോൾ 2017 ഫെബ്രുവരിയിലെ വാർഷികപരീക്ഷയുടെ ഹാൾടിക്കറ്റ് കൊണ്ടുവരണം. പരീക്ഷാഫീസ് Rs. 100/-

**പരീക്ഷാവിവരങ്ങൾ:**

| | |
|---|---|
| തിയതി | : 2017 മെയ് 13 |
| ദിവസം | : ശനി |
| സമയം : | 01.30 PM - 04.30 PM |
| സ്ഥലം | : മതബോധനകേന്ദ്രം, DBCLC, തൃശൂർ |
| പാഠം | : 2016-2017 അധ്യയനവർഷത്തെ ACC സിലബസ് |

## 7. സ്കൂൾ മതബോധന, സന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകൾ

2017 ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

## 8. യൂണിറ്റുകളിൽ മാറ്റം

പുതിയ അധ്യയനവർഷത്തിൽ ഏതെങ്കിലും പുതിയ യൂണിറ്റ് ആരംഭിക്കുകയോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2017 മെയ് 15-ന് മുമ്പ് മതബോധന ഡയറക്ടറെ ആ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 9. Basic CTC

അതിരൂപതയിലെ എല്ലാ അധ്യാപകരും Catechists' Training Course **(CTC)** Programme- ൽ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടതാണ്. ഈ വർഷത്തെ CTC- ക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. നേരത്തെ പണം അടച്ച് രജിസ്റ്റർ ചെയ്യുന്ന 60 പേർക്ക് മാത്രമേ ഓരോ കോഴ്സിലും പ്രവേശനമുണ്ടാകൂ. ഫോൺ മുഖേന രജിസ്ട്രേഷൻ ഇല്ല. മെയ് 5നു മുമ്പ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. കോഴ്സ് നടത്തുവാൻ മതിയായ എണ്ണം അധ്യാപകർ ഇല്ലെങ്കിൽ കോഴ്സ് നടത്തുക സാധ്യമല്ല. മതബോധനകേന്ദ്രത്തിൽവച്ചാണ് കോഴ്സുകൾ നടത്തുന്നത്. കോഴ്സുകളുടെ തിയതികൾ :

**1) അവധിക്കാലത്ത് ബേസിക് സി. ടി. സി.** : മെയ് 12 വെള്ളിയാഴ്ച വൈകിട്ട് 5:30 മുതൽ മെയ് 14 ഞായർ വൈകിട്ട് 4 വരെ മെയ് 5 നുമുമ്പ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**2) ബേസിക് സി. ടി. സി. :** ജൂൺ 9 വെള്ളിയാഴ്ച വൈകിട്ട് 5:30 മുതൽ ജൂൺ 11 ഞായർ വൈകിട്ട് 4 വരെ

**10. ACC സിലബസും പാഠപുസ്തകവും**

**a) ACC Text Book :** യുവജനമതബോധനത്തിന് കത്തോലിക്കാ സഭ തയ്യാറാക്കിയിട്ടുള്ള YOUCAT എന്ന പുസ്തകം ACC കോഴ്സിന്റെ 3 വർഷത്തേക്കുള്ള അടിസ്ഥാന പാഠപുസ്തകമാണ്. ഈ പുസ്തകം മതബോധനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്. മലയാളഭാഷയിലുള്ള പുസ്തകത്തിന് 150 രൂപയാണ് വില. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

**b) Supplementary Readers:** ഓരോ വർഷവും ആനുകാലിക വിഷയങ്ങളേയും മറ്റും സംബന്ധിച്ച് ഒരു ലഘുപുസ്തകവും സിലബസിൽ ഉണ്ടായിരിക്കും. അതും വിദ്യാർത്ഥികൾ വാങ്ങി ഉപയോഗിക്കേണ്ടതാണ്.

**11. ഫൊറോന പ്രൊമോട്ടർമാർ**

മതബോധന ഫൊറോന പ്രൊമോട്ടർമാരായ വൈദികരുടെ പേരുവിവരം താഴെകൊടുക്കുന്നു.

| Forane | Name | Place/Parish | Mobile |
|---|---|---|---|
| 1. Chelakkara | **Fr. Perepadan Jinto** | Jyothi Eng. College | 8129956958 |
| 2. Erumapetty | **Fr. Thattil Linto** | Vellarakkad | 9496014399 |
| 3. Kandassankadvu | **Fr. Kavalakkatt Franco** | Eravu | 9847250769 |
| 4. Kottekad | **Fr. Cheruvathoor Vincent** | Viyyur | 9495634727 |
| 5. Mattom | **Fr. Kidangan John** | Koonammoochi | 9446723642 |
| 6. Ollur | **Fr. Thekkekara Davis** | Avinissery | 9846905210 |
| 7. Palayur | **Fr. Muttath Francis** | Brahmakulam | 9946610100 |
| 8. Parappur | **Fr. Alappat Biju** | Ambakad | 9496770674 |
| 9. Pattikad | **Fr. Vattanirappel Jaison** | Vellakkarithadam | 9847644982 |
| 10.Pazhuvil | **Fr. Kanjirathingal Varghese** | Chevoor | 8547423200 |
| 11.Pudukad | **Fr. Vadakkan Job** | Chittissery | 9744670669 |
| 12.Puthur | **Fr. Edakkalathur Thomas** | Eravimangalam | 9496913633 |
| 13.Thrissur Dolours | **Fr. Kundukulam Stishin** | St. Thomas College Hostel | 9159862915 |
| 14.Thrissur Lourdes | **Fr. Edakkalathoor Varghese** | Madona Nagar | 9656020925 |
| 15.Velur | **Fr. Edathiruthy Jojo** | Kiraloor | 9562775875 |
| 16.Wadakkanchery | **Fr. Panamkulam Davis** | Thiroor | 9496346180 |

**12. പാഠപുസ്തകവിതരണം**

2017 മെയ് 10 മുതൽ മതബോധനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്. വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

വാങ്ങേണ്ട പുസ്തകങ്ങളുടെ ഇൻഡന്റ് നേരത്തെ തന്നിരിക്കണം. ഇൻഡന്റ് ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. നിങ്ങളുടെ ഓർഡർ ഇവിടെ ലഭിച്ചുകഴിഞ്ഞ് 5 ദിവസത്തിനുശേഷം റൊക്കം പണം തന്ന് പുസ്തകങ്ങൾ കൊണ്ടുപോകാവുന്നതാണ്, രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

**13. ഏകദിന സെമിനാർ**

മതാധ്യാപകർക്കുള്ള ഏകദിന സെമിനാർ ജൂൺ-ജൂലൈ മാസങ്ങളിലായിരിക്കും. ACC അധ്യാപകർക്കുള്ള ഏകദിന സെമിനാർ ജൂൺ 11 ന് ആയിരിക്കും.

**14. യൂണിറ്റ് വിസിറ്റ്**

12 ഞായറാഴ്ചകളിലായി നടത്തുന്ന യൂണിറ്റ് വിസിറ്റ് ഈ വർഷം ജൂലായ് ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലായി നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**15. Parent Teacher Association (P. T. A.)**

തൃശ്ശൂർ അതിരൂപതയിലെ വിശ്വാസപരിശീലനരംഗത്ത് യൂണിറ്റ് - ഫൊറോന - അതിരൂപതാതലങ്ങളിൽ പി. ടി. എ, സ്ഥാപിതമായിട്ട് 25 വർഷമായി എന്ന് വളരെ സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുകയാണ്.

അതിനോടനുബന്ധിച്ച് ഈ അധ്യയന വർഷത്തിൽ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത് വളരെ നല്ലതാണ്. മാതാപിതാക്കന്മാരുടെ കരുതലും പ്രോത്സാഹനവുമുണ്ടെങ്കിലേ കുട്ടികൾ മതബോധനത്തിൽ താൽപര്യപൂർവ്വം പങ്കെടുക്കൂ. ഇക്കാര്യത്തിൽ മാതാപിതാക്കന്മാരെ ഊർജ്ജസ്വലരാക്കാൻ യൂണിറ്റ് പി. ടി. എ ക്ക് വലിയ പങ്കുവഹിക്കാനാകും. അതെക്കുറിച്ച് യൂണിറ്റ് പി. ടി. എ. ഭാരവാഹികൾ ആവശ്യമായ ചർച്ച നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
Asst. Directors

**Fr. Raphael Akkamattathil**
Director

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)

E-mail: Institute.of.theology@gmail.com

## 1. Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ മെയ് 14, 28 എന്നീ ഞായറാഴ്ച്ചകളിൽ 2 മണി മുതൽ 5 മണി വരെയായിരിക്കും.

## 2. Basic Theology Course:

സന്യാസർത്ഥിനികൾക്കായുള്ള 3 മാസത്തെ ബേസിക് തിയോളജി കോഴ്സ് മാർച്ച് 30-ന് സമാപിച്ചു. അന്നേദിനം തന്നെ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**

ഡയറക്ടർ

---



## പാലയൂർ
## മാർതോമ അതിരൂപതാ തീർത്ഥകേന്ദ്രം

**1. മുപ്പിട്ട് ഞായർ തിരുനാൾ ആഘോഷവും ദണ്ഡവിമോചനവും**
**മെയ് 13 ശനി ഉച്ചകഴിഞ്ഞ് 5.00 മണിമുതൽ 14 ഞായർ രാത്രിവരെ.**

13 ശനി 5.00 മണിക്ക് ദണ്ഡവിമോചന നവീകരണശുശ്രൂഷ. തുടർന്ന് ദിവ്യബലി, നൊവേന, തിരുനാൾ കർമ്മങ്ങൾ.

14 ഞായർ രാവിലെ 6.30 നും 9.30 നും ഉച്ചകഴിഞ്ഞ് 3.30 നും 5.30 നും - ദിവ്യബലി, നൊവേന, തിരുനാൾ കർമ്മങ്ങൾ. ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സമൂഹമാമ്മോദീസ, 2.30 മുതൽ കുമ്പസാരസൗകര്യം.

**2. എഴുത്തിനിരുത്തൽ - മാർതോമാ തീർത്ഥകേന്ദ്രത്തിൽ - മെയ് 28 ഞായറാഴ്ച**

മുൻവർഷത്തെപോലെ കുട്ടികളെ എഴുത്തിനിരുത്തുന്നതാണ് - 10.00 മണിക്ക്. കുട്ടികളെ എഴുത്തിനിരുത്താൻ ആഗ്രഹിക്കുന്നവർ മുൻകൂർ ആയി രജിസ്ട്രർ ചെയ്യേണ്ടതാണ്. ഫോൺ - 0487 2556418, 2556978.

**3. ചൊവ്വാഴ്ചയാചരണം**

രാവിലെ 6.30 നും വൈകീട്ട് 5.15 നും വി. കുർബ്ബാന, തളിയകുളത്തിലേക്ക്

പ്രദക്ഷിണം, തിരുനാൾ കർമ്മങ്ങൾ, തിരുശേഷിപ്പ് വണക്കം, നേർച്ചവിതരണം, അടിമയിരുത്തൽ, കുട്ടികൾക്ക് ആദ്യത്തെ ചോറൂണ് എന്നിവ.
10.00 മണിമുതൽ 3.30 വരെ നൊവേന, സമർപ്പണം, വചനപ്രഘോഷണം, മധ്യസ്ഥപ്രാർത്ഥന, വി. കുർബ്ബാന, കൗൺസിലിംഗ്, കുമ്പസാരം, ആരാധന, സൗഖ്യദായകശുശ്രൂഷ, അനുഭവസാക്ഷ്യങ്ങൾ, തിരുശേഷിപ്പ് വണക്കം എന്നിവയോടുകൂടി മാർതോമാചൊവ്വാഴ്ചയാചരണം നടത്തുന്നു.

**4. വചനമണ്ഡപത്തിലെ വചനവായന**

മാർതോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രഥമ വചനപ്രഘോഷണവേദിയായ പാലയൂരിലെ വചനമണ്ഡപത്തിൽ പ്രത്യോകനിയോഗങ്ങളോടെ വന്ന് വചനം വായിച്ച് ധാരാളം പേർ അനുഗ്രഹീതരാകുന്നുണ്ട്. സംസാരവും വായനയുമായി ബന്ധപ്പെട്ട നിയോഗങ്ങൾ.

**5. അരങ്ങേറ്റ മഹോത്സവം ജൂലൈ 9 ഞായർ**

മാർതോമാശ്ലീഹാ ഭാരതത്തിൽ പ്രേഷിതപ്രവർത്തനത്തിന് അരങ്ങേറ്റം കുറിച്ച പാലയൂരിൽ മുൻവർഷങ്ങളിലെ പോലെ ഇക്കൊല്ലവും ജൂലൈ 3 കഴിഞ്ഞുവരുന്ന ഞായറാഴ്ച-ജൂലൈ 9 -വിവിധ കലാരൂപങ്ങളുടെ അരങ്ങേറ്റം നടക്കുന്നതാണ്. മാർതോമാ അതിരൂപത തീർത്ഥകേന്ദ്രത്തിൽ കഴിഞ്ഞവർഷം തിരുസന്നിദ്ധിയിൽനിന്ന് കൊളുത്തിയെടുത്ത ഭദ്രദീപത്തെ സാക്ഷിയാക്കി അരങ്ങേറ്റം കുറിച്ചത് അതിരൂപതയ്ക്ക് പുറത്തുള്ള ഒരു ഇടവകയിൽ നിന്നും, അതിരൂപതയിലെ 7 ഇടവകകളിൽ നിന്നുമുള്ള വളരാൻ ആഗ്രഹിക്കുന്ന 50-ഓളം കലാകാരന്മാരും കലാകാരികളുമാണ്. ഇക്കൊല്ലം കൂടുതൽ ഇനങ്ങളിലായി കൂടുതൽ പേർ അരങ്ങേറ്റം നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. അരങ്ങേറ്റം നടത്താൻ ആഗ്രഹിക്കുന്നവർ രജിസ്ട്രർ ചെയ്യേണ്ടതാണ്. ഫോൺ - 0487 2556418.

**6. മാർതോമാമക്കൾ സംഗമവും തിരുനാൾ ആചരണവും - ജൂലൈ 8 ശനി**

കഴിഞ്ഞകാലങ്ങളിൽ പാലയൂർ തളിയകുളത്തിൽ മാമ്മോദീസ സ്വീകരിച്ചവരുടെയും തോമസ് നാമധാരികളുടെയും സംഗമവും തിരുനാൾ ആഘോഷവും ഇക്കൊല്ലവും തർപ്പണതിരുനാളിനോടനുബന്ധിച്ച് നടത്തുന്നുണ്ട് - ജൂലൈ 8 ശനിയാഴ്ച ഉച്ചകഴിഞ്ഞ്. തളിയകുളത്തിൽ മാമ്മോദീസ സ്വീകരിച്ചവരായ എല്ലാവരും തോമസ് നാമധാരികളും അന്നേദിവസം വന്ന് പങ്കെടുക്കുന്നതിന് നേരത്തെ ക്ഷണിക്കുന്നു.

**7. തീർത്ഥാടനം തുടരുന്നു**

അഭൂതപൂർവ്വമായ ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ 2017 ഏപ്രിൽ 2 ലെ പാലയൂർ മഹാതീർത്ഥാടനത്തെ തുടർന്ന് അതിരൂപതയിലെയും അതിരൂപതയ്ക്കു പുറത്തുനിന്നും വൈദികരുടെയും സന്യസ്തരുടെയും കുടുംബകൂട്ടായ്മകളുടെയും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും

നേതൃത്വത്തിൽ ധാരാളം തീർത്ഥാടകർ പാലയൂർ പള്ളിയിൽ വന്ന് വിശ്വാസകവാടവും മാർതോമാകുരിശും ബോട്ടുകുളവും തളിയകുളവും സന്ദർശിച്ച് പ്രാർത്ഥിക്കുകയും അപേക്ഷകളും ഉപകാരസ്മരണകളും സമർപ്പിക്കുകയും പൈതൃകവും ചരിത്രമ്യൂസിയവും പുണ്യസ്ഥലങ്ങളും കണ്ട് വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ട് പോവുകയും ചെയ്യുന്നുണ്ട്. ഇവിടെ ലഭിക്കുന്ന നൂറുകണക്കിന് അപേക്ഷകളിന്മേൽ മധ്യസ്ഥപ്രാർത്ഥനകൾ നടത്തുന്നു. ഉപകാരസ്മരണകൾ സമീപപ്രദേശങ്ങളിൽ നിന്ന് ഉള്ളവർ കൂടുതലായി എഴുതിയിടാറുണ്ടെങ്കിലും അകലങ്ങളിലുള്ളവർ ചുരുക്കം പേർ മാത്രമാണ് കത്തുമൂലമോ ഫോൺവഴിയോ ഇമെയിൽ വഴിയോ ഉപകാരസ്മരണകൾ അറിയിക്കാറുള്ളത്. അറിയിക്കാൻ ആഗ്രഹിക്കുന്നവർക്ക് – പോസ്റ്റ് – പാലയൂർ – 680 506, ഫോൺ – 0487 2556418, 2556978, ഇമെയിൽ stthomasshrine@gmail.com.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ/വികാരി

## മേരിമാതാ മേജർ സെമിനാരി

**Individual Patron Membership**

1. ശ്രീ. ജോയ് മാത്യു, ആറ്റുപുറം ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
2. ശ്രീ. സി. പി. പോൾ പ്രേമ പോൾ, ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു ഹൗസ്, അരണാട്ടുകര

**Individual Benefactor Membership**

2. ശ്രീ. മാഗി ആന്റണി, പാലയൂർ ഹൗസ്,കുന്നത്തങ്ങാടി
2. റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ, ചെങ്ങാലൂർ
3. ശ്രീ. ടി.ജെ. മാത്യു താണിക്കൽ ചാലിശ്ശേരി ഹൗസ്, കണ്ടശ്ശാംകടവ്
4. ശ്രീമതി റീത്ത മാത്യൂസ്, തത്രത്തിൽ പൊന്മാണി ഹൗസ്, പുറനാട്ടുകര

**Individual Well Wisher Membership**

1. റവ. സി. സുപ്പീരിയർ, സെന്റ് റീത്താസ് എഫ്.സി.സി. കോൺവെന്റ്, പെരുമ്പിള്ളിശേരി
2. റവ. ഫാ. ജോയ്സൺ ചെറുവത്തൂർ, പാവറട്ടി
3. ഹോളി ഫാമലി കോൺവെന്റ്, ചെമ്പുക്കാവ്

**ഫാ. ടോണി നീലങ്കാവിൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

## വൈദിക വസ്ത്ര സ്വീകരണത്തിനുള്ള ഒരുക്ക ധ്യാനം

ഈ വർഷം വൈദിക വസ്ത്രം സ്വീകരിക്കാനുള്ള സെമിനാരി വിദ്യാർത്ഥികൾ 2017 മാർച്ച് 30 മുതൽ ഏപ്രിൽ 10 വരെയുള്ള ദിവസങ്ങളിൽ തിരുവില്വാമലയിലെ സെന്റ് പോൾ ഗുരുകുലത്തിൽ താമസിച്ച് ധ്യാനിച്ചും പ്രാർത്ഥിച്ചും പരിചിന്തനം നടത്തിയും ഒരുങ്ങി. അവരെ ആത്മാർത്ഥമായി സഹായിച്ച ബഹു. ടിങ്കിൾ വാഴപ്പിള്ളിയച്ചൻ, ബഹു. സാജൻ പിണ്ടിയാനച്ചൻ, ബഹു. ബിജു പാണേങ്ങാടനച്ചൻ, ബഹു. ജോർജ്ജ് മണലേലച്ചൻ തുടങ്ങിയവരോടുള്ള കൃതജ്ഞത അറിയിക്കുന്നു.

## ദൈവവിളി ക്യാമ്പുകൾ

നിശ്ചയിച്ചിരുന്ന ദിവസങ്ങളിൽ തന്നെ ദൈവവിളി ക്യാമ്പുകൾ നടന്നു. ഏപ്രിൽ 3, 4 തിയതികളിൽ ഡി.ബി. സി. എൽ. സിയിൽ വച്ച് നടന്ന പെൺകുട്ടികൾക്കായുള്ള ക്യാമ്പിൽ 25 ഇടവകകളിൽ നിന്നായി 52 വിദ്യാർത്ഥിനികൾ സംബന്ധിച്ചു. ഏപ്രിൽ 3, 4; 5, 6; & 7,8 തിയതികളിൽ മൂന്ന് ബാച്ചുകളിലായി മഡോണ സെമിനാരിയിൽ നടന്ന ആൺകുട്ടികൾക്കായുള്ള ക്യാമ്പിൽ 118 ഇടവകകളിൽ നിന്നായി 252 പേർ പങ്കെടുത്തു. ക്യാമ്പുകളിലേക്ക് കുട്ടികളെ ഒരുക്കി അയച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## ദൈവവിളി വാര ഉപവാസ പ്രാർത്ഥയജ്ഞം

2017 ഏപ്രിൽ 3 മുതൽ 8 വരെ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ ദൈവവിളി വാര ഉപവാസ പ്രാർത്ഥനയജ്ഞം നടന്നു. ഈ ദൈവവിളി വാര ഉപവാസ പ്രാർത്ഥയജ്ഞത്തിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത വിവിധ സന്യാസ സമൂഹങ്ങളിലെ സുപ്പീരിയേഴ്സിനും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും അതിരൂപതയിലെ എല്ലാ ബ്രദേഴ്സിനും പ്രത്യേകം നന്ദി പറയുന്നു.

## മേജർ സെമിനാരിയൻസ് കോൺഫ്രൻസ്

വിവിധ മേജർ സെമിനാരികളിലായി പരിശീലനം നേടികൊണ്ടിരിക്കുന്ന തൃശ്ശൂർ അതിരൂപതാ വൈദിക വിദ്യാർത്ഥികൾ 2017 മെയ് 10 മുതൽ 13 വരെ മൈനർ സെമിനാരിയിൽ ഒത്തുചേരുന്നു.

## വൈദിക വസ്ത്ര സ്വീകരണം

2017 മെയ് 13-ാം തിയതി ഉച്ചകഴിഞ്ഞ് 2.00ന് മാർ ആൻഡ്രൂസ് താഴത്ത്

പിതാവിന്റെ കാർമ്മികത്വത്തിൽ നടക്കുന്ന വിശുദ്ധ ബലി മദ്ധ്യേ വച്ച് ഒരുക്കം പൂർത്തിയാക്കിയ ബഹു. ശെമ്മാശ്ശന്മാർ വൈദിക വസ്ത്രം സ്വീകരിക്കുന്നു. മഡോണ മൈനർ സെമിനാരിയിൽ വച്ചാണ് തിരുക്കർമ്മങ്ങൾ നടക്കുന്നത്.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ഷാരോൺ ചാക്കോ, മറ്റത്തിൽപറമ്പിൽ, യു.എസ്. എ.
2. ഷവാൻ ചാക്കോ, മറ്റത്തിൽപറമ്പിൽ, യു.എസ്. എ.
3. ശിൽപ ചാക്കോ, മറ്റത്തിൽപറമ്പിൽ, യു. എസ്.എ.
4. ശ്രീ. ജോസി ജോൺ, ഒലിയപുറത്ത്, യു. എസ്. എ.
5. ശ്രീ. ജോഷി വി. ജെ., വടക്കൻ ഹൗസ്, കൂർക്കഞ്ചേരി
6. ശ്രീമതി ലിസ്സി ഫ്രാൻസീസ്, തറയിൽഹൗസ്, അയ്യന്തോൾ
7. ശ്രീ. ഹോറിസൺ ചാക്കോ, ചക്രമാക്കിൽ, പാലുവായ്
8. ശ്രീ. ജെയ്ക്കബ് ടി. സി. തോലത്ത് ഹൗസ്, അയ്യന്തോൾ
9. റവ.ഫാ. ജോൺസൺ ചാലിശ്ശേരി, തൃശ്ശൂർ
10. ശ്രീ. അജിൻ വർഗ്ഗീസ് & ഫാമിലി, ചെറുവത്തൂർ ഹൗസ്, എടക്കളത്തൂർ
11. റവ. ഫാ. ജോസ് ചാലക്കൽ, തൃശ്ശൂർ
12. ശ്രീ. തോമ, ശ്രീമതി റോസ & ഫാമിലി, ചാലക്കൽ ഹൗസ്, കൊട്ടേക്കാട്
13. ശ്രീമതി റോസി തോമാസ്, നിലയാറ്റിങ്കൽ ഹൗസ്, തൃശ്ശൂർ
14. റവ. സിസ്റ്റർ സുപ്പീരിയർ & കമ്മ്യൂണിറ്റി സി.എച്ച്. എഫ്., ഹോളി ഫാമിലി സി.എച്ച്. എഫ്. കോൺവെന്റ്, ചെമ്പൂക്കാവ്
15. റവ. ഫാ. തോമസ് വടക്കേത്തല, തൃശ്ശൂർ
16. ശ്രീ. തോമസ് കെ.എ. കുറ്റിക്കാട്ട് ഹൗസ്, നെല്ലിക്കുന്ന്
17. BRADDOCK Info Tech (P) Ltd., Koratty
18. ശ്രീമതി ഷീബ പിയൂസ് & ശ്രീ പിയൂസ് പി. എ., പുത്തൂർ ഹൗസ്, പുതുരുത്തി
19. പബിന പിയൂസ്, പുത്തൂർ ഹൗസ്, പുതുരുത്തി
20. നേഹ പിയൂസ്, പുത്തൂർ ഹൗസ്, പുതുരുത്തി
21. നിത്യ പിയൂസ്, പുത്തൂർ ഹൗസ്, പുതുരുത്തി

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**റവ. ഫാ. ബൈജു ചാക്കേരിയ്ക്ക് യാത്രയയപ്പ് നൽകി**

ദീർഘകാലം സെന്റ് തോമാസ് കോളേജിലെ ബർസാറും നിലവിൽ വൈസ് പ്രിൻസിപ്പാളും സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റ് മേധാവിയുമായിരുന്ന റവ. ഫാ. ബൈജു ചാക്കേരിയക്ക് ഔപചാരികമായ യാത്രയയപ്പ് കോളേജ് നൽകി. യാത്രയയപ്പു യോഗത്തിൽ കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ, ബൈജുവച്ചൻ കോളേജിനു നൽകിയ സേവനങ്ങളെ അനുസ്മരിച്ചു സംസാരിച്ചു. പ്രിൻസിപ്പാൾ, ഡോ. പി. ഒ. ജെൻസന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, പ്രഫ ജോർജ്ജ് അലക്സ്, പ്രഫ. ലിംസ്, ശ്രീ. പാട്രിക് മാത്യു എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, പുതിയ വൈസ് പ്രിൻസിപ്പാൾ**

കോളേജിന്റെ പുതിയ വൈസ് പ്രിൻസിപ്പാളായി നിലവിലെ ബർസാറും ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകനുമായ റവ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ചുമതലയേറ്റു.

**ജീവനക്കാർ വിരമിച്ചു.**

സ്റ്റാറ്റിക്സ് ഡിപ്പാർട്ടുമെന്റ് മേധാവി ഡോ. ടി.ഡി. സേവ്യർ, ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് മേധാവി ഡോ. സെബി ജോസ്, സീനിയർ ക്ലർക്ക് ശ്രീ വർഗ്ഗീസ് പൂവ്വത്തൂക്കാരൻ എന്നിവർ മാർച്ച് 31ന് വിരമിച്ചു.

**ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിനു നേട്ടം**

ഗുരുവായൂർ ശ്രീ കൃഷ്ണ കോളേജ് ഗ്രൗണ്ടിൽ വെച്ചു നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ സെന്റ് തോമസ് കോളേജ് ടീം റണ്ണേഴ്സ് അപ്പ് കിരീടം സ്വന്തമാക്കി.

**നിരവിധി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് NET - TRF GATE യോഗ്യത നേടി**

ഡിസംബറിൽ നടന്ന പരീക്ഷയിൽ സെന്റ് തോമസ് കോളേജിലെ നിരവധി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൽ യോഗ്യത നേടി. തുടർന്ന് നടന്ന പരീക്ഷയിലും കോളേജിലെ വിദ്യാർത്ഥികൾ NET - TRF GATE മികച്ച വിജയം കരസ്ഥമാക്കി.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

# THRISSUR EDUCATIONAL TRUST & Jyothi Engineering College

- **അന്താരാഷ്ട്രവനിതാദിനം** : സ്ത്രീശാക്തികരണം എന്നതുകൊണ്ട് സ്ത്രീയ്ക്ക് സമൂഹികവും സാമ്പത്തികവും നിയമപരവുമായ സമത്വം എന്നതാണ് ഉദ്ദേശിക്കുന്നതെന്ന് ഡോ. ഗീത കുട്ടി പി.എസ്. (പ്രൊഫസർ & പ്രൊജക്ട് കോഡിനേറ്റർ ഓഫ് ജെന്റർ സ്റ്റഡീസ്, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി) പറഞ്ഞു. മാർച്ച് 8ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അന്താരാഷ്ട്ര വനിതാദിനം ഉദ്ഘാടനം ചെയ്തുകൊണ്ട്, സ്ത്രീശാക്തീകരണവും സാങ്കേതികവിദ്യയും എന്ന വിഷയത്തെപ്പറ്റി സംസാരിക്കുകയായിരുന്നു അവർ. സ്ത്രീ ശാക്തീകരണത്തിന് പ്രധാനമായും തൊഴിൽ സമത്വവും, വേതനസമത്വവുമാണ് അത്യാവശ്യം. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അസിസ്റ്റന്റ് മാനേജർ ഫാ. ജോജു ചിരിയൻങ്കണ്ടത്ത്, ഡോ. ഉഷ മേനോൻ, ജ്യോതി വുമൺസ് ക്ലബ്ബ് കോഡിനേറ്റർ നീരജ പി.ജി., പ്രൊഫ. ആനി ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥിനികളുടെ നേതൃത്വത്തിൽ സ്ത്രീശാക്തീകരണത്തെക്കുറിച്ച് മൂകാഭിനയവും നടന്നു.

- **യൂണിയൻ ഡേ** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ യൂണിയൻ ദിനാഘോഷം മാർച്ച് 17ന് നടന്നു. ഓരോ വിദ്യാർത്ഥിയുടേയും ജീവിതത്തിലെ സുവർണ്ണകാലഘട്ടമാണ് കലാലയ വിദ്യാഭ്യാസകാലഘട്ടമെന്നും, അത് പരമാവധി നല്ലരീതിയിൽ പ്രയോജനപ്പെടുത്തണമെന്നും പ്രശസ്ത ചലച്ചിത്രനടൻ ശ്രീ. സലീംകുമാർ അഭിപ്രായപ്പെട്ടു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് യൂണിയൻ ഡേ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തോടൊപ്പം പരസ്പരം ബഹുമാനിക്കാനും ഓരോ വിദ്യാർത്ഥിയും തയ്യാറായാൽ, ഇന്ന് സമൂഹത്തിൽ നടമാടുന്ന സാമൂഹിക-ലിംഗ അസമത്വം ഇല്ലാതാക്കാമെന്നും അദ്ദേഹം വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത ചടങ്ങിൽ യൂണിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അഡ്മിനിട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു ചടങ്ങിന് ആശംസകൾ നേരുകയും കോളേജ് യൂണിയൻ ചെയർമാൻ രാമകൃഷ്ണൻ സി.പി. നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

- **ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ലോകജലദിനാഘോഷം :** ഓരോ തുള്ളി ജലവും അമൂല്യമാണെന്നും അവ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടേയും കടമയാണെന്നും ഡോ. പി.എം. മഹീശൻ (പ്രിൻസിപ്പൽ, എസ്.എൻ.പി. കോളേജ്, കാഞ്ഞങ്ങാട്) വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഐ.എസ്.ടി.ഇ., ഐ.ഇ. (ഐ) എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 22ന്, സംഘടിപ്പിച്ച ലോകജലദിനാഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശുദ്ധജലസംരക്ഷണത്തിന്റെ ആവശ്യകതയും, മലിനജലം എങ്ങിനെ പുന:രുപയോഗം ചെയ്യാമെന്നും അദ്ദേഹം വിവരിച്ചു. ചടങ്ങിൽ പങ്കെടുത്ത അദ്ധ്യാപകരും വിദ്യാർത്ഥികളും ജലസംരക്ഷണ പ്രതിജ്ഞയെടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് മാനേജർ ഫാ. ജിന്റോ പേരേപ്പാടൻ പ്രത്യേക പ്രഭാഷണം നടത്തി. അസി. പ്രൊഫസർമാരായ സിറിയക് എം.ജി., ജോയൽ സ്കറിയ, ആലിസ് കെ. പോൾ ഐ.ഇ.(ഐ) സ്റ്റുഡന്റ്സ് കൺവീനർ നിവിൻ സണ്ണി, ഐ.എസ്.ടി.ഇ. സ്റ്റുഡന്റ്സ് റപ്രസന്റേറ്റീവ് ഗീതാഞ്ജലി പി.ജി. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

- **ആർട്സ് & സ്പോർട്സ് ഡേ** : അക്കാദിമിക് പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ കഴിവുകളേയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോളേജിൽ ആട്സ് & സ്പോർട്ട്സ് ഡേ, മാർച്ച് 18ന് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികളുടെ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു നിർവ്വഹിച്ചു.

- **കോളേജ് ഡേ** : മാർച്ച് 25ന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ, കോളേജ് ദിനാഘോഷം ഒറ്റപ്പാലം സബ്ബ്കളക്ടർ ശ്രീ. പി.ബി. നൂഹ് ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു കോളേജ് റിപ്പോർട്ട് അവതരിപ്പിച്ചു. അഡ്മിനിട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു ചടങ്ങിന് ആശംസകൾ നേരുകയും കോളേജ് യൂണിയൻ ചെയർമാൻ രാമകൃഷ്ണൻ സി.പി. നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി. ചടങ്ങിൽ വിദ്യാർത്ഥികൾക്കുള്ള വിവിധ എൻഡോവ്മെന്റുകളും അവാർഡുകളും വിതരണം ചെയ്തു.

- **ജ്യോതി എഞ്ചിനീയറിംഗ് കോളേജ് – അസാപ് പ്രോഗാം :** തൊഴില ധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് പുതുതലമുറയെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്നു നടത്തുന്ന Additional Skill Acquisition Programme - Design Align Train അഥവാ ASAP - DAT ന്റെ അവധിക്കാല കോഴ്സ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഏപ്രിൽ 5 മുതൽ ആരംഭിച്ചു. പ്രസ്തുത ചടങ്ങിന്റെ ഉദ്ഘാടനം ചേല ക്കര എം.എൽ.എ. ശ്രീ. യു.ആർ. പ്രദീപ് നിർവ്വഹിച്ചു. കോളേജ് അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അഡ്മിനിസ്ട്രേറ്റർ എഞ്ചിനീയർ. തോമസ് മാത്യു സ്വാഗതം ആശംസിച്ചു. ശ്രീമതി. പി. പത്മജ (പ്രസിഡന്റ്, വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത്), ശ്രീ. നൗഷാദ് (ജില്ലാ പ്രോഗ്രാം മാനേജർ, ASAP), കുമാരി. നീരജ രാമ ചന്ദ്രൻ (ടെക്നിക്കൽ ആസ്പെറ്റ്സ്, ASAP) എന്നിവർ പ്രസംഗിച്ചു. ഇല ക്ട്രോണിക്സ് വിഭാഗം മേധാവി ഡോ. ജോസ് പി. തേറാട്ടിൽ നന്ദി പ്രകാ ശിപ്പിച്ചു.

**അസി. മാനേജർ**
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ഏപ്രിൽ - 2017**

### ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിൽ അന്തർദ്ദേശീയ വിദ്യഭ്യാസ-പരിശീലനം

യു. കെ.-യിലെ കാന്റർബെറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. രാമ തിരുനാമചന്ദ്രനും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ട്രസ്റ്റ് ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, ഫാക്കൽറ്റി-സ്റ്റുഡന്റ്സ് എക്സ്ചേഞ്ച്, ജോയിന്റ് റിസേർച്ച് ആന്റ് പബ്ലിക്കേഷൻ - എന്നീ മേഖലകളിൽ പരസ്പര സഹകരണത്തിനുള്ള ധാരണാപത്രം ഒപ്പ് വെച്ചു. കഴിഞ്ഞ മൂന്ന് വർഷമായി കാന്റർബെറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയിലെ നേഴ്സിങ്ങ് വിദ്യാർത്ഥികൾ, ജൂബിലിയിലെ നേഴ്സിങ്ങ് കെയർ അടുത്തറിയുന്നതിനായി ജൂബിലി മിഷൻ ആശുപത്രിയിൽ എത്താറുണ്ട്. പരസ്പര സംസ്കാരിക വിജ്ഞാന കൈമാറ്റത്തിനും, നേഴ്സിങ്ങ് വിദ്യ ്യാസം അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുവാനും ഇത് സഹായകമാകും. 'Developing essential skills in the care of acutely ill patients' (തീവ്ര പരിചരണം ആവശ്യമായ രോഗികൾക്ക് വേണ്ട പരിചരണം നൽകുന്നതിന് വേണ്ട കഴിവുകൾ എങ്ങിനെ വികസിപ്പിക്കാം) എന്ന വിഷയത്തെ ആസ്പദമാക്കി അന്തർദേശിയ സെമിനാറും നടത്തി.

### ജൂബിലിയിൽ പ്രൊഫ. ഡോ. ദത്തൻ മെമ്മോറിയൽ സി.എം.ഇ. നടന്നു

'എസൻഷ്യൽസ് ഇൻ സർജറി' എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ജനറൽ സർജറി വിഭാഗത്തിന്റെ മുന്നാമത് പ്രൊഫ. ഡോ. ദത്തൻ മെമ്മോറിയൽ സി.എം.ഇ. നടന്നു. വിദഗ്ധർ നയിച്ച ക്ലാസിൽ സംസ്ഥനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാർ പങ്കെടുത്തു. കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ ഡോ. എം. പി ശശി, കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ ഡോ. ജോൺ എസ്. കുരിയൻ, തിരുവനന്തപുരം ഗോകുലം മെഡിക്കൽ കോളേജിലെ ഡോ. ദയാനന്ദ് ബാബു, തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിലെ ഡോ. വിനോദ് എം., അമല മെഡിക്കൽ കോളേജിലെ ഡോ. പി. കെ മോഹനൻ, തിരുവനന്തപുരം റീജിണൽ കാൻസർ സെന്ററിലെ ഡോ. മധു മുരളി, ജൂബിലി മിഷനിലെ ഡോ. സുരേഷ്, ഡോ. അശോക് നൈനാൻ,

ഡോ. ശ്രീകുമാർ പിള്ള എന്നിവർ ക്ലാസുകൾ നയിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സി. എം. ഇ. ഉദ്ഘാടനം ചെയ്തു.

**ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പ്രൊലൈഫ് ദിനം ആഘോഷിച്ചു**

പ്രൊലൈഫ് ദിനത്തോടനുബന്ധിച്ച് കുന്നന്താനം ദൈവപരിപാലനകേന്ദ്രത്തിൽ നിന്നുള്ള കുഞ്ഞുമാലാഖമാരുടെ അനുഭവം പങ്കുവയ്ക്കലും കലാവിരുന്നും നടന്നു. കുറവുകളെ നിറവുകളാക്കിയുള്ള, ദൈവകരുണയെയും സ്നേഹത്തേയും കുറിച്ചുള്ള അവരുടെ ഓരോ വാക്കുകളും ചുവടുകളും ഏവരെയും അത്ഭുതപ്പെടുത്തി. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പരിപാടി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കര എന്നിവർ പ്രസംഗിച്ചു. വൈകുന്നേരം വൈകീട്ട് 3.30ന് മദർ തെരേസ ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ മെഡിക്കൽ, നേഴ്സിങ്ങ്, പാരാമെഡിക്കൽ സ്റ്റുഡൻസ്, ഡോക്ടേഴ്സ്, സ്റ്റാഫ്സ് തുടങ്ങി ജൂബിലി കുടുംബം മുഴുവനോളം പങ്കെടുത്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ജീസസ് യൂത്ത് എം.ബി.ബി.എസ് വിദ്യാർത്ഥികളായ ഡീന വിൽസൺ, ടോബി കെ. കാക്കശ്ശേരി, മരിയ ഗ്രേഷ്യസ്, അജീന പി. എസ്, ഡെന്നീസ്, എഡ്വിൻ പീറ്റർ, ഗ്രെറ്റ ടെസ് ജോർജ്ജ്, മോഹിത് ജോസൺ, ലെൻ സാമുവൽ, ഡെൻസിൽ പി. ഡേവിസ്, അനുഷ, നീനു ജോജി ആനിമേറ്റർ സി. ഡാഫിനി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജുകളുമായി സഹകരിക്കുന്നു**

കേരളത്തിലെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളും ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരണത്തിന്റെ മേഖലകൾ ആരാഞ്ഞുകൊണ്ട് ഒരു കൂടിച്ചേരൽ നടന്നു. എഞ്ചിനീയറിങ്ങ് കോളേജുകളിൽ നിന്നായി 16 പേർ ചർച്ചയിൽ പങ്കെടുത്തു. ജൂബിലിയിൽനിന്ന് ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡോ. ബെന്നി ജോസഫ്, ഫാ. ടിജോ മുള്ളക്കര, ഡോ. പ്രവീൺ ലാൽ, ഡോ. വാസുദേവൻ, ഡോ. പി. ആർ. വർക്ഷീസ്, ഡോ. ഗിൽവാസ്, ഡോ. ഗോവിന്ദനുണ്ണി, ഡോ. ചിത്ര, ഡോ. റെജി ജോർജ്ജ് എന്നിവർ പങ്കെടുത്തു. വൈദ്യശാസ്ത്രപഠന ചികിത്സഗവേഷണരംഗത്ത് എഞ്ചിനീയറിങ്ങ് സാദ്ധ്യതകൾ അന്വേഷിക്കുന്നതിനും ഗവേഷണ പഠനങ്ങൾ നടത്തുന്നതിനും വിവിധ സ്ഥാപനങ്ങളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഗവേഷകരും പങ്കെടുക്കുന്ന വിവിധ പരിപാടികൾ നടത്തുന്നതിനും നൂതന സംരംഭങ്ങൾ വഴി പുതിയ സാങ്കേതിക വിദ്യ വികസിപ്പി

ക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനെക്കുറിച്ചും യോഗത്തിൽ ചർച്ച ചെയ്തു. യോഗത്തിൽ രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങ് & ടെക്നോളജി, വിദ്യ അക്കാദമി ഓഫ് സയൻസ് & ടെക്നോളജി, അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്, ജ്യോതി എഞ്ചിനീയറിങ്ങ് കോളേജ്, സഹൃദയ കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്, ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിങ്ങ് കോളേജ് എന്നീ എഞ്ചിനീയറിങ്ങ് കോളേജുകൾ പങ്കെടുത്തു.

**DSIR അംഗീകാരം**

കേന്ദ്രഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് സയന്റിഫിക് & ഇൻഡസ്ട്രിയൽ റിസർച്ച് (DSIR) ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിനുള്ള അംഗീകാരം 2020 വരെ ദീർഘിപ്പിച്ചു. 2015-17 വർഷത്തിലുള്ള അംഗീകാരസമയത്ത് ജൂബിലിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടന്ന ഗവേഷണ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് 2017 -20 വർഷത്തേക്ക് (SIRO) സയന്റിഫിക്ക് & ഇൻഡസ്ട്രിയൽ റിസർച്ച് ഓർഗനൈസേഷൻ അംഗീകാരം പുതുക്കി നൽകിയത്.

**ജൂബിലി PhD ഗവേഷണകേന്ദ്രമായി**

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് (KUHS) ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിനെ PhD ഗവേഷണകേന്ദ്രമായി അംഗീകരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്രീകൃത ഗവേഷണവിഭാഗമായാണ് JCMR നെ (KUHS) അംഗീകരിച്ചിട്ടുണ്ട്.

**ജൂബിലിയിൽ ICMR അംഗീകാരമുള്ള പുതിയ ഗവേഷണ പദ്ധതി**

കേന്ദ്രഗവൺമെന്റിന്റെ വൈദ്യശാസ്ത്രഗവേഷണ ഏജൻസിയായ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ അംഗീകാരവും സാമ്പത്തിക സഹായവും ജൂബിലിയിലെ എമർജൻസി മെഡിസിൻ വിഭാഗത്തിന് ലഭിച്ചു. An Interventional study on comprehensive emergency care and trauma registry for road traffic injuries in india – Thrissur District, Kerala state എന്ന ഗവേഷണ പദ്ധതി National Task Force ന്റെ കീഴിൽ ഇന്ത്യയിൽ 5 കേന്ദ്രങ്ങളിലായി മെയ് 1 മുതൽ രണ്ടര വർഷമാണ് നടപ്പിലാക്കുന്നത്. തെക്കെ ഇന്ത്യയിൽനിന്നും തൃശ്ശൂർ ജൂബിലിക്കുപുറമെ ബാംഗ്ലൂർ രാമയ്യ മെഡിക്കൽ കോളേജ് ആണ് ഉള്ളത്. എമർജൻസി മെഡിസിൻ വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി മുഖ്യഗവേഷകനാണ്. ഏകദേശം ഒരു കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടിന് ആദ്യവർഷത്തേക്കുള്ള 30.64 ലക്ഷം രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. മെഡിക്കൽ ഓഫീസർ

ഉൾപ്പെടെ ഏഴുപേർ ഈ പ്രൊജക്ടിൽ മുഴുവൻ സമയം പ്രവർത്തിക്കും. റോഡപകടം ഉണ്ടായി ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്നതുവരെയുള്ള "Golden 1 hour" ൽ എങ്ങിനെ കൂടുതൽ കാര്യക്ഷമമായ പരിചരണം നൽകാം എന്നതാണ് പഠനവിഷയം. രണ്ടരവർഷത്തെ 5 കേന്ദ്രങ്ങളിൽ നിന്നുള്ള പഠനഫലങ്ങൾ ക്രോഡീകരിച്ച് ദേശീയതലത്തിലുള്ള നയപരിപാടികൾ ആവിഷ്ക്കരിക്കുകയാണ് കേന്ദ്രഗവൺമെന്റിന്റെ ഉദ്ദേശ്യം.

- വ്യായാമം ആരോഗ്യത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച്. ജനങ്ങളെ ബോധവത്കരിക്കുന്നതിനായി ആരോഗ്യ കേരളവും ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങും ചേർന്ന് തൃശ്ശൂർ കിഴക്കേകോട്ടയിൽ 'ആരോഗ്യ ക്ഷമതയും വ്യായാമവും' ഫ്ളാഷ് മോബ് സംഘടിപ്പിച്ചു.

**അഭിനന്ദനങ്ങൾ..... ആശംസകൾ.....**

- ടി.എം.എ മണപ്പുറം ഗ്രൂപ്പിന്റെ ലൈഫ് അച്ചീവ്മെന്റ് അവാർഡ് നേടിയ ഡോ. എച്ച്. എസ്. ഏഡൻവാലയ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. കഴിഞ്ഞ മുപ്പത് വർഷങ്ങളായി മുറിച്ചുണ്ട് ചികിത്സയുടെ സർജറിയിൽ മാത്രം ഏർപ്പെട്ടിരിക്കുന്ന ലോകത്തിലെ ഏക സർജനാണ് ഇദ്ദേഹം.
- അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ, കേരളാ ചാപ്റ്റർ സംഘടിപ്പിച്ച അന്താരാഷ്ട്ര ലൈവ് വർക്ക്ഷോപ്പിൽ പേപ്പർ പ്രസന്റേഷനിൽ ഒന്നാമത്തെയും, മൂന്നാമത്തെയും റാങ്കുകൾ കരസ്ഥമാക്കിയ ഡോ.ജിതിൻ, ഡോ. അഫ്സാൻ.
- എമർജൻസി P G കോഴ്സിന് MCI recognition നേടിയ ജൂബിലി എമർജൻസി ഡിപ്പാർട്ടുമെന്റിന് അഭിനന്ദനങ്ങൾ. കേരളത്തിൽ ഈ അംഗീകാരം രണ്ട് മെഡിക്കൽ കോളേജുകൾക്ക് മാത്രം.

**മെഡിക്കൽ ക്യാമ്പുകൾ**

- ഗുരുവായൂർ സെന്റ് ആന്റണീസ് പള്ളിയിൽ കാർഡിയോളജി ക്യാമ്പ് നടന്നു.
- രാമവർമ്മപുരം ക്രൈസ്റ്റ് വില്ല പുവർ ഹോമിലെ അന്തേവാസികൾക്ക് സൗജന്യ നേത്രരോഗ പരിശോധന നടത്തി.
- ചിറ്റിലപ്പിള്ളി ഐ.ഇ.എസ്. സ്കൂളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ നേത്രരോഗനിർണ്ണയക്യാമ്പ് നടന്നു.
- ലോക ഗ്ലോക്കോമ വാരത്തോടനുബന്ധിച്ച് സൗജന്യ നേത്രരോഗ നിർണ്ണയ ക്യാമ്പ് നടത്തി.

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- മേജസ് ജോർജ്ജ്, മേക്കാട്ടുകുളം ഹൗസ്, അയ്യന്തോൾ, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ പൗലോസ് എം. കെ, മുത്തുപീടിക ഹൗസ്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ചർച്ച്, വാടാനപ്പിള്ളി, തൃശ്ശൂർ (100 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് എച്ച്. എസ്. എസ്, കുരിയിച്ചിറ, തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീ തോമസ് പാലത്തിങ്കൽ, പാലത്തിങ്കൽ ഹൗസ്, മാള, തൃശ്ശൂർ (100 ഡയാലിസിസ്)
- മൊണാർക്ക് കുറീസ് പ്രൈവെറ്റ് ലിമിറ്റഡ്, തൃശ്ശൂർ (20 ഡയാലിസിസ്)
- ഡോ. രേഷ്മ ബോബൻ, അക്കരപ്പറ്റി ഹൗസ്, നിയർ ശക്തൻ അപ്പാർട്ടുമെന്റ്, തൃശ്ശൂർ ( 20 ഡയാലിസിസ്)
- ശ്രീ. ജോഷി പോൾ, ചിറയത്ത് ഹൗസ്, മുക്കാട്ടുകര, തൃശ്ശൂർ (100 ഡയാലിസിസ്)
- സോൺസി, അഞ്ചേരി ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ (100 ഡയാലിസിസ്)
- അതിരൂപതാ മാതൃസംഘം, ഫാമിലി അപ്പസ്റ്റോലേറ്റ് സെന്റർ, തൃശ്ശൂർ (60 ഡയാലിസിസ്)
- ശ്രീ. ജോയ്, ആലപ്പാട്ട് മേച്ചേരിപ്പടി ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ (40 ഡയാലിസിസ്)
- സെന്റ് പീറ്റർ ചർച്ച്, നെഹ്റു നഗർ, തൃശ്ശൂർ (50 ഡയാലിസിസ്)
- സെന്റ് മേരീസ് കുടുംബ യൂണിറ്റ്, ലൂർദ്ദ് കത്തീഡ്രൽ ചർച്ച്, തൃശ്ശൂർ (29 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**സ്വയം സഹായസംഘങ്ങളുടെ ഉദ്ഘാടനം നടത്തി.**

എറവ് സെൻറ് തെരേസാസ് ഇടവകയിൽ സാന്ത്വനം സാമൂഹ്യ ക്ഷേമസമിതിയുടെ നേതൃത്വത്തിൽ യൂണിറ്റടിസ്ഥാനത്തിൽ രൂപീകരിച്ച വനിതാ സ്വയം സഹായസംഘങ്ങളുടെ പ്രവർത്തനോദ്ഘാടനം സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി നിർവ്വഹിച്ചു. 14 സംഘങ്ങളാണ് ഈ യൂണിറ്റിൽ ആരംഭിച്ചിട്ടുള്ളത്. ഇടവക വികാരി. ഫാ. ഫ്രാങ്കോ കവലക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ അസി.വികാരി. ഫാ. സഞ്ജയ് തൈക്കാട്ടിൽ, കോ-ഓർഡിനേറ്റർ ശ്രീ.സി.പി.ജോർജ്ജ്, സാമൂഹ്യക്ഷേമസമിതി ഭാരവാഹികളായ ശ്രീ.ജോസ് പി.എ., ശ്രീ.ജെൻസൻ ജെയിംസ്, ശ്രീ.ബിബീഷ്ലാൽ, ശ്രീ.മേന്റോ ആന്റണി, സ്വയം സഹായ സംഘം സെന്റ്രൽ കമ്മിറ്റി അംഗമായ ശ്രീമതി. ജയ ജോയ്, ആനിമേറ്റർ ഷീല വിൻസന്റ് തുടങ്ങിയവർ സംസാരിച്ചു. യോഗത്തിൽ വെച്ച് ഈ യൂണിറ്റിലെ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുമായി ബെയ്സിക് ആക്ഷൻ ടീമിന്റെ തെരഞ്ഞെടുപ്പ് നടത്തി. ശ്രീമതി. ടെസ്സി സണ്ണിയെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. സംഘങ്ങളുടെ കണക്കുകളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിനുള്ള പരിശീലനവും ഗ്രൂപ്പുകളുടെ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ വിതരണവും ഇതോടൊപ്പം നടത്തി.

**റീജിയണൽ ലെവൽ മീറ്റിംഗ് നടത്തി.**

ഫാമിലി ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി FDP/GOF ഗുണഭോക്തൃകുടുംബങ്ങൾക്കുവേണ്ടി റീജിനൽ ലെവൽ മീറ്റിംഗ്, ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടത്തുകയുണ്ടായി. 350 കുടുബങ്ങൾ സജീവമായി പങ്കെടുത്ത ഈ മീറ്റിംഗിൽ 'കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക് ' എന്ന വിഷയത്തെക്കുറിച്ച് സാന്ത്വനം അസി.ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് ക്ലാസ്സ് നയിച്ചു. പ്രഥമവിദ്യാലയം കുടുംബമാകയാൽ തങ്ങളുടെ മക്കളെ ശിക്ഷണത്തിലും ശാസനത്തിലും വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അച്ചൻ ഊന്നിപ്പറഞ്ഞു. സാന്ത്വനം അസി.ഡയറക്ടർ, കോ-ഓർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ 15 കുടുംബങ്ങളെ തെരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഢപ്രകാരമാണ് ചിറ്റാട്ടുകര, അടാട്ട്, പുറനാട്ടുകര, ആമ്പക്കാട്, മുല്ലശ്ശേരി, ഏനാമാവ് എന്നിവിടങ്ങളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്. ഡയറക്ടർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങൾ വീടുകൾ കണ്ടെത്തുന്നതിന് നേതൃത്വം നൽകി.

**പുതിയ അക്കൗണ്ട് തുടങ്ങി.**

ഫാമിലി ഡെവലപ്പ്മെന്റ് പദ്ധതിയിലേക്ക് പുതിയതായി തെരഞ്ഞെടുത്ത കുടുംബങ്ങളുടെ പേരിൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങി. തൃശ്ശൂർ അതിരൂപതയുടെ വ്യത്യസ്ത ഇടവകകളിൽ നിന്നുമുള്ള 34 കുടുംബങ്ങൾക്കാണ് അക്കൗണ്ട് തുടങ്ങിയത്.

FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

ചേറൂർ-Rs.18,000/-, വില്ലടം-Rs.12,000/-, അരിമ്പൂർ- Rs.6,387/-,ചേറ്റുപുഴ-Rs.13,274/-, കോടന്നൂർ-Rs.6,765/-, കണ്ടശ്ശാംകടവ്- Rs.1,394/-, ചിറ്റാട്ടുകര-Rs.6,877/- പുല്ലംകണ്ടം-Rs.13,580/-, പാലയൂർ-Rs.44,392/-, ബ്രഹ്മകുളം-Rs.20,621/-

**വനിതാദിനാഘോഷം നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പെരിഞ്ചേരി തിരുഹൃദയദേവാലയത്തിൽ വെച്ച് സംഘടിപ്പിച്ച വനിതാദിനാഘോഷം വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. സോഫിയ ഫ്രാൻസീസ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി. ഫാ. സെബി ചിറ്റാട്ടുകര അധ്യക്ഷത വഹിച്ച യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി മുഖ്യപ്രഭാഷണം നടത്തി. യോഗത്തോടനുബന്ധിച്ച് 'സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെപ്പറ്റി ഡോ. ഡെറീന ജോർജ്ജ് (ക്ലാസിക്കൽ ആയുർവ്വേദിക് ഹോസ്പിറ്റൽ) ക്ലാസ്സ് നയിക്കുകയുണ്ടായി. തുടർന്ന് സ്ത്രീ സുരക്ഷാനിയമങ്ങളെപ്പറ്റിയും ആപദ്ഘട്ടങ്ങളിൽ സ്ത്രീകൾക്ക് എങ്ങനെ പ്രതിരോധിക്കാമെന്നതിനെപ്പറ്റിയും തൃശ്ശൂർ സിറ്റി വനിതാസെൽ സർക്കിൾ ഇൻസ്പെക്ടർ ശ്രീമതി. ബി.ശുഭാവതിയും സംഘവും ക്ലാസ്സ് നടത്തി. യോഗത്തിൽ സാന്ത്വനം ഡയറക്ടർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ പങ്കെടുത്തു,

**ക്ലസ്റ്റർ-കോർ കമ്മിറ്റി മീറ്റിംഗ്**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കൊണ്ട് നടപ്പിലാക്കുന്ന

ആശാകിരണം പദ്ധതിയുടെ ക്ലസ്റ്റർ ലെവൽ മീറ്റിംഗ് ഇരിഞ്ഞാലക്കുട സോഷ്യൽ ആക്ഷൻ ഫോറത്തിൽ വെച്ച് നടത്തുകയുണ്ടായി. പാലക്കാട്, സുൽത്താൻപേട്ട്, ഇരിങ്ങാലക്കുട, തൃശ്ശൂർ എന്നീ രൂപതകളിലെ ആശാകിരണം കോ-ഓർഡിനേറ്റർമാരും സോഷ്യൽ സർവ്വീസ് ഡയറക്ടർമാരും മീറ്റിംഗിൽ പങ്കെടുത്തു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് ജാതിമതഭേദമെന്യേ വിവിധ ആവശ്യങ്ങൾക്കായി സഹായങ്ങൾ വിതരണം ചെയ്തു. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

പുറനാട്ടുകര-Rs.35,000/-, തണ്ടിലം-Rs.8,000/-, തലോർ-Rs.2,36,021/-, വില്ലടം-Rs.76,090/-, ലൂർദ്ദ്-Rs.1,83,524/-, ചേലക്കര-Rs.4,87,685/-, വീണ്ടശ്ശേരി-Rs.2,20,235/-, ഒല്ലൂർ-Rs.61,000/-, മരത്താക്കര-Rs.6,000/-, വെങ്ങിണിശ്ശേരി-Rs.9,000/-, പടവരാട്-Rs.5,000/-, അന്തിക്കാട്-Rs.15,000/-, പള്ളിക്കുന്ന്-Rs.10,000/-, പറപ്പൂർ-Rs.20,000/-, അരിമ്പൂർ-Rs.10,000/-

**ബാലസഭകളുടെ വാർഷികാഘോഷം നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കിള്ളിമംഗലം ഇടവകയിൽ സംഘത്തിലെ അംഗങ്ങളുടെ കുട്ടികളെ ഉൾപ്പെടുത്തി രൂപീകരിച്ച 2 ബാലസഭകളുടെ ഒന്നാം വാർഷികാഘോഷം കിള്ളിമംഗലം പള്ളിഹാളിൽ വെച്ച് നടത്തുകയുണ്ടായി. സാന്ത്വനം അസി.ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശ്രീമതി. കെ.വി.വസന്തകുമാരി അധ്യക്ഷയായിരുന്നു.

**അംഗത്വം പുതുക്കി നല്കി.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള 'കരുതൽ ക്ഷേമപദ്ധതി', സ്നേഹനിധി എക്സിക്യൂട്ടീവ് അംഗങ്ങളും സാന്ത്വനം സ്റ്റാഫംഗങ്ങളും ഓരോ ഇടവകയിലും ചെന്ന് പുതുക്കി നൽകി. ഇനിയും പുതുക്കാത്തവരുണ്ടെങ്കിൽ 3 മാസത്തിനുള്ളിൽ പിഴയോടുകൂടി സാന്ത്വനം ഓഫീസിൽ വന്ന് പുതുക്കാവുന്നതാണ്. ഇതിനായി സഹകരിച്ച എല്ലാ വികാരിമാർക്കും സ്നേഹനിധി അംഗങ്ങൾക്കും നന്ദി. മാർച്ച് മാസത്തിൽ ഈ സഹായപദ്ധതിയിൽ നിന്ന് 10,000/-രൂപ വിവാഹ സഹായവും 20,000/-രൂപ ചികിത്സാസഹായവും 10,000/-രൂപ മരണാനന്തരസഹായവും നൽകി.

**ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു.**

തൃശ്ശൂർ ജൂബിലി മിഷ്യനും യുണൈറ്റഡ് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് സ്നേഹനിധി കുടുബാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഇൻഷുറൻസ് പദ്ധതിക്കു തുടക്കം കുറിച്ചു. ജൂബിലി മിഷ്യൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റവ.ഫാ. പോൾ പേരാമംഗലത്ത് ഒരു വർഷത്തേക്കുള്ള ഇൻഷുറൻസ് പദ്ധതി ഉദ്ഘാടനം ചെയ്തു.

**മംഗല്യനിധി സഹായങ്ങൾ വിതരണം ചെയ്തു.**

മാർ ജേക്കബ് തൂങ്കുഴിയുടെ 60-ാം പൗരോഹിത്യ ജൂബിലിയോടും ബോൺനത്താലെയോടുമനുബന്ധിച്ച് നിർദ്ധനയുവതികൾക്കായുള്ള വിവാഹ സഹായ വിതരണ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 12 യുവതികൾക്ക്, അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ 50,000 രൂപ വീതം വിതരണം ചെയ്തു. ബിഷപ് ഹൗസിൽ വെച്ച് നടന്ന ചടങ്ങിൽ സാന്ത്വനം ഡയറക്ടർ, അസി. ഡയറക്ടർ, സാന്ത്വനം സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കെടുത്തിരുന്നു. വടക്കാഞ്ചേരി, പടവരാട്, ചിറ്റിശ്ശേരി, വലപ്പാട്, പൂച്ചുന്നിപ്പാടം, കുന്നംകുളം, മരത്താക്കര, പൊന്നൂക്കര, കുറ്റൂർ, തണ്ടിലം, കുണ്ടന്നൂർ എന്നീ ഇടവകകളിലെ അർഹരായ യുവതികൾക്കാണ് ഈ ഘട്ടത്തിൽ സഹായം ലഭിച്ചത്. ഇതോടെ ആകെ 44 യുവതികൾക്ക് ധനസഹായം വിതരണം ചെയ്തു.

**വെക്കേഷൻ ക്ലാസ്സുകൾ ആരംഭിച്ചു.**

സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറയിൽ ഏപ്രിൽ മുതൽ വെക്കേഷൻ ക്ലാസ്സുകളായി വിവിധതരം കമ്പ്യൂട്ടർ കോഴ്സുകൾ, ടെയ്ലറിങ്, ഹാന്റിക്രാഫ്റ്റ് തുടങ്ങി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചു.

**സന്യാസാർത്ഥിനികൾക്ക് ബോധവല്ക്കരണം നൽകി.**

സന്യാസപരിശീലനത്തിലായിരിക്കുന്ന വിവിധ സഭാസമൂഹത്തിലെ അർത്ഥിനികൾക്ക്, അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകി. DBCLC യിൽ വെച്ച് നടത്തിയ ബോധവല്ക്കരണക്ലാസ്സിന് അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനത്തിന്റെ ഡയറക്ടർ നേതൃത്വം നൽകി.

**പാലയൂർ തീർത്ഥാടനം.**

മുനക്കക്കടവ്-ബ്ലാങ്ങാട് മേഖലകളിലെ മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിൽ മാർതോമ തീർത്ഥാടനകേന്ദ്രമായ പാലയൂർക്ക് കാൽനടയായി തീർത്ഥാടനം നടത്തി. 500ൽ പരം മത്സ്യത്തൊഴിലാളികൾ പങ്കെ

ടുത്ത തീർത്ഥാടനത്തിന്, സാന്ത്വനതീരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ശ്രീ. മാത്യൂസ് ഒലക്കേങ്കിൽ നേതൃത്വം നൽകി. സാന്ത്വനം ഡയറക്ടർ, ബഹു. സിസ്റ്റേഴ്സ്, ശ്രീ. മേന്റോ ആന്റണി, ശ്രീ. തോമസ്, ശ്രീ. ഷാജു തെക്കേക്കര, ശ്രീ. റൊമാൾഡ് ആന്റണി എന്നിവർ പങ്കെടുത്തു. പേപ്പൽ പതാകയുമേന്തി, വിവിധ ഭാഷകളിൽ ഭക്തിസാന്ദ്രമായി കുരിശിന്റെ വഴി നടത്തിക്കൊണ്ടാണ് തീർത്ഥാടകർ പദയാത്രയിൽ പങ്കെടുത്തത്.

**'ആശാകിരണം കൈപുസ്തകം' വിതരണം ചെയ്തു.**

പാലക്കൽ സെന്റ് മാത്യൂസ് ദേവാലയത്തിൽ ഏകോപനസമിതി നടപ്പിലാക്കിയ കേശദാന പരിപാടിയിൽ ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് പങ്കെടുത്തു. പരിപാടിയിൽ സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയെപ്പറ്റി ഒരു ചെറു വിവരണം നൽകുകയും സാന്ത്വനം പുറത്തിറക്കിയ 'ആശാകിരണം കൈപുസ്തകം' പള്ളി വികാരി ഫാ.ജോയ് പുത്തൂരിന് നൽകുകയും തുടർന്ന് സന്നിഹിതരായവർക്ക് മുഴുവൻ വിതരണം ചെയ്യുകയും ചെയ്തു.

**ആശാകിരണം കുട്ടിക്കൂട്ടം.**

ആശാകിരണം പദ്ധതിയുടെ ഭാഗമായി കാൻസർ സുരക്ഷായജ്ഞം കുട്ടികളിലൂടെ സമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആശാകിരണം കുട്ടിക്കൂട്ടം ആരംഭിക്കുന്നു. തൃശ്ശൂർ അസ്സീസ്സി പ്രൊവിൻസിന്റെ കീഴിലുള്ള 35 സ്ക്കൂളുകളിലാണ് ആദ്യഘട്ടത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുക. അതിനു മുന്നോടിയായി അസ്സീസ്സി പ്രൊവിൻഷ്യൽ ഹൗസിൽ ചേർന്ന യോഗത്തിൽ FCC കോൺവെന്റുകളിലെ മദർ സുപ്പീരിയേഴ്സും സ്ക്കൂളുകളിലെ പ്രധാന അധ്യാപകരും പങ്കെടുത്തു. കാൻസർ സുരക്ഷായജ്ഞത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കാരിത്താസ് സോണൽ മാനേജർ ഡോ.വി.ആർ ഹരിദാസ് ക്ലാസ്സുകൾ നയിക്കുകയും കുട്ടിക്കൂട്ടത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കാരിത്താസ് പ്രോജക്റ്റ് മാനേജർ ശ്രീ.അബീഷ് ആന്റണി വിശദീകരിക്കുകയും ചെയ്തു.

**ഫാ.പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

**ഫാ.തോമസ്പൂപ്പാടി**
ഡയറക്ടർ

# ബൈബിൾ അപ്പസ്തൊലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

**വെരിത്താസ് ക്വിസ്**

രജിസ്ട്രേഷൻ മെയ് 1 തിങ്കളാഴ്ച ആരംഭിച്ച് ജൂൺ 15 വ്യാഴാഴ്ച അവസാനിക്കുന്നു. രജിസ്ട്രേഷൻ മുൻകൂട്ടി നിർബന്ധമായും ചെയ്തിരിക്കേണ്ടതാണ്. പരീക്ഷാഫീസ് 10 രൂപ ഒരു പരീക്ഷാർത്ഥിക്ക്. വെരിത്താസ് ക്വിസ് മത്സരം 2017 ജൂലൈ 30 ഞായറാഴ്ച ഇടവകകളിൽ നടക്കും. തൃശ്ശൂർ അതിരൂപത വചനപഠന പ്രോത്സാഹനത്തിനായി നടത്തുന്ന ഈ സംരംഭത്തിൽ എല്ലാ ഇടവകക്കാരെയും പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാരും ബൈബിൾ അപ്പസ്തോലേറ്റ് ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

അവധിക്കാലത്ത് വചനം പഠിക്കുന്നതിനും അതിരൂപത വെരിത്താസ് മത്സരത്തിന് ഒരുങ്ങുന്നതിനും മത്സരാർത്ഥികളെ സഹായിക്കുന്നതിന് ബൈബിൾ അപ്പസ്തൊലേറ്റ് ഒരുക്കിയ പഠനസഹായി ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിലും ബുക്ക് സ്റ്റാളുകളിലും ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ബൈബിൾ അപ്പസ്തൊലേറ്റുമായി ബന്ധപ്പെടുക: 04872320780, 9495068428, 7558937090

***ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ***

1.) 2017 ജൂൺ 11 ഞായർ: സമർപ്പിത വെരിത്താസ് ക്വിസ്

2.) 2017 ജൂൺ 18 ഞായർ: ഫാമിലി വെരിത്താസ് ക്വിസ്

3.) 2017 ജൂൺ 25 ഞായർ: യൂത്ത് വെരിത്താസ് ക്വിസ്

4.) 2017 ജൂലൈ 9 ഞായർ: ടീച്ചേഴ്സ് വെരിത്താസ് ക്വിസ്

5.) 2017 ജൂലൈ 16 ഞായർ: കാറ്റിക്കിസം വെരിത്താസ് ക്വിസ്

6.) 2017 ജൂലൈ 23 ഞായർ: വചനമെഴുത്ത് മത്സരം

ഇതര വെരിത്താസ് ക്വിസ് മത്സരങ്ങളുടെ രജിസ്ട്രേഷനും 2017 മെയ് 1ന് ആരംഭിക്കുന്നു.

***നോമ്പുകാല വിചിന്തനങ്ങൾ***

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റിന്റെ നേതൃത്വത്തിൽ ബഹു. മൈക്കിൾ കാരിമറ്റത്തച്ചൻ നൽകിയ 50 ദിവസത്തെ **"നോമ്പുകാല വിചിന്തനങ്ങൾ"** സാമൂഹ്യ മാധ്യമങ്ങൾ വഴി സ്വീകരിച്ച് പങ്കുവെച്ചവർ നിരവധിയാണ്. സഹകരിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു....

***ബൈബിൾ കോഴ്സ്***

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടു

ക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

*തീർത്ഥാടനങ്ങൾ*

റോം – യൂറോപ്പ് തീർത്ഥാടനം ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ 2017 സെപ്റ്റംബർ 5, ഒക്ടോബർ 3, നവംബർ 7, ഡിസംബർ 20 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു.

റോമ- യൂറോപ്പ് തീർത്ഥാടനത്തിനും വിശുദ്ധനാട് തീർത്ഥാടനത്തിനും പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487–2320780, 7558937090

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

### ഫ്രീ കൗൺസിലിങ്ങ് സൗകര്യം

മെയ് മാസം മുതൽ എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 9.30 മുതൽ 1.00 വരെയും ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയും ഫ്രീ ഫാമിലി കൗൺസിലിങ്ങ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഉണ്ടായിരിക്കുന്നതാണ്. വരുന്നവർ നേരത്തെ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെയുള്ള ഫോൺ നമ്പറിൽ ബന്ധപ്പെടുക. 9605043327, 0487-2336066.

ഫാ.ജിയോ തെക്കിനിയത്ത്
അസോ.ഡയറക്ടർ

ഫാ.ഡെന്നി താണിക്കൽ
ഡയറക്ടർ

## മാതൃവേദി

**ഏകദിന സംഗമം - മെയ് 16 ചൊവ്വ (രാവിലെ 9.30 മുതൽ 4.00 വരെ)**

**വൃക്ഷതൈ വിതരണം**

അതിരൂപതയിൽ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ചും ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും എല്ലാ അമ്മമാർക്കും വൃക്ഷത്തൈ നൽകുന്നതാണ്. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കൊന്ത നിർമ്മാണം**

മാതൃവേദിയിലെ അംഗങ്ങൾക്കായി കൊന്ത ഉണ്ടാക്കാൻ പഠിപ്പിക്കുന്നു. ഇതുവഴി അമ്മമാരുടെ ഒഴിവു സമയങ്ങളിൽ പ്രാർത്ഥനാപൂർവ്വം കൊന്ത കെട്ടുകയും അതുവഴി കുടുംബത്തിനും ഇടവകയ്ക്കും അനുഗ്രഹപ്രദമാകുന്നതിനുവേണ്ടി സംഘടിപ്പിച്ചിരിക്കുന്ന ഈ ഉദ്യമത്തിലേക്ക് അമ്മമാരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ലീഡർഷിപ്പ് ക്ലാസ്സ്**

അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി നേതൃത്വ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള എല്ലാ അമ്മമാരെയും ഈ ക്ലാസ്സിലേക്ക് ക്ഷണിക്കുന്നു.

ഫാ.ഡെന്നി താണിക്കൽ
ഡയറക്ടർ

ശ്രീമതി. ബീന ജോഷി
പ്രസിഡണ്ട്

ഫാ.അൽജോ കരേരക്കാട്ടിൽ
അസി.ഡയറക്ടർ

# കുടുംബകൂട്ടായ്മ

**അഭിനന്ദനങ്ങൾ**

ഏപ്രിൽ 9, 23 എന്നീ തിയ്യതികളിലായി അതിരൂപത കുടുംബകൂട്ടായ്മ ഫൊറോന കൺവെൻഷൻ ഒല്ലൂർ, കൊട്ടേക്കാട്, പുതുക്കാട് എന്നീ ഫൊറോനകളിൽ നടത്തപ്പെട്ട ഫൊറോന കൺവെൻഷൻ ഏറെ അഭിനന്ദനാർഹമാണ്. ഇത്ര മനോഹരമാക്കാൻ ഇതിന്റെ പുറകിൽ അദ്ധ്വാനിച്ച ഈ ഫൊറോനകളിലെ ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, ഫൊറോന കുടുംബ കൂട്ടായ്മ പ്രൊമോട്ടർമാർ, ഫൊറോന കുടുംബകൂട്ടായ്മ ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. അതാത് ഫൊറോനയിലെ എല്ലാ ഇടവകയിലേയും സാധിക്കുന്ന എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളും പങ്കെടുക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും ക്ലാസ്സ് നയിച്ചവർക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ് (27.05.2017)**

ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. മെയ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മെയ് 27-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠന ക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**ഭവന കൂട്ടായ്മയും കുട്ടി കൂട്ടായ്മയും**

അതിരൂപതയിൽ കുടുംബകൂട്ടായ്മകൾ ശക്തിപ്പെടുത്താനായി നമ്മുടെ എല്ലാ ഇടവകകളിലും ഭവന കൂട്ടായ്മയും കുട്ടി കൂട്ടായ്മയും രൂപീകരിക്കുന്നത് വളരെ നല്ലതാണ്. വിശദവിവരങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും. സഹകരിക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

## വലിയ കുടുംബങ്ങളുടെ സംഗമം

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം വരുന്ന മെയ്മാസം 6–ാം തിയ്യതി ശനിയാഴ്ച്ച തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ സംഘടിപ്പിച്ചിരിക്കുന്നു. ഈ വിവരം പള്ളിയിൽ അറിയിച്ച് അവരെ പറഞ്ഞ് വിടുമല്ലോ.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശ്ശൂർ

### 1. വികല മദ്യനയത്തിനെതിരെ വാരാചരണം

2016 ഡിസംബർ 15 ലെ സുപ്രീം കോടതി വിധിയെ അട്ടിമറിക്കന്ന സർക്കാരിന്റെ വികല നയങ്ങൾക്കെതിരെ മദ്യവിരുദ്ധ സമിതി ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികൾ വിവിധ കേന്ദ്രങ്ങളിൽ നടത്തി

മാർച്ച് 26 ഞായറാഴ്ച ഉച്ചതിരിഞ്ഞ് ശക്തൻ നഗറിലാണ് പ്രതിഷേധ-ബോധവൽക്കരണ സമ്മേളനം സംഘടിപ്പിച്ചത്. എക്സിക്യൂട്ടീവ് യോഗത്തിനുശേഷം ഡയറക്ടറച്ചൻ പരിപാടി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് എം. കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ പ്രസംഗിക്കുകയുണ്ടായി. ഇ.എ. ജോസഫ് ആയിരുന്ന മുഖ്യാതിഥി. 27ന് തിങ്കളാഴ്ച കിഴക്കേ കോട്ടയിൽ അരങ്ങേറിയ ജനകീയ സദസ്സ് വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരിയാണ് ഉദ്ഘാടനം ചെയ്തത്. പ്രസിഡണ്ട് എം. കെ. ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടറച്ചൻ, റവ. സി. റോസ്‌ലിൻ എഫ്. സി. സി., പ്രൊഫ അന്നം ജോൺ, റപ്പായി മേച്ചേരി, ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു. സുനീഷ് സ്രാമ്പിക്കൽ, ഫ്രാൻസീസ് ഒലക്കേങ്കിൽ തുടങ്ങിയവർ നേതൃത്വം നൽകി.

മാർച്ച് 28ന് വൈകീട്ട് അമ്മാടം പള്ളിയിലാണ് പരിപാടി സംഘടിപ്പിച്ചത്. വികാരി ഫാ. ആന്റണി ആലുക്ക ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഡയ

റക്ടറച്ചൻ മുഖ്യപ്രഭാഷണം നടത്തി. പ്രസിഡണ്ട് എം. കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

വടക്കാഞ്ചേരി ടൗണിലായിരുന്ന ബുധനാഴ്ചയിലെ പരിപാടി, ഫൊറോന വികാരി വെരി റവ. ഫാ. തോബിയോസ് ചാലയ്ക്കൽ ഉദ്ഘാടന ചെയ്ത യോഗത്തിൽ ഡയറക്ടറച്ചൻ മുഖ്യപ്രഭാഷണം നടത്തി. ഫാ. ചാക്കോ ചിറമ്മൽ, എം.ഐ. അഗസ്റ്റിൻ, ജോസ് ചെമ്പിശ്ശേരി, ഫ്രാൻസീസ് തേർമഠം, പോൾ പാലയൂർ, സിന്ധു സുബ്രഹ്മണ്യൻ, ഷാഹിദ ടീച്ചർ തുടങ്ങിയവർ പ്രസംഗിച്ചു. അതിരൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

മാർച്ച് 30ന് വരാക്കര തെക്കേ പള്ളിയിൽ വിശദീകരണ യോഗം ചേർന്നു. ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. എം. കെ. ബാബു, റപ്പായി മേച്ചേരി തുടങ്ങിയവർ സംസാരിച്ചു. വികാരി ഫാ. ജോമോൻ മുരിങ്ങാത്തേരി, ആന്റണി മാപ്രാണത്തുക്കാരൻ എന്നിവരാണ് നേതൃത്വമരുളിയത്.

മാർച്ച് 31ന് വെള്ളിയാഴ്ച ഗുരുവായൂർ പള്ളിയിലായിരുന്നു ജനകീയ കൂട്ടായ്മ വികാരി. ഫാ. ജോസ് പുലിക്കോട്ടിൽ ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാഷകൻ ഡയറക്ടറച്ചനായിരുന്നു റവ.സി. റോസ്‌ലിൻ എഫ്. സി. സി, പ്രസിഡണ്ട് എം.കെ. ബാബു സെക്രട്ടറി, റപ്പായി, സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ സംസാരിച്ചു.സ്റ്റീഫൻ ജോസ്, പി.ഐ. ലാസർ മാസ്റ്റർ തുടങ്ങിയവർ നേതൃത്വം നൽകി.

### 2. ഏകദിന പ്രാർത്ഥനാ ഉപവാസയജ്ഞം

മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 1ന് കോർപ്പറേഷന്റെ മുന്നിൽ ഏകദിന പ്രാർത്ഥന യഞ്ജം സംഘടിപ്പിച്ചു. മദ്യവിരുദ്ധ യോദ്ധാവും മുൻ സ്പീക്കറുമായി ശ്രീ. വി.എം. സുധീരൻ ആണ് യോഗം ഉദ്ഘാടനം ചെയ്തതത്. സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഡയറക്ടറച്ചൻ, സി.സി. സാജൻ, എം. കെ. ബാബു റപ്പായി മേച്ചേരി, ജോസ് ചെമ്പിശ്ശേരി, റവ. ഫാ. ഡിറ്റോ കൂള തുടങ്ങിയവർ പ്രസംഗിച്ചു. റവ. സി. റോസ്‌ലിൻ എഫ്.സി. സി. പ്രാർത്ഥന നയിച്ചു. ഫ്രാൻസീസ് തേർമഠം, സുനീഷ് സ്രാമ്പിക്കൽ സ്റ്റീഫൻ ജോസ് തുടങ്ങിയവർ നേതൃത്വം നൽകി. സുപ്രീം കോടതി വിധിക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് അന്നേ ദിവസം വൈകീട്ട് മദ്യവിരുദ്ധ ജനകീയ മുന്നണി സംഘടിപ്പിച്ച പ്രകടനത്തിൽ നമ്മുടെ പ്രവർത്തകർ പങ്കെടുത്തു.

### 3. പ്രതിഷേധ സദസ്സ് ഏപ്രിൽ 11ന്

അതിരൂപത ഏകോപന സമിതിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 11ന് കോർപ്പറേഷനുമുന്നിൽ സർക്കാരിന്റെ വികലമായ മദ്യനയത്തിനെതിരെ പ്രതിഷേധ സദസ്സ് സംഘടിപ്പിക്കുന്നതിൽ മദ്യവിരുദ്ധ സമതി മുഖ്യ പങ്കുവഹിച്ചു.

അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം

ചെയ്ത പരിപാടിയിൽ മോൺ തോമസ് കാക്കശ്ശേരിയാണ് അദ്ധ്യക്ഷപദം അലങ്കരിച്ചത്. സംപൂജ്യ പുരുഷോത്തമാനന്ദ സരസ്വതി, ശ്രീ. സുധീർ സക്കാഫി തുടങ്ങിയവർ അനുബന്ധ പ്രസംഗങ്ങൾ ചെയ്തു. ഡോ. ഡെയ്സൺ പാണേങ്ങാടൻ സ്വാഗതവും ഏ.ഡി. ഷാജു നന്ദിയും പറഞ്ഞു. ഡയറക്ടറച്ചനും ജോസ് ചെമ്പിശ്ശേരിയുമാണ് മദ്യവിരുദ്ധ സമിതിയെ പ്രതിനിധീകരിച്ച് പ്രസംഗിച്ചത്.

**4. പുതിയ യൂണിറ്റ് രൂപീകരിച്ചു.**

മരോട്ടിച്ചാൽ ഇടവകയിൽ പുതിയ യൂണിറ്റ് നിലവിൽ വന്നു. ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ചു സന്ദേശം നൽകി. പുതിയ ഭാരവാഹികളായി ആന്റണി പല്ലാട്ട് (പ്രസിഡണ്ട്), സെക്രട്ടറി ഷാജു ഞെരിഞ്ഞാമ്പിള്ളി, ട്രഷറർ അരുൺ മാത്യു പാലക്കാട്ട് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. യൂണിറ്റ് രൂപീകരിക്കാൻ വികാരി. ഫാ. ജോഫി ചിറ്റിലപ്പിള്ളി, ടി.ജെ. ഡേവീസ് (പുത്തൂർ) എന്നിവരാണ് നേതൃത്വം വഹിച്ചത്.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

## ആബ്ബാ റിന്യുവൽ സെന്റർ

ഏപ്രിൽ മാസത്തിലെ ആബ്ബാ റിന്യൂവൽ സെന്ററിലെ രണ്ടാം ബാച്ചിന്റെ താമസിച്ചുള്ള ധ്യാനം ഈസ്റ്റർ ദിനത്തിൽ വൈകീട്ട് 7 മണിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ വി. കുർബ്ബാനയോടു കൂടി ആരംഭിച്ചു. മാർ റാഫേൽ തട്ടിൽ പിതാവ് നേതൃത്വം നൽകി.

**മെയ് – ജൂൺ ധ്യാന തിയ്യതികൾ**

| | | |
|---|---|---|
| മെയ് : | 7 ഞായർ | – 11 വ്യാഴം |
| | 21 ഞായർ | – 25 വ്യാഴം |
| ജൂൺ | 4 ഞായർ | – 8 വ്യാഴം |
| | 11 ഞായർ | – 15 വ്യാഴം |

സമയം : ഞായർ ഉച്ചതിരിഞ്ഞ് 3 മണിക്ക് ആരംഭിച്ച്
വ്യാഴാഴ്ച രാവിലെ 7.30ന് സമാപിക്കുന്നു.
ബുക്ക് ചെയ്യുവാനുള്ള ഫോൺ നമ്പർ : 8304907911

**ഫാ. ഡൊമിനി ചാഴൂർ**
ഡയറക്ടർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**1. സ്പിരിചൽ ഗൈഡൻസ് നടത്തുന്നവർക്കുള്ള പരിശീലന പരിപാടി**

തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ഭാഗമായി സ്പിരിചൽ ഗൈഡൻസ് (ആത്മീയ കൗൺസലിംഗ്) നടത്തുന്നവർക്കുവേണ്ടി മാർച്ച് 27, 28 തിയതികളിൽ ആബാ റിന്യൂവൽ സെന്ററിൽ വെച്ച് പ്രത്യേക പരിശീലനം നടത്തി. 27ന് രാവിലെ 9 മണിക്ക് ആരംഭിച്ച പരിശീലനം 28ന് വൈകീട്ട് 5.00 മണിക്ക് സമാപിച്ചു. കോഴിക്കോട് പോപ്പോ ജോൺ പോൾ സെക്കന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിംഗ് ആന്റ് സൈക്കോതെറാപ്പി ഡയറക്ടർ റവ. ഡോ. കുരിയൻ പുരമഠത്തിലും ടീമും പരിശീലനത്തിന് നേതൃത്വം നൽകി. കൗൺസലിംഗ് രീതികൾ മനഃശാസ്ത്രപരമായ സമീപനം എന്നിവയെക്കുറിച്ച് വിശദമായ പരിശീലനം നൽകി.

**2. സോണൽ സർവ്വീസ് ടീം കൂട്ടായ്മ**

സോണൽ സർവ്വീസ് ടീം കൂട്ടായ്മ മാർച്ച് 16ന് വൈകീട്ട് 6 മണിക്ക് ആബാ റിന്യൂവൽ സെന്ററിൽ ദിവ്യകാരുണ്യാരാധനയോടെ ആരംഭിച്ചു. സബ്സോൺ തിരഞ്ഞെടുപ്പ്, സ്പിരിച്ചൽ ഗൈഡൻസ് നടത്തുന്നവർക്കുള്ള പരിശീലനം എന്നിവയുടെ ക്രമീകരണങ്ങൾ ചർച്ച ചെയ്തു.

**3. സബ്സോൺ, മിനിസ്ട്രി കോ- ഓർഡിനേറ്റേഴ്സ് കൂട്ടായ്മ**

മാർച്ച് 25ന് രാവിലെ 10 മണിക്ക് ആബാ റിന്യൂവൽ സെന്ററിൽ ദിവ്യകാരുണ്യാരാധനയോടെ ആരംഭിച്ചു. ദിവ്യബലിക്ക് ഫാ. സജീവ് ഇമ്മട്ടി കാർമ്മികത്വം വഹിച്ചു. സബ്സോൺ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. സബ്സോണുകളിൽ പ്രതിമാസ കൂട്ടായ്മകൾ നിർബന്ധമായും നടത്തണമെന്ന് നിർദ്ദേശിച്ചു.

**4. പാരിഷ് മിനിസ്ട്രി, സോണൽ സർവ്വീസ് ടീം സംയുക്ത കൂട്ടായ്മ**

മാർച്ച് 25 ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5 മണി വരെ കൂട്ടായ്മ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി. സ്പിരിചൽ ഗൈഡൻസ് നടത്തുന്നവർക്കുവേണ്ടിയുള്ള പരിശീലന പരിപാടിയുടെ ക്രമീകരണങ്ങൾ ചർച്ച ചെയ്ത് ചുമതലകൾ ഏല്പിച്ചു.

| | | |
|---|---|---|
| **സാബു. എം. വർഗ്ഗീസ്** | **സെബാസ്റ്റ്യൻ സി.ടി.** | **ഫാ. സജീവ് ഇമ്മട്ടി** |
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# ഫ്രാൻസിസ്കൻ അല്മായസഭ

## സമാധാനവും സൗഭാഗ്യവും

തൃശ്ശൂർഅതിരൂപത ഫ്രാൻസിസ്കൻസ് അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 9.04.2017 ഞായറാഴ്ച വടക്കാഞ്ചേരി എ. ആർ. സിയിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽകൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. യോഗത്തിൽ ഡയറക്ടർ ഫാ. പോൾ അടമ്പുകളും, ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. നിക്സൺ കോളാട്ടുകുടി, സിസ്റ്റർ റോസിലിൻ, പി.ഐ. സൈമൺ, ടി. കെ. ഡേവീസ്, ജോസ് പീറ്റർ, ഡോ. ജെറി ജോസഫ്, സെലീന ജോൺ, കെ. കെ. ജേക്കബ്ബ്, വി. എൽ. സൈമൺ എന്നിവർ പങ്കെടുത്തു.

മെയ് മാസം എല്ലാ യൂണിറ്റുകളിലും മാതൃദിനം ആചരിക്കുവാൻ തീരുമാനിച്ചു. മുതിർന്ന അമ്മമാരേയും കൂടുതൽ മക്കളെ നൽകിയ അമ്മമാരേയും പ്രത്യേകം ആചരിക്കുവാൻ തീരുമാനിച്ചു. ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുവാൻ നിർദ്ദേശിച്ചു. കിടപ്പുരോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും വേണ്ട സാമ്പത്തിക സഹായം നൽകുവാനും യൂണിറ്റുകൾക്ക് നിർദ്ദേശം നൽകി.

**സണ്ണി വടക്കൻ**

അതിരൂപത പ്രസിഡണ്ട്

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളിൽ കനിവിന്റെ മാലാഖമാരായി രോഗി ശുശ്രൂഷയിൽ ആയിരിക്കുന്ന എല്ലാ നേഴ്സുമാർക്കും ഇന്റർനാഷണൽ നേഴ്സസ് ഡെയായ മെയ് 12ന്റെ എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു എല്ലാം വർഷത്തിലേതുപോലെ ഈ വർഷവും നവീനമായ രീതിയിൽ കാരുണ്യത്തിന്റെ, കനിവിന്റെ, ശുശ്രൂഷയുടെ ഈ ദിനം ഏറ്റവും മനോഹരമായി പ്രാർത്ഥനാപൂർവ്വം ആഘോഷിക്കുവാൻ എല്ലാവരെയും ഓർമ്മിപ്പിക്കുന്നു.

അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ മാർച്ച് 19 മുതൽ 24 വരെ നേഴ്സുമാർക്കു വേണ്ടി സി.എൻ. ജി. ഐ. ഒരുക്കിയ ധ്യാനം ആത്മാഭിഷേകത്തിന്റെ ദിനങ്ങളായിരുന്നു. 160 പേർ പങ്കെടുത്ത ധ്യാനം റവ. ഫാ. സേവ്യാർഖാൻ, റവ. ഫാ. സാംസൺ തുടങ്ങിയവർ നേതൃത്വം വഹിച്ചു. ധ്യാനത്തിന്റെ വിജയത്തിനായി പരിശ്രമിച്ച എല്ലാ സ്ഥാപനങ്ങൾക്കും അധികാരി

കൾക്കും പ്രത്യേകം നന്ദി പറയുന്നു. സി.എൻ.ജി.ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് ധ്യാനദിവസങ്ങളിൽ സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. പ്രസിഡന്റ് റവ. സി. ദെപ്പാസിയും, ടീം അംഗങ്ങളും ധ്യാനത്തിന് വേണ്ട എല്ലാ ഒരുക്കങ്ങൾക്കും നേതൃത്വം വഹിച്ചു. ദൂരം വകവെക്കാതെ നോമ്പുകാല പരിത്യാഗത്തോടെ സെഹിയോൻ മലയകയറിയ എല്ലാവരും അഭിഷേകാഗ്നി മല ഇറങ്ങിയത് ഇരട്ടി ചെതന്യത്തോടെ ആത്മീയ തീക്ഷ്ണതയോടെ ആയിരുന്നുവെന്ന് ധ്യാനത്തിൽ സംബന്ധിച്ചവർ പങ്കുവെക്കുന്നു. സഹകരിച്ച എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദിപറയുന്നു.

**ഫാ. സിജോ അരിക്കാട്ട്** — ഡയറക്ടർ

**സി. റൊസീന ഡേവീസ് എഫ്. സി. സി.** — സെക്രട്ടറി

# ലീജിയൻ ഓഫ് മേരി

1921 സെപ്തംബർ 7–ാം തിയതിയാണ് അയർലണ്ടിൽ ഒരു അൽമായനായ ബ്ര ഫ്രാങ്ക് ഡാഫ് ലീജിയൻ ഓഫ് മേരി സംഘടന ആരംഭിച്ചത്. ബ്ര. ഫ്രാങ്ക് ഡഫ് വിശുദ്ധ ഗണത്തിലാണിപ്പോൾ. ആഗോള തലത്തിൽ പ്രവർത്തിക്കുന്ന സംഘടനയുടെ കേന്ദ്രസമിതിയെ 'കൗൺസിലീയം" എന്ന പേരിലാണ് അറിയപ്പെടുക. കൗൺസിലീയത്തിന് കീഴിൽ വിവിധ രാഷ്ട്രങ്ങളിൽ 'സെനാത്തൂസുകൾ' പ്രവർത്തിക്കുന്ന ഇന്ത്യയിലെ 3 സെനാത്തൂസുകൾ ബോംബെ, മദ്രാസ്, കേരളം എന്നിവിടങ്ങളിലാണ്. സംസ്ഥാന തലത്തിലുള്ള കേരള സെനാത്തൂസ് പാലായിലാണ്. സെനാത്തൂസിന് കീഴിലാണ് രൂപത തലത്തിലുള്ള സമിതിയായ 'കമ്മീസിയം' പ്രവർത്തിക്കുന്നത്. കമ്മീസിയത്തിന് കീഴിൽ 4 ഓ, 5 ഓ പ്രസീദിയങ്ങളെ സംയോജിപ്പിച്ച് 'കൂരിയായും' ഇടവക തലത്തിൽ "പ്രസീദിയവും എന്ന പേരിൽ സംഘടന പ്രവർത്തിച്ചുവരുന്നു. 1955 നവംബർ 1–ാം തിയതിയാണ് നമ്മുടെ രൂപതയിൽ ലീജിയൻ ആരംഭിച്ചത്.

അമലോത്ഭവ മാതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രവർത്തിക്കുന്ന ഈ മരിയ സൈനികർ മാർച്ച് മാസത്തിൽ പരി. അമ്മയുടെ മംഗളവാർത്ത തിരുനാളിനോടനുബന്ധിച്ച് കമ്മീസിയം തലത്തിലുള്ള കൂരിയാ തലത്തിലും വർഷത്തിലൊരിക്കൽ പ്രതിജ്ഞ പുതുക്കുന്ന ആച്ചിയസ് ചടങ്ങിൽ എല്ലാ മരിയ സൈനീകരും പരി. അമ്മയുടെ കൊടിക്കീഴിൽ അണിനിരന്നുകൊണ്ട് 'എന്റെ രാഞ്ജി, എന്റെ മാതാവെ, ഞാൻ നിന്റേതാകുന്നു.

തൃശ്ശൂർ കമ്മീസിയത്തിന് കീഴിൽ തൃശ്ശൂർ, ഒല്ലൂർ, പുതുക്കാട്, പറവട്ടാനി, പാവറട്ടി, പഴുവിൽ, ചേർപ്പ്, കുരിയച്ചിറ, കാഞ്ഞിരപ്പുഴ, കൂരിയാക്ക് പുറമെ ബഹു. മൂലനച്ചൻ ആദ്ധ്യാത്മിക നിയന്താവായതിനുശേഷം പള്ളിക്കുന്ന് മര

ത്താക്കര കണ്ടശ്ശാംകടവ്, പടിഞ്ഞാറെകോട്ട, ലൂർദ്ദ്, ഏനാമാക്കൽ എന്നിവിടങ്ങളിൽ കൂരിയ സ്ഥാപിച്ചിട്ടുണ്ട്. 2017 മാർച്ച് 25ന് വടക്കാഞ്ചേരിയിൽ പുതിയ കൂരിയ പ്രവർത്തനമാരംഭിച്ചു. പ്രസീദിയങ്ങൾക്ക് പുറമെ കമ്മീസിയത്തിന് കീഴിൽ 16 കൂരിയാകൾ പ്രവർത്തിച്ചുവരുന്നു.

വടക്കാഞ്ചേരി കൂരിയ : വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവിയറിന്റെ ഫൊറോന പള്ളിയിൽ അതിരൂപത വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ പുതിയ കൂരിയ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരിയും, പുതിയ കൂരിയ ആദ്ധ്യാത്മിക നിയന്താവുമായ റവ. ഫാ. തോബിയാസ് ചാലക്കൽ അദ്ധ്യക്ഷത വഹിച്ചു. പുതിയ കൂരിയ ഭാരവാഹികളായി ബ്ര. പോൾ നീണ്ടശ്ശേരി (കരുമത്ര പ്രസിഡന്റ്) വൈസ് പ്രസിഡന്റ് സി. ആനി മാത്യു (വടക്കാഞ്ചേരി), സെക്രട്ടറി സി. ജെസി ഫ്രാൻസീസ് (മച്ചാട്) ബ്ര. തോമസ് (വടക്കാഞ്ചേരി) എന്നിവരെ തിരഞ്ഞെടുത്തു. യോഗത്തിൽ സി. സിസിലി ജോസ് സ്വാഗതവും സി. ആനി മാത്യു നന്ദിയും പറഞ്ഞു. അടുത്ത കമ്മീസിയം മീറ്റിംഗ് മെയ് 7ന് ഞായറാഴ്ച കൂടുന്നതാണെന്നും അറിയിച്ചു.

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സി. എൽ.സി.

**1. ലോക സി. എൽ.സി. ദിനാഘോഷം വർണ്ണാഭമായി**

455-ാമത് ലോക സി.എൽ. സി ദിനാഘോഷം വർണ്ണാഭമായി. ആധുനിക കാലഘട്ടത്തിൽ ആദ്ധ്യാത്മിക തലത്തിലും സാമൂഹിക തലത്തിലും മരിയമക്കൾ സഭയോട് ചേർന്ന് പ്രവർത്തിക്കുന്നവരാകണമെന്ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ. പാവങ്ങളുടെ പക്ഷം ചേർന്ന് ക്രൈസ്തവ സഭ നടത്തുന്ന കാരുണ്യപ്രവർത്തനങ്ങളിലും മറ്റും സി. എൽ.സി. മരിയമക്കളുടെ സേവനം കൂടുതൽ ആവശ്യമാണെന്നും മാർ റാഫേൽ തട്ടിൽ പറഞ്ഞു. തൃശ്ശൂർ അതിരൂപത സി. എൽ.സിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 455-ാമത് ലോക സി. എൽ. സി. ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. തൃശ്ശൂർ അതിരൂപത സി. എൽ.സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ തോമസ് കാക്കശേരി പ്രവർത്തന പദ്ധതി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സി. എൽ. സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് സി. എൽ.സി. ദിന സന്ദേശം നൽകി. റവ. ഫാ. ഇഗ്നേഷ്യസ് നന്ദിക്കര അനുഗ്രഹ പ്രഭാഷണം നടത്തി. സി. എൽ. സിയിലൂടെ വളർന്ന് വിവിധ മേഖലകളിൽ പ്രവർത്തി

ക്കുന്ന പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലൈജു സി. എടക്കള ത്തൂർ, ദേശീയ സി. എൽ. സി. പ്രതിനിധി വിനേഷ് ജെ കൊളേങ്ങാടൻ സംസ്ഥാന സി. എൽ.സി. വൈസ് പ്രസിഡന്റ് ഡിൽജോ തരകൻ, മുഖ്യമ ന്ത്രിയുടെ സേവന മെഡൽ നേടിയ വിൻസെന്റ് പി. പി., 53 തവണ രക്തം ദാനം ചെയ്ത സ്റ്റൈജു പി. ജെ. എന്നിവരെ ആദരിച്ചു. പൂങ്കുന്നം സെന്റ് ജോസഫ്സ് ദേവാലയത്തിൽ വെച്ച് നടന്ന സമ്മേളനത്തിന് മുന്നോടിയായി മരിയൻ റാലി ഉണ്ടായിരുന്നു. സ്നേഹവിരുന്നോടെ സമാപിച്ചു. 500 ഓളം സി. എൽ.സി. പ്രവർത്തകർ പങ്കെടുത്തു.

**2. 5-ാം വർഷവും പാലയൂരിന്റെ തീർത്ഥാടന വീഥികൾ ശുചിത്വപൂർണ്ണ മാക്കി തൃശ്ശൂർ അതിരൂപത സി. എൽ.സി.**

5-ാം വർഷവും പാലയൂരിന്റെ തീർത്ഥാടന വീഥികളിലെ പ്ലാസ്റ്റിക് കുപ്പി കളും പ്ലാസ്റ്റിക് ഗ്ലാസ്സുകളും മറ്റു വസ്തുക്കളും ശുചിയാക്കി. "പാലയൂരിന്റെ ചരിത്രവീഥികൾ ശുചിത്വപൂർണ്ണമാകട്ടെ' എന്ന ആപ്തവാക്യവുമായി തൃശ്ശൂർ അതിരൂപത സി. എൽ. സി. ഈ വർഷവും 120 ഓളം വളണ്ടിയേഴ്സിന്റെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിലായി പ്രവർത്തനം നടത്തി. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും ഗോവൻ ആർച്ച്ബി ഷപ്പ് മാർ ഫിലിപ്പ് നേരിയും ചേർന്ന് ശുചിത്വപ്രവർത്തനം ഉദ്ഘാടനം ചെയ്തു. ചുട്ടുപൊള്ളുന്ന വെയിലിൽ തീർത്ഥാടകർ ഉപേക്ഷിക്കുന്ന കുപ്പി കളും ഗ്ലാസ്സുകളും മറ്റും ശേഖരിക്കുന്ന പ്രവർത്തനം വിവിധ മേഖലകളിൽ ഫൊറോന പ്രസിഡന്റുമാരുടെ നേതൃത്വത്തിലാണ് സംഘടിപ്പിച്ചത്.

**3. സംസ്ഥാന സി. എൽ. സി. ലോക സി. എൽ.സി. ദിനാഘോഷത്തിൽ തൃശ്ശൂർ അതിരൂപതയിൽ നിന്ന് പങ്കെടുത്തു.**

ചേർത്തലയിൽ വെച്ച് നടന്ന സംസ്ഥാന സി. എൽ. സി. ലോക സി. എൽ.സി. ദിനാഘോഷത്തിൽ തൃശ്ശൂർ അതിരൂപത സി. എൽ.സി. യിൽ നിന്ന് പങ്കെടുത്ത സംസ്ഥാന വൈസ് പ്രസിഡന്റ് ഡിൽജോ തരകൻ, നോബി മേനാ ച്ചേരി എന്നിവർ നേതൃത്വം നൽകി.

**4. സി.എൽ.സി. ലീഡേഴ്സ് മീറ്റ് നടത്തി**

തൃശ്ശൂർ അതിരൂപത സി. എൽ.സിയുടെ അതിരൂപത ഫൊറോന ഭാരവാ ഹികൾക്കായി ലീഡേഴ്സ് മീറ്റ് നടത്തി. തൃശ്ശൂർ അതിരൂപത അസി. പ്രൊമോ ട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത സി. എൽ.സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. മുൻ സംസ്ഥാന സി.എൽ.സി. പ്രസിഡന്റും മദ്യവിരുദ്ധ സംസ്ഥാന സെക്രട്ടറിയു മായ അഡ്വ. ചാർളി പോൾ ലീഡേഴ്സിനുള്ള ക്ലാസ്സ് നയിച്ചു. സംസ്ഥാന സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് മുഖ്യാതിഥിയാ

യിരുന്നു. മുൻ സംസ്ഥാന സി. എൽ.സി. പ്രസിഡന്റും നാഷണൽ പ്രതിനിധിയുമായ വിനേഷ് ജെ. കൊളേങ്ങാടൻ സി. എൽ. സി. 2017 വർഷ പ്രവർത്തന ക്രോഡീകരണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് ഡിൽഡോ തരകൻ, സെക്രട്ടറി സെബിൻ സി. കെ., ട്രഷറർ ബിനോയ് കാറളത്തുക്കാരൻ, ജോമി ജോൺസൺ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**5. ഫോർമേഷൻ ക്യാമ്പ് നടത്തി**

തൃശ്ശൂർ അതിരൂപത സി. എൽ.സി.യുടെ ഫോർമേഷൻ ക്യാമ്പ് ഏപ്രിൽ 21, 22, 23 തീയതികളിൽ സംഘടിപ്പിച്ചു. 70 ഓളം (സി. എൽ. സി. പ്രവർത്തകർ പങ്കെടുത്തു. മെയ് 12, 13, 14 തിയതികളിൽ ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ യൂണിറ്റ് പ്രസിഡന്റിനെയോ അതിരൂപതാ ഭാരവാഹികളെയോ അറിയിക്കേണ്ടതാണ്. 9847453368 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**6. കാരിത്ത ഒരു ദിനം ഒരു രൂപ പദ്ധതി**

അതിരൂപത സി. എൽ. സി.യുടെ 1 ദിനം 1 രൂപ പദ്ധതിയുടെ ഫണ്ടുകൾ ഇനിയും തിരികെ നൽകാത്തവർ എത്രയം വേഗം തിരികെ നൽകേണ്ടതാണ്. പുതിയ യൂണിറ്റുകളിലേക്കുള്ള പദ്ധതിയുടെ ബോക്സുകൾ ഫൊറോന പ്രസിഡന്റുമാർ വഴി നൽകുന്നതാണ്.

**7. പരിസ്ഥിതി ദിനാചരണവും വൃക്ഷതൈ പരിപാലനവും**

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 2017 ജൂൺ 4ന് ഞായറാഴ്ച അതിരൂപത സി.എൽ. സി. പരിസ്ഥിതി ദിനാചരണവും ഫൊറോന തല വൃക്ഷതൈ പരിപാലനവും വൃക്ഷതൈ നടീലും നടത്തുന്നു. വൃക്ഷതൈകൾ ഫൊറോന തലത്തിൽ നടത്തുന്നതിനായി ആവശ്യമുള്ളവർ അതിരൂപത ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

**8. പാലയൂർ തീർത്ഥാടന വഴിയിലെ അത്തിവൃക്ഷത്തിനെ പരിപാലിച്ച് – മാർ ആൻഡ്രൂസ് താഴത്ത്**

18–ാമത് പാലയൂർ മഹാതീർത്ഥാടനത്തിനോടനുബന്ധിച്ച് തീർത്ഥാടന വഴിയിൽ അഭിവന്ദ്യമാർ ആൻഡ്രൂസ് താഴത്ത് പിതാവ് നട്ടുപിടിപ്പിച്ച അത്തി വൃക്ഷത്തിൽ വെള്ളം ഒഴിച്ച് കൊണ്ട് 20–ാമത് പാലയൂർ തീർത്ഥാടനത്തിൽ വൃക്ഷത്തൈ പരിപാലനത്തിന്റെയും പ്രകൃതി സംരക്ഷണത്തിന്റെയും ആവശ്യകത പുതുതലമുറയ്ക്ക് പറഞ്ഞുകൊടുത്തു.

**റവ. ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ബിജിൽ സി. ജോസഫ്**
പ്രസിഡന്റ്

**റവ. ഫാ. ഫ്രജോ വാഴപ്പിള്ളി**
അസി. പ്രൊമോട്ടർ

**സെബിൻ സി. കെ.**
സെക്രട്ടറി

# പ്രൊഫഷണൽ സി. എൽ.സി.

**സീനിയർ സി. എൽ. സി. പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു.**

തൃശ്ശൂർ അതിരൂപതാ സീനിയർ സി. എൽ. സി. തൃശ്ശൂർ ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ മാർച്ച് 18, 19 ദിവസങ്ങളിലായി പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജെറോം മാളിയേക്കൽ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സി.എൽ.സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജെയിംസ് മുട്ടിക്കൽ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**റവ. ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജെയിംസ് മുട്ടിക്കൽ**
ജനറൽ സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി.സി. വാർത്തകൾ**

1. മരോട്ടിച്ചാൽ കോൺഫ്രൻസ് പ്രസിഡണ്ട് ബ്ര. പി. ജെ. വിൽസൺ കണ്ടശ്ശാംകടവ് ഏരിയ കൗൺസിലിന്റെ മുൻ പ്രസിഡണ്ട് ബ്ര. പി. കെ. കൊച്ചന്തോണി എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. ചേലക്കര എ.സി. പ്രസിഡണ്ടായി ബ്ര. സി.ഐ. വിൽസൺ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. പുതിയ പ്രസിഡണ്ടിന് സ്വാഗതവും മുൻ പ്രസിഡണ്ട് ബ്ര. ടോണി ജോസഫിന് നന്ദിയും രേഖപ്പെടുത്തി.
3. അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സെന്ററൽ കൗൺസിൽ അംഗങ്ങളെ സി.സി. യോഗം അനുമോദിച്ചു.
4. 12.03.2017 ഞായറാഴ്ച, 16 ഏരിയ കൗൺസിലുകളും പ്രാർത്ഥന ഉപവാസദിനമായി ആചരിച്ചു. ദിവ്യബലി, കൊന്ത, ആരാധന, കുരിശിന്റെ വഴി, ധ്യാനം എന്നിവയോടുകൂടിയാണ് പ്രാർത്ഥന ഉപവാസദിനം ആചരിച്ചത്. ഭൂരിഭാഗം വിൻസെൻഷ്യൻ പ്രവർത്തകരും പരിപാടികളിൽ സജീവമായി പങ്കുകൊണ്ടു.
5. കാരുണ്യസ്പർശം ഫണ്ടിൽ നിന്ന് മാർച്ച് 31 വരെ 6,57, 000/- രൂപ സഹായം വിതരണം ചെയ്തിരിക്കുന്നു.

6. മെയ് 7ന് സി. സി. ഓഫീസിൽ വെച്ച് നടത്തുന്ന പ്രത്യേകം യോഗത്തിൽ വെച്ച് റിസോഴ്സ് പേഴ്സൺസ് അംഗങ്ങൾക്ക് ഐഡന്റിറ്റികാർഡും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്.
7. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും ഈസ്റ്റർ ആശംസകൾ നേർന്നു.

| | | |
|---|---|---|
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |
| റവ. ഡോ. ആന്റണി ചെമ്പകശ്ശേരി | ബ്ര. കെ. എ. ഷിബു | ബ്ര. കെ. കെ. പോൾസൺ |

# കത്തോലിക്ക കോൺഗ്രസ്സ്

## ബാലവകാശ നിയമങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തി

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ കുട്ടികളെ സംരക്ഷിക്കാനുള്ള ബാലവകാശ നിയമമായ 'പോക്സോ – 2012' നെക്കുറിച്ച് കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ചർച്ച ക്ലാസ്സ് നടത്തി. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. പയസ്സ് മാത്യൂ ചർച്ചകൾക്കു നേതൃത്വം നൽകി. അതിരൂപത കത്തോലിക്ക കോൺഗ്രസ്സ് പ്രസിഡന്റ് പ്രൊഫ. കെ. എം. ഫ്രാൻസീസ് അദ്ധ്യക്ഷത വഹിച്ച സെമിനാർ വികാരി ജനറൽ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു.

## ജലവും ഊർജ്ജവും സംരക്ഷിക്കുക

തൃശ്ശൂർ അതിരൂപത കോൺഗ്രസ്സ് സമിതിയുടെ നേതൃത്വത്തിൽ 'ജലവും ഊർജ്ജവും സംരക്ഷിക്കുക' എന്ന മുദ്രാവാക്യുവുമായി തൃശ്ശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന പരിസ്ഥിതി സംരക്ഷണ പ്രചരണ പരിപാടി സി. ബി. സി.ഐ. വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ്പ് മാർ ഫിലിപ്പ് നേരി ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിന്റെ അടിസ്ഥാന ഘടകം ലളിതജീവിതവും ജലം, ഊർജ്ജം എന്നിവയുടെ മിതവ്യയവുമാണെന്ന് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ആഹ്വാനം ചെയ്തു. ബിഷപ് മാർ റാഫേൽ തട്ടിൽ, മാർ പാസ്റ്റർ നീലങ്കാവിൽ, കത്തോലിക്ക കോൺഗ്രസ്സ് സാർവ്വദേശീയ ഡയറക്ടർ ഫാ. ജിയോ കടവി, എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

## പാലയൂർ ജാഗരണ പദയാത്രക്കു നേതൃത്വം നൽകി.

20–ാമത് പാലയൂർ മഹാതീർത്ഥാടനത്തിന്റെ ഭാഗമായി മാർച്ച് 24–ാം തിയതി രാത്രി 9 മണിക്കു തൃശ്ശൂർ പുത്തൻപള്ളിയിൽ നിന്നാരംഭിച്ച ജാഗ

രണ പദയാത്രക്കു കത്തോലിക്ക കോൺഗ്രസ്സും കെ.സി.വൈ.എംമ്മും സംയുക്തമായി നേതൃത്വം നൽകി. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് കത്തോലിക്ക കോൺഗ്രസ്സ് ഡയറക്ടർ ഫാ. ജിയോ കടവി, കെ. സി.വൈ. എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, എന്നിവർക്കു പതാക കൈമാറിക്കൊണ്ട് പദയാത്ര ഉദ്ഘാടനം ചെയ്തു. എഴുന്നൂറോളം വിശ്വാസികൾ പദയാത്രയിൽ പങ്കെടുത്തു.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**പ്രൊഫ. കെ.എം. ഫ്രാൻസീസ്**
പ്രസിഡന്റ്

**ഡേവീസ് പുത്തൂർ**
ജന, സെക്രട്ടറി

# കെ. സി. വൈ. എം.

## പാലയൂർ ജാഗരണ പദയാത്രക്കു നേതൃത്വം നൽകി

20-ാമത് പാലയൂർ മഹാതീർത്ഥാടനത്തിന്റെ ഭാഗമായി മാർച്ച് 24-ാം തിയ്യതി രാത്രി 9 മണിക്കു തൃശ്ശൂർ പുത്തൻപള്ളിയിൽ നിന്നാരംഭിച്ച ജാഗരണ പദയാത്രക്കു കെ.സി.വൈ.എമ്മും കത്തോലിക്ക കോൺഗ്രസ്സും സംയുക്തമായി നേതൃത്വം നൽകി. കെ.സി.വൈ.എം. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, കത്തോലിക്ക കോൺഗ്രസ്സ് ഡയറക്ടർ ഫാ. ജിയോ കടവി എന്നിവർക്കു പതാക കൈമാറിക്കൊണ്ട് പദയാത്ര ഉദ്ഘാടനം ചെയ്തു. ഫാ. ജോയ്സൺ കോരെത്ത്, ഫാ. ജെറിൻ അരിമ്പൂർ, അനൂപ് പുന്നപ്പുഴ, ജിയോ ജോൺ, സിജോ എൻ. പി., ആന്റോ തൊറയൻ, സാജൻ ചിയ്യാരം, ജോൺസൺ ജോർജ്ജ്, ആനന്ദ് തുഞ്ചപ്പൻ, ഷിബു കാഞ്ഞിരത്തിങ്കൽ എന്നിവർ നേതൃത്വം നൽകി. എഴുന്നോറോളം വിശ്വാസികൾ പദയാത്രയിൽ പങ്കെടുത്തു.

## പീഢാനുഭവ യാത്ര നടത്തി

തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. സമതിയുടെ ആഭിമുഖ്യത്തിൽ വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് മൗണ്ടിലേക്ക് പീഢാനുഭവ യാത്ര (കുരിശിന്റെ വഴി) നടത്തി. യുവജനങ്ങളുടെ ആത്മീയമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട്, സഭ നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിഞ്ഞുകൊണ്ട് മുന്നേറുവാൻ യുവജന കൂട്ടായ്മയ്ക്കു സാധിക്കണമെങ്കിൽ ശക്തമായ പ്രാർത്ഥനയും സഹനവും അത്യന്താപേക്ഷിതമാണ്. കർത്താവിന്റെ പീഢാനുഭവ സ്മരണകൾ ഹൃദയത്തിലേറ്റെടുത്തുകൊണ്ട് ശക്തിപ്രാപിക്കുവാനും വിശ്വാസ തീക്ഷ്ണതയുള്ളവരുമായി മാറുന്നതിനും വേണ്ടി സഹനത്തിന്റെ തീച്ചൂളയിൽ സ്വയം വെന്തുരുകുക തയ്യാറായ ദിവ്യകാരുണ്യ നാഥനോടൊപ്പം കുരിശും പേറികൊണ്ടാണ് തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. സമതി

വടക്കാഞ്ചേരി സെ.ഫ്രാൻസീസ് മൗണ്ടിലേക്ക് പീഢാനുഭവ യാത്ര (കുരിശിന്റെ വഴി) നടത്തിയത്. പീഢാനുഭവ യാത്രക്കു ശേഷം അതിരൂപത ചാൻസിലർ റവ. ഫാ. സണ്ണി കുറ്റിക്കോട്ടയിൽ-ന്റെ പീഢാനുഭവ സന്ദേശവും ഉണ്ടായിരുന്നു. പീഡാനുഭവ യാത്രയിൽ 250-ഓളം യുവതി യുവാക്കൾ പങ്കെടുത്തു.

പെസഹാ വ്യാഴാഴ്ച വൈകീട്ട് 8 മണിക്ക് നടത്തിയ പീഢാനുഭവ യാത്രക്ക് അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള, പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ, ജനറൽ സെക്രട്ടറി ജിയോ ജോൺ കൺവീനർവില്യംസ് എന്നിവർ നേതൃത്വം നൽകി.

| | | |
|---|---|---|
| **ഫാ. ഡിറ്റോ കൂള** | **അനൂപ് പുന്നപ്പുഴ** | **ജിയോ ജോൺ** |
| ഡയറക്ടർ | പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

# മാർ അഡോൾഫ് മെഡ്‌ലിക്കോട്ട്

# ചരമശതാബ്ദി

## ചരിത്രസെമിനാർ

**2017 മെയ് 8 ഡി.ബി.സി. എൽ. സി. ഹാളിൽ വെച്ച്**
**രാവിലെ 9 മുതൽ 12.30 വരെ**

**പ്രോഗ്രാം**

| | | |
|---|---|---|
| 9.00 am | : | രജിസ്ട്രേഷൻ |
| 9.30 | : | ഉദ്ഘാടനം<br>**മാർ ആൻഡ്രൂസ് താഴത്ത്**<br>(തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത) |
| 10.00 | : | Ist Talk : **പ്രൊഫ റവ. ഡോ. കെ. എസ്. മാത്യു**<br>Professor and founder head o the department of history at pondichery university)<br>(തൃശ്ശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിക്കുന്നതിനുമുൻപുള്ള സുറിയാനി കത്തോലിക്കരുടെ സാമൂഹിക, സഭാപരമായ ചരിത്രപശ്ചാത്തലം (1800 – 1887) |
| 10.45 | : | ചോദ്യോത്തരവേള |
| 11.00 | : | ഇടവേള |
| 11.15 | : | IInd Talk **റവ. ഡോ. ഡെമിൻ തറയിൽ**<br>മാർ മെഡ്‌ലിക്കോട്ട് തൃശ്ശൂർ വികാരിയത്തിന്റെ ശില്പി<br>വ്യക്തിയും ജീവിതവും |
| 12.00 | : | ചോദ്യോത്തരവേള |
| 12.15 | : | സമാപനം, പുസ്തകപ്രകാശനം |
| 12.30 | : | ഉച്ചഭക്ഷണം |

*അതിരൂപതയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ വൈദികരും അതിരൂപതയിലെ എല്ലാ സന്യാസഭവനങ്ങളിൽ നിന്നുള്ള സുപ്പീരിയേഴ്സ് / ഒരു പ്രതിനിധി, ഇടവകയുടെ നടത്തുകൈക്കാരൻ / കൈക്കാരന്മാരുടെ ഒരു പ്രതിനിധി, എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എന്നിവരാണ് പങ്കെടുക്കേണ്ടത്.*

# പാവനസ്മരണയ്ക്ക്



# മാർ ഫ്രാൻസീസ് വാഴപ്പിള്ളി

പ്രാർത്ഥനാപൂർവ്വം :

തൃശൂർ അതിരൂപത

മെയ് 1 ന്

മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന

**മാർ ആൻഡ്രൂസ് പിതാവിന്**



**തൃശൂർ അതിരൂപത മക്കളുടെ പ്രാർത്ഥനാശംസകൾ**

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.04.2017
May 2017

# പാവനസ്മരണയിൽ



## മാർ അഡോൾഫ് മെഡ്ലിക്കോട്ട്

(1838 – 1918)

ചരമശതാബ്ദി ആരംഭം

Edited, Printed & Published by **Rev. Fr. Nysson Alanthanath ,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005